# സത്യദൂതൻ

2015 നവംബർ, ഡിസംബർ | ലക്കം 11

വില ₹ 20




## ദൈവാസ്തിക്യം:
## വിശുദ്ധ ഖുർആനിക/ ശാസ്ത്രസത്യങ്ങളുടെ വെളിച്ചത്തിൽ

## കണ്ണൂരിൽ വച്ച് നടന്ന സംസ്ഥാന ശതാബ്ദി സമ്മേളനത്തിൽ നിന്നുള്ള ദൃശ്യങ്ങൾ









The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2015 നവംബർ - ഡിസംബർ
ഹി.ശ.1395 - ഫത്ഹ്
11437 - സഫർ - റ.അവ്വൽ
പുസ്തകം 87 ലക്കം 11
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**മസ്ജിദിനോടുള്ള കടമ നിറവേറ്റുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
ജപ്പാനിലെ ഏറ്റവും വലുതും ആദ്യത്തെ അഹ്മദിയ്യാ മസ്ജിദുമായ ബയ്ത്തുൽ അഹദ് ഉദ്ഘാടനം ചെയ്തു കൊണ്ട് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു..) 20.11. 2015ന് നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**12**
**അഹ്മദിയ്യത്തിന്റെ സംഭാവനകൾ**
സുൽത്താൻ നസീർ
കേരള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നൂറാം വാർഷികത്തോടനു ബന്ധിച്ച് കണ്ണൂരിൽ നടന്ന സംസ്ഥാനസമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം



**19**
**ദൈവാസ്തിക്യം**
**വിശുദ്ധ ഖുർആനിക/ ശാസ്ത്രസത്യങ്ങളുടെ വെളിച്ചത്തിൽ**
ഇ. എച്ച്. നജീബ്

**25**
**വിവാഹ മോചനത്തിന്റെ അനന്തര ഫലങ്ങൾ**
ഡോ. കൗസർ എടപ്പകത്ത്

**29**
**രമ്യമനോഹരമായപ്രപഞ്ച വ്യവസ്ഥ**
മുഹമ്മദ് സഫറുല്ലാഹ്ഖാൻ
രമ്യമനോഹരമായി അല്ലാഹു സൃഷ്ടിച്ച ഈ പ്രപഞ്ചവ്യവസ്ഥയുടെ സന്തുലനാവസ്ഥയിൽ നിന്ന് എണ്ണിയാലൊടുങ്ങാത്ത കാരുണ്യങ്ങ ളാണ് പ്രവഹിക്കുന്നത്

**32**
**ഹിന്ദുത്വവും ഹിന്ദുക്കളും**
എൻ. അബ്ദുർറഹീം

**35**
**അമീറുൽ മുഅ്മിനീന്റെ വിശുദ്ധ സവിധത്തിൽ**
മൗലവി കെ. ഖമറുദ്ദീൻ

**40**
**തുർക്കി റഷ്യാ സംഘർഷം**
മുസാഫിർ

**42**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ അവരത്രെ. അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ **(13: 29)**





## നബിവചനം

ഏറ്റവും നല്ല തൊഴിൽ ഏതാണെന്ന് ആരോ ഒരിക്കൽ ചോദിച്ചു. നബി തിരുമേനി (സ) മറുപടി പറഞ്ഞു: കൈകൊണ്ടുള്ള പ്രവൃത്തി. കുതന്ത്രവും ചതിയും ഇല്ലെങ്കിൽ സാധനങ്ങൾ വിലക്കെടുകുകയും വിൽക്കുകയും ചെയ്യുന്നതും. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

### ധൃതിപ്പെടാതെ ശാന്തരായി ചിന്തിക്കൂ

ഒരൊറ്റ ആളും എന്നോടൊപ്പം ചേരാതിരിക്കുകയും എല്ലാവരും എന്നെ വിട്ടു പിരിയുകയും ചെയ്താലും എനിക്ക് ഭയമില്ല. ദൈവം എന്നോടൊപ്പം ഉണ്ടെന്ന് എനിക്കറിയാം. ഞാൻ അരച്ചു ധൂളിക്കപ്പെടുകയും ഇടിച്ചു ചതക്കപ്പെടുകയും ഒരു അണുവോളം നിസ്സാരനായി തീരുകയും എല്ലാ ഭാഗത്ത് നിന്നും അവഹേളനത്തേയും ശകാര വർഷത്തേയും ശാപവാക്കുകളും മാത്രം നേരിടേണ്ടി വരുകയും ചെയ്താലും ഞാൻ തന്നെ ഒടുവിൽ വി ജശ്രീലാളിതനായി തീരുന്നതാണ്. എന്നോടൊപ്പമുള്ളവരല്ലാതെ എന്നെ അറിയുന്നില്ല. ഞാൻ ഒരിക്കലും നശിച്ചു പോകുകയില്ല. ശത്രുക്കളുടെ പ്രയത്നങ്ങൾ വൃഥാവിലാണ്. അസൂയാലുക്കളുടെ ആലോചനകൾ അസാധ്യങ്ങളാണ് .

**(അൻവാറുൽ ഇസ്ലാം)**



എഡിറ്റോറിയൽ

# കേരളം: അഹ്മദിയ്യാ ജമാഅത്ത് നൂറിന്റെ നിറവിൽ
# 1915 – 2015

ചരിത്ര നിയോഗങ്ങളുടെ രംഗഭൂമിയാണ് കേരളം. അറബിക്കടലിന്റെ ഈ ദാനഭൂമിയിൽ പാദമൂന്നിയാണ് മനുഷ്യ ഭാഗധേയം നിർണയിച്ച പലരും ചരിത്രാതീതകാലം മുതൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിലേക്ക് കടന്ന് വന്നത്. മദ്ധ്യപൗരസ്ത്യ ദേശത്തെ കച്ചവടക്കാർ ചൈനീസ് സഞ്ചാരികൾ, റോമക്കാർ, ഫൊണീഷ്യർ, യഹൂദർ, അറബികൾ, യഹൂദരെ തേടിയെത്തിയ ക്രിസ്തു ശിഷ്യനായ സെന്റ് തോമസ്, ഇസ്‌ലാംമത പ്രചാരകൻ ഹദ്റത്ത് മാലിക്ബ്നു ദീനാർ , പാശ്ചാത്യ നാഗരികതയുടെ ആദ്യത്തെ പ്രതിനിധി വാസ്കോഡ ഗാമ, ലന്തക്കാർ, ഫ്രഞ്ചുകാർ തുടങ്ങി അതിഥികൾക്കും അധിനിവേശക്കാർക്കും കേരളം സ്വാഗതമരുളി. ഇസ്‌ലാം എന്നും ഈ ഭൂമിയുടെ അഭിനിവേശമായിരുന്നു. അങ്ങകലെ അറേബ്യയിൽ സാർവ ജനീന പ്രവാചകനായ റസൂൽ തിരുമേനി (സ)യുടെ ദിവ്യദൃഷ്ടാന്തം വാനലോകത്ത് പ്രത്യക്ഷമായപ്പോൾ മഹാത്മാ ബുദ്ധനെ (അ) നെപ്പോലെ ചെങ്കോലും സിംഹാസനവും ഉപേക്ഷിച്ച് സത്യത്തിന്റെ വിളികേട്ട് പലായനം ചെയ്ത കേരള ചക്രവർത്തി ചേരമാൻ പെരുമാളിന്റെ നാടാണ് ഇത്.

ചരിത്ര നദി കേരളീയ ജനപഥങ്ങളിലൂടെ നൂറ്റാണ്ടുകൾ വീണ്ടും ഒഴുകി. ഇസ്‌ലാമിൽ ആത്മീയ വിപ്ലവത്തിന്റെ രണ്ടാമൂഴം സമാഗതമായി. ദൈവ പ്രേഷിതനായെത്തുന്ന തന്റെ പ്രിയ മസീഹിനെ ആശംസിക്കാൻ റസൂൽ തിരുമേനി (സ) ഏൽപ്പിച്ച സലാമുമായി ലോകമുസ്‌ലിംകൾക്കൊപ്പം മാപ്പിള കേരളവും കാത്തിരുന്നു. പക്ഷേ നിറം പിടിപ്പിച്ച ലൗകിക കാമനകളുടെ ദൗത്യ നിർവാഹകനായിട്ടായിരുന്നു ലോക മുസ്‌ലിംകൾ വാഗ്ദത്ത മസീഹിനെ പ്രതീക്ഷിച്ചത്.

അടയാളങ്ങളുടെ നിറവിൽ വാഗ്ദത്ത മസീഹ് സത്യസമേതം സമാഗതനായപ്പോൾ അല്ലാഹു അയക്കുന്ന ദൈവദൂതന്മാർക്ക് സംഭവിക്കുന്നത് തന്നെ അദ്ദേഹത്തിനും സംഭവിച്ചു. വാഗ്ദത്ത മസീഹ് ബഹുഭൂരിപക്ഷത്താൽ നിഷേധിക്കപ്പെടുകയും നിരാകരിക്കപ്പെടുകയും ചെയ്തു. രാജകീയ അധികാരങ്ങളോടെ മസീഹ് വരുമെന്ന പ്രതീക്ഷയിൽ കാത്തിരുന്ന യഹൂദികൾക്ക് മുമ്പിൽ നിസ്വനും വിനീതനുമായി വന്ന ഈസാ മസീഹ് ക്രൂരമായി നിരാകരിക്കപ്പെട്ട ചരിത്രം ഒരു പാഠമായി മുസ്‌ലിംകളുടെ മുമ്പിലുണ്ടായിരുന്നു.എന്നിട്ടും റസൂൽ തിരുമേനി (സ) യുടെ മസീഹും ഭരണം കൈയേൽക്കാൻ വാളും കയ്യിലേന്തി മലാഖമാർ സഹിതം ആകാശത്ത് നിന്ന് അവരോഹിതനാകുമെന്ന് മുസ്‌ലിംകളും വിശ്വസിച്ചു. ചെങ്കോലും സിംഹാസനവും ഉപേക്ഷിച്ച് റസൂൽ തിരുമേനി (സ) യെ സ്വീകരിച്ച മഹാനായ കേരളീയ ചക്രവർത്തിയുടെ പാരമ്പര്യമുള്ള കേരളീയ മുസ്‌ലിം സമൂഹവും ഈ മിഥ്യാ പ്രലോഭനങ്ങളിൽ വശംവദരായിരുന്നു. ഹദ്റത്ത് ഈസാ (അ) പോലെ ആഗതനായ വാഗ്ദത്ത മസീഹും ബഹുഭൂരിപക്ഷത്താൽ നിരാകരിക്കപ്പെടുകയായിരുന്നു. പക്ഷേ പെരുമാൾ ഭരണത്തിന്റെ പരിശിഷ്ടമായ അറക്കൽ രാജവംശത്തിന്റെ തിരുമുറ്റത്ത്നിന്നു തന്നെ റസൂൽ തിരുമേനിയുടെ (സ) മസീഹിന്റെ വിളി കേൾക്കാൻ ആളുകളുണ്ടായി. ഭൂമിയിലെ മാലാഖമാരായിരുന്ന അവർ സഹ്യപർവതം പോലെ സത്യമാർഗത്തിൽ സ്ഥൈര്യമവലംബിച്ചുനിന്നു. മസീഹിന്റെ സ്വീകർത്താക്കളായ ആ വിശുദ്ധ സംഘം സഹിച്ച അറ്റമില്ലാത്ത പരീക്ഷണങ്ങളുടെ ഈറ്റുനോവിൽ 1915 നവംബർ 23–ാം തീയതി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേരളത്തിൽ ജന്മം കൊണ്ടു. റസൂൽ തിരുമേനി(സ) യോട് മുസ്‌ലിംകൾ ചെയ്ത കരാർ കേരളത്തിൽ സഫലമാവുകയായിരുന്നു. ഇസ്‌ലാമിന്റെ നിർവ്യാജമായ ആത്മീയ മോക്ഷവും ആത്മീയ സുരഭിലമായ മനുഷ്യ സ്നേഹവും ലോകത്ത് സ്ഥാപിക്കാൻ വാഗ്ദത്ത മസീഹ് സ്ഥാപിച്ച ആഗോള അഹ്മദിയ്യാ ഖിലാഫത്തുമായി കേരളീയ മുസ്‌ലിം സമൂഹം അങ്ങനെ കണ്ണികോർക്കപ്പെട്ടു. അഹ്മദിയ്യാ ജമാഅത്ത് അതിന്റെ സംഭവബഹുലമായ നൂറ് സംവത്സരങ്ങൾ കേരളത്തിൽ പിന്നിടുകയാണ്. പ്രതിബന്ധങ്ങളും എതിർപ്പും അവസാനിച്ചിട്ടില്ല. എങ്കിലും ഈ ചരിത്ര മുഹൂർത്തത്തിൽ ജമാഅത്തിനെ തളരാതെ വിജയ സോപാനത്തിലേക്ക് നടത്തിക്കൊണ്ട് പോകുന്ന സർവ ശക്തനായ അല്ലാഹുവിന്ന് സകല ചരിത്രസ്മൃതികളും ഹൃദയത്തിലൊതുക്കിക്കൊണ്ട് സർവ സ്തുതികളുമർപ്പിക്കുന്നു.



ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യസമൂഹത്തിന്റെ ഐക്യം

അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ ശാശ്വതമായ ദൈവിക ദാസ്യത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട മന്യുഷ്യ സമുദായ ത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരി ക്കുന്നത്. വംശവർധന കാരണം മനുഷ്യസമുദാ യത്തിൽ രൂപപ്പെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണമായ മനുഷ്യൈക്യത്തിന് വേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യ സമുദായത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചു കൊണ്ട് പിന്നീട് പൂർണ മായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കു വാനായിട്ടാണ് ദൈവം ഇച്ഛിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിനും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുന്നതിന്ന് സൗകര്യവും എളുപ്പവും ഉണ്ടാക്കുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവി ക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം. സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളെയും ഒരു സമുദായ മാക്കി ഒന്നിപ്പിക്കുവാനാണ് ദൈവം ഇച്ഛിക്കു ന്നത്. ഉദാഹരണമായി ഒരാൾ ഒരുതോട്ടം നിർമിക്കുവാൻ ഇച്ഛിക്കുന്നുവെന്നിരിക്കട്ടെ, തോട്ടത്തിൽ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കു കയും അതിൽ പിന്നെ തോട്ടത്തിന് ചുറ്റുമായി മതിൽ കെട്ടി വൃക്ഷങ്ങളെയെല്ലാം ഒരൊറ്റ വൃത്ത ത്തിൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേക്ക് തന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകി യിരിക്കുന്നത്.

***'ഓ ലോകത്തിന്റെ വിവിധ നബിമാരെ വിവിധ സമുദായങ്ങളിൽ നിന്ന് ലോകത്ത് ഒരുമിച്ച്കൂട്ടി യിട്ടുള്ള ഈ മുസ്‌ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായമാകുന്നു. അവർ എല്ലാ വരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആയിരിക്കയാൽ നിങ്ങളെല്ലാവരും ചേർന്ന് എന്നെ ആരാധിക്കുവീൻ.' (21: 93)***

ഈ അനുക്രമങ്ങളായ ഐക്യത്തിന്റെ ഉദാഹരണം ഇതാണ്. ഓരോ മഹല്ലുകളിലേയും ആളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചു നേരം ഒരുമിച്ചു കൂടുന്നതിന് കൽപ്പിച്ചു. പിന്നീട് ഈ പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം ജാമിയാ മസ്ജിദിൽ എന്ന് വെച്ചാൽ എല്ലാവർക്കും ഒരുമിച്ചു കൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കൽപ്പിച്ചു. പിന്നെ കൊല്ലത്തിലൊരി ക്കൽ മുഴുവൻ നഗരത്തിലേയും ചുറ്റുവട്ടത്തിലെ ഗ്രാമങ്ങളിലേയും ജനങ്ങൾ ഈദ് ഗാഹിൽ ഒന്നിച്ചു ചേരാൻ കൽപ്പിച്ചു. പിന്നെ ജീവിത ത്തിൽ ഒരിക്കൽ ലോകത്ത് മുഴുവനുമുള്ള ജനങ്ങൾ ഹജ്ജിന്റെ അവസരത്തിൽ ഒരിടത്ത് അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കു വാനും കൽപ്പിച്ചു. അങ്ങനെ അല്ലാഹു ക്രമ ത്തിൽ ക്രമത്തിലായി സമുദായത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർണതയിൽ എത്തിച്ചു.

**(ചശ്മെ മഅ്രിഫ 137)**

# മസ്ജിദിനോടുള്ള കടമ നിറവേറ്റുക



ജപ്പാനിലെ ഏറ്റവും വലുതും ആദ്യത്തെ അഹ്മദിയ്യാ മസ്ജിദുമായ ബയ്ത്തുൽ അഹദ് ഉദ്ഘാടനം ചെയ്തു കൊണ്ട് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു..) 20.11. 2015ന് നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**"ഭൂ**മിയിൽ നാം അവർക്ക് സ്വാധീനം നല്കിയാൽ നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും നല്ല കാര്യങ്ങൾ കല്പിക്കുകയും നിഷിദ്ധകാര്യങ്ങൾ നിരോധിക്കുകയും ചെയ്യുന്നവരായിരിക്കുമവർ. സകലകാര്യങ്ങളുടേയും പര്യവസാനം അല്ലാഹുവിനാകുന്നു." (22:42)

അൽഹംദുലില്ലാഹ്. ഇന്ന് ജപ്പാനിലെ അഹ്മദിയ്യാ ജമാഅത്തിന് തങ്ങളുടെ ആദ്യമസ്ജിദിൽ നമസ്കരിക്കാനുള്ള തൗഫീഖ് കിട്ടിയിരിക്കുകയാണ്. അല്ലാഹു ഇതിന്റെ സമർപ്പണം എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ.

മസ്ജിദ് നിർമിച്ചതുകൊണ്ട് നമ്മുടെ ഉദ്ദേശ്യം പൂർത്തിയായി എന്ന് നമുക്ക് പറയാൻ പറ്റുകയില്ല. നാം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ബയ്അത്ത് ചെയ്തതിന്റെ ലക്ഷ്യം കരസ്ഥമാക്കാൻ ശ്രമിക്കുമ്പോഴാണ് നമ്മുടെ ഉദ്ദേശ്യം പൂർത്തിയാകുന്നത്. ആ ഉദ്ദേശ്യം അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുകയും അവനെ ആരാധിക്കുക എന്ന കടമ നിറവേറ്റുകയും ചെയ്യുക എന്നതാണ്.

നാം അവന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കുന്നവരും നമ്മുടെ കർമപരമായ അവസ്ഥ നോക്കിക്കൊണ്ട് അതിന്റെ ഉന്നത നിലവാരം കരസ്ഥമാക്കുന്നവരുമാകണം. നമ്മൾ ഇസ്ലാമിന്റെ മനോഹരമായ സന്ദേശവും അധ്യാപനവും ഈ ജനതയിലെ ഓരോരുത്തർക്കും എത്തിച്ചുകൊടുക്കുന്നവരാകണം. ജപ്പാന് മതസ്വാതന്ത്ര്യം ലഭിക്കുകയും ജപ്പാൻകാർക്ക് മതത്തിലേക്ക് ചായ്വുണ്ടാകുകയും ചെയ്തപ്പോൾ ഇസ്ലാമിലേക്കും അവർക്ക് ശ്രദ്ധയുണ്ടായി. ഇക്കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞപ്പോൾ, ജപ്പാൻകാർക്ക് യഥാർഥ ഇസ്ലാം എത്തിച്ചുകൊടുക്കണമെന്നുള്ള അതിയായ ആഗ്രഹം ആ മഹാത്മാവ് പ്രകടിപ്പിച്ചു. 'മറ്റു മുസ്ലിംകൾ വഹ്യുടെ കവാടം അടച്ചുകൊണ്ട് തങ്ങളുടെ മതത്തെ മൃതമാക്കിക്കഴിഞ്ഞിരിക്കുന്നു.' അവിടന്ന് വളരെ വേദനയോടെ പറഞ്ഞു: 'വഹ്യുടെ കവാടം അടയ്ക്കപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞ് മറ്റു മുസ്ലിംകൾ തങ്ങളിൽ മാത്രമല്ല അക്രമം ചെയ്യുന്നത്, മറിച്ച് തങ്ങളുടെ വിശ്വാസാദർശങ്ങളും മോശമായ കർമങ്ങളും കാണിച്ച് മറ്റുള്ളവരേയും ഇസ്ലാമിൽ പ്രവേശിക്കുന്നതിൽനിന്ന് തടയുന്നു. മറ്റു മതക്കാരെ നശിപ്പിക്കാൻ നടക്കുന്ന ഇക്കൂട്ടരുടെ പക്കൽ എന്ത് ആയുധമാണുള്ളത്.'

ഈ ജമാഅത്തിൽ സാമർഥ്യത്തോടും തന്റേടത്തോടും കൂടി പ്രവർത്തിക്കുന്ന കുറച്ചാളുകളെ തയ്യാറാക്കേണ്ടതാണെന്ന് തന്നെ വിശ്വസിക്കുന്നവരോടു ആ മഹാത്മാവ് പറഞ്ഞു. ജപ്പാൻകാരിൽ തബ്ലീഗ് ചെയ്യുന്നതിനുവേണ്ടി ഗ്രന്ഥമെഴുതാനുള്ള ആഗ്രഹവും അദ്ദേഹം പ്രകടിപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) നബി(സ) തിരുമേനിയെ പിൻപറ്റിക്കൊണ്ട്, ആ മഹാത്മാവിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കാൻ വന്നെങ്കിൽ ജപ്പാനും അതിനു വെളിയിലല്ല. ദ്വീപുകളും അതിനു പുറത്തല്ല. മറ്റു രാജ്യക്കാരും അതിന് വെളിയിലല്ല. നിങ്ങൾക്ക് ഈ രാജ്യത്ത് വരാനുള്ള അവസരം കിട്ടിയത് അല്ലാഹുവിന്റെ ഔദാര്യമാണ്.

അല്ലാഹുവിന്റെ വഹ്യുടെ കവാടം അടച്ചുകൊണ്ട് ഇസ്ലാമിനെ മൃതമതമാക്കിയിരിക്കുന്ന മറ്റു മുസ്ലിംകൾ ജപ്പാനിൽ എന്തു ഇസ്ലാമിനെ പ്രചരിപ്പിക്കാനാണെന്ന് ചോദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുഃഖം പ്രകടി

പ്പിക്കുന്നു. ജപ്പാൻകാർക്കോ ലോകത്തുള്ള മറ്റു മതക്കാർക്കോ മൃതമതത്തിന്റെ ആവശ്യമെന്താണ്? ഇസ്‌ലാം ജീവനുള്ള മതമാണെന്നതിന് തെളിവുകൊടുക്കാനും, അതിന്റെ സവിശേഷ ഗുണങ്ങൾ ലോകത്തിന് പറഞ്ഞുകൊടുക്കാനും കഴിയുന്നത് നിങ്ങൾക്കാണെന്ന് അദ്ദേഹം പറയുന്നു. അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ വഴി കൊട്ടിയടച്ചപ്പോൾ മുസ്‌ലിംകളും മറ്റുള്ളവരും തമ്മിൽ പിന്നെ എന്തു വ്യത്യാസമാണുള്ളത്. ഇസ്‌ലാമിന്റെ ശ്രേഷ്ഠത ലോകത്ത് സ്ഥാപിക്കണമെങ്കിൽ അല്ലാഹുവുമായി ജീവസുറ്റ ബന്ധം സ്ഥാപിച്ചേ മതിയാകൂ. എങ്കിലെ താൻ സ്നേഹിക്കുന്നവരോട് ഇപ്പോഴും അവൻ സംസാരിക്കുന്നുവെന്നുള്ള ശ്രേഷ്ഠത സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. ഈ ശ്രേഷ്ഠത സ്ഥാപിക്കുന്നതിന് എല്ലാ ഓരോരുത്തരും അല്ലാഹുവുമായിട്ടുള്ള ബന്ധം സ്ഥാപിക്കേണ്ട ആവശ്യമുണ്ട്.

ഇസ്‌ലാം വ്യാപിക്കുന്നതിന് വാളിന്റെയും ആവശ്യമില്ല. ഇസ്‌ലാം വ്യാപിക്കുന്നതിന് അല്ലാഹുവിൽ തികവുറ്റതും സമ്പൂർണവുമായ ദൃഢവിശ്വാസമുള്ളവരേയും ആരാധനാകർമങ്ങളിൽ ഉന്നതനിലവാരം പുലർത്തുന്നവരേയുമാണ് ആവശ്യമുള്ളത്. കൊലയും കൊള്ള യും നടത്തുന്നതിനു പകരം സ്വന്തം ആത്മാക്കൾക്കെതിരെ പോരാട്ടം നടത്തി തങ്ങളുടെ കർമപരമായ അവസ്ഥകളെ നന്നാക്കിത്തീർക്കുന്നവരെയാണ് ആവശ്യമുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലും ഇന്ന് അഹ്മദികളുടെമേൽ വളരെ വലിയ ചുമതലയാണുള്ളത്. സ്വന്തം ആരാധനകളുടെ നിലവാരം ഉയർത്തുന്നതോടൊപ്പം ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം മറ്റുള്ളവർക്ക് പ്രബോധനം ചെയ്യുകയും വേണം.

അതിനാൽ നിർമിച്ച മസ്ജിദിനോടുള്ള കടമ നിറവേറ്റുക. ആ കടമ നിറവേറ്റുന്നതിന് അതിനെ അഞ്ചുനേരവും ജനനിബിഡമാക്കിവെക്കുക. അതിനോടുള്ള കടമ നിറവേറ്റുന്നതിന് ആരാധനകളുടെ നിലവാരം ഉയർത്തുക. അതിനോടുള്ള കടമ നിറവേറ്റുന്നതിന് തബ്‌ലീഗ് രംഗം വിശാലമാക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറഞ്ഞു: 'ഇസ്‌ലാമിനെ പരിചയപ്പെടുത്തേണ്ടിടത്ത്, മസ്ജിദ് നിർമിക്കുക. എന്നാൽ, തബ്‌ലീഗിന്റെ വഴികളും പരിചയപ്പെടുത്താനുള്ള മാർഗങ്ങളും തുറന്നുകൊണ്ടുപോകുന്നതാണ്.' ഈ മസ്ജിദ് നിങ്ങളിൽ കൂടുതൽ ചുമതലകളിടുന്നു. അതിനാൽ ആരാധനകളുടെ നിലവാരങ്ങൾ ഉയർത്തുന്നതിനോടൊപ്പം തബ്‌ലീഗ് പ്രവർത്തനം ഊർജിതപ്പെടുത്തുകയും ചെയ്യുക.

ഉദ്ഘാടനത്തിനുമുമ്പേതന്നെ മാധ്യമങ്ങൾ ഈ മസ്ജിദിന് ധാരാളം പരസ്യം നല്കിയിട്ടുണ്ട്. അവർ സമാധാനം കാംക്ഷിക്കുന്ന ഇസ്‌ലാമിനെ ദേശവാസികളുടെ മുമ്പിൽ അവതരിപ്പിച്ചു. ഈ പരിചയപ്പെടുത്തലിനെ ഇവിടത്തെ എല്ലാ അഹ്മദികളും പ്രയോജനപ്പെടുത്തേണ്ടതാണ്. ജപ്പാൻകാർക്ക് മസ്ജിദ് പുതിയൊരു കാര്യമൊന്നുമല്ല. ഇവിടെ ഞാൻ പറഞ്ഞതുപോലെ നൂറിനോടടുത്ത് മസ്ജിദുകളുണ്ടെന്ന് പറയപ്പെടുന്നു. അപ്പോൾ നമ്മുടെ ഈ മസ് ജിദിന്റെ ഉദ്ഘാടനത്തിന് ഇത്ര മാത്രം പ്രാധാന്യമുണ്ടായത് എന്തുകൊണ്ടാണ്? സാധാരണ മുസ്‌ലിംകളിൽനിന്നു വേറിട്ട ഇസ്‌ലാമിന്റെ ചിത്രം നമ്മൾ പ്രദർശിപ്പിക്കുന്നു എന്നതാണത്. നബി(സ) തിരുമേനി പ്രദർശിപ്പിച്ച യഥാർഥ ചിത്രം! അതു പ്രദർശിപ്പിക്കുന്നതിനുവേണ്ടി ഇക്കാലഘട്ടത്തിൽ അല്ലാഹു ആ മഹാത്മാവിന്റെ സത്യദാസനെ അയച്ചു. ഈ ചിത്രം കാണിച്ചുകൊടുക്കുന്നതിന് നിങ്ങൾക്ക് നിങ്ങളുടെ ചുമതല നിർവഹിക്കേണ്ടിവരും. നിങ്ങൾ വിശ്വാസത്തിൽ ഉറച്ചുനിന്നാൽ മാത്രം ഈ ചുമതലകൾ നിർവഹിക്കപ്പെടുകയില്ല. മറിച്ച്, കർമപരമായ അവസ്ഥകളുടെ ഉന്നതനിലവാരം കരസ്ഥമാക്കുന്നവരാകാനും ശ്രമിക്കേണ്ടതാണ്. പരസ്പരം സ്നേഹത്തിലും സന്തോഷത്തിലും സാഹോദര്യബന്ധത്തിലും നമ്മുടെ യജമാനരും നേതാവുമായ നബി(സ)തിരുമേനി നമ്മെ കാണാൻ ആഗ്രഹിക്കുന്ന സ്ഥാനത്തേക്കും ആ മഹാത്മാവിന്റെ സത്യദാസൻ നമ്മെകാണാൻ ആഗ്രഹിക്കുന്ന സ്ഥാനത്തേക്കും തിരിക്കുന്നവരാകണം. അതിന്റെ വിവരണം നമുക്ക് വിശുദ്ധഖുർആനിൽനിന്ന് ലഭിക്കുന്നുണ്ട്. നമ്മൾ അഹ്മദികൾക്ക്, 'കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചു അൽഹംദുലില്ലാഹ്' എന്നു പറഞ്ഞാൽ മാത്രം പോര. ഞാൻ ഓതിയ ആയത്തിൽ ഏതൊരു കാര്യമാണോ പറയപ്പെട്ടിരിക്കുന്നത്, അതിന്റെ സംബോധിതർ അഹ്മദികൾ തന്നെയാണ്. കാരണം നമ്മൾതന്നെയാണ് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചവർ. നമ്മളിൽതന്നെയാണ് ദീനിന്റെ പ്രബലതയ്ക്കായി ഖിലാഫത്ത് വ്യവസ്ഥിതി നിലകൊള്ളുന്നത്. ഒരു അഹ്മദി മുസൽമാനോട്, ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചവരോട്, ഖിലാഫത്തുമായി ബന്ധപ്പെട്ടവരാണെന്ന് വാദിക്കുന്നവരോട് അല്ലാഹു ചില അടിസ്ഥാനപരമായ കാര്യങ്ങൾ പറഞ്ഞിരിക്കുന്നു; ഒന്നു പറഞ്ഞത് നമസ്കാരം നിലനിറുത്തുന്നതിലേക്ക് ശ്രദ്ധിക്കുക എന്നാണ്. ഇത് നിങ്ങളുടെ സൃഷ്ടിപ്പിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യമാണ്. നമസ്കാരം നിർവഹിക്കുകയും ആരാധനകളിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുന്നില്ലെങ്കിൽ യഥാർഥ മുസ്‌ലിമാണെന്ന നമ്മുടെ വാദം തെറ്റാണ്. ലോകത്ത് വിപ്ലവം ഉണ്ടാക്കുമെന്ന നമ്മുടെ വാദം തെറ്റാണ്. നമ്മൾ നബി(സ) തിരുമേനിയുടെ സത്യദാസനെ വിശ്വസിക്കുന്നവരാണെന്ന വാദവും തെറ്റാണ്. കാരണം ആ മഹാത്മാവ് തന്റെ ആഗമനോദ്ദേശ്യം 'മനുഷ്യനെ അല്ലാഹുവുമായി ബന്ധിപ്പിക്കുക' യാണെന്നാണ് പറഞ്ഞിട്ടുള്ളത്. പിന്നീട് രണ്ടാമത്തെ ഉദ്ദേശ്യമായി പറഞ്ഞത്, പരസ്പരമുള്ള കടമ നിറവേറ്റുക എന്നതാണ്. ഈ വചനത്തിലും അല്ലാഹു പറയുന്നു: അല്ലാഹുവിന്റെ യഥാർഥ ദാസരുടെ പ്രത്യേകതകൾ, അവർ അല്ലാഹുവിനെ ഭയപ്പെടുന്നവരും ആരാധനയോടുള്ള കടമ നിറവേറ്റുന്നവരും

മനുഷ്യകുലത്തിന്റെ നന്മയ്ക്കും ഉന്നമനത്തിനുമായി അല്ലാഹുവിനു വേണ്ടി ചെലവഴിക്കുന്നവരുമാണെന്നാണ്. തഖ്വയിലൂടെ നടന്ന് ഈ വിപ്ലവം ഉണ്ടാക്കുന്നത് വെറും തങ്ങളുടെ ജീവിതത്തിൽ മാത്രമല്ല. മറിച്ച് തങ്ങളുടെ മാതൃക കാണിച്ച് മറ്റുള്ളവരേയും തങ്ങളോടൊപ്പം ചേർക്കുന്നു. യഥാർഥ ജീവിതമെന്താണെന്നും ശയ്ത്വാനിൽനിന്ന് എങ്ങനെ രക്ഷപ്പെടാൻ കഴിയുമെന്നും അവർക്കും പറഞ്ഞുകൊടുക്കുന്നു. അതിനാൽ നമ്മൾ അല്ലാഹുവിൽനിന്നു വന്ന ആളെ വിശ്വസിക്കുകയും നമ്മളിൽ അല്ലാഹുവിന്റെ ഈ അനുഗ്രഹവും ഔദാര്യവും ഉണ്ടാകു കയും ചെയ്തിട്ടുള്ള ഇക്കാലത്ത് മറ്റു മുസ്ലിംകൾ ചിതറിക്കിടക്കുകയാണെന്ന കാര്യം നമ്മൾ ശ്രദ്ധിക്കേണ്ടതാണ്; അവരെ ഒരു കൈയിൽ ഒത്തുചേരാൻ വിളിക്കുന്നതിന് ഒരു വിളിയാളനുമില്ല. നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ അല്ലാഹു തൗഫീഖ് തന്നതുകൊണ്ടും ആ മഹാത്മാവിനുശേഷം തുടരുന്ന ഖിലാഫത്തുമുഖേന പ്രബലത പ്രദാനം ചെയ്തതുകൊണ്ടും നമ്മൾ ഒരു ശബ്ദമുയരുമ്പോൾ എഴുന്നേല്ക്കുകയും ഇരിക്കുകയും ചെയ്യുന്നവരാണ്. പ്രാബല്യം എന്നത് വെറും ഭരണം കിട്ടലല്ല. മറിച്ച്, ഒരു റുഅ്ബിന്റെ (മറ്റുള്ളവരിൽ ഉണ്ടാകുന്ന ആദരയുക്തമായ ഭയം) പ്രകടനവും മനസ്സമാധാനവും ഉണ്ടാകുകയാണ്. ഇൻശാഅല്ലാഹ്. ഭരണകൂടങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കീഴിൽവന്ന് ശരിയായ ഇസ്ലാം മനസ്സിലാക്കുന്ന കാലവും വരികതന്നെ ചെയ്യും. പക്ഷേ, 'ഇസ്ലാമിന്റെ ശരിയായ അധ്യാപനം പറഞ്ഞുതരിക'എന്ന് പറഞ്ഞ് ലോകം ഇപ്പോൾത്തന്നെ നമ്മളിലേക്ക് നോക്കാൻ തുടങ്ങിയിരിക്കുന്നു. ഇതും ഒരു പ്രാബല്യവും ലോകത്തിന്റെമേൽ അല്ലാഹു ഇട്ടുകൊണ്ടിരിക്കുന്ന ആദരയുക്തമായ ഭയവുമാണ്. പക്ഷേ, ഇതിനെ പ്രയോജനപ്പെടുത്തുന്നവർ അല്ലാഹുവിലേക്ക് ശ്രദ്ധ കൊടുക്കുന്നവരായിരിക്കും. അല്ലാഹു പറയുന്നു: ഈ അനുഗ്രഹത്തിന്റെ അനന്തരാവകാശിയാകുന്നതിന് നന്മകളിൽ നിലകൊള്ളുക. അത് പ്രചരിപ്പിക്കുക. തിന്മകളിൽനിന്ന് രക്ഷപ്പെടുക. മറ്റുള്ളവരേയും രക്ഷപ്പെടുത്തുക. ഇതിൽ നിലകൊള്ളുകയും അടിസ്ഥാനപരമായ ഈ നിയമങ്ങളെ മുറുകെപിടിക്കുകയും ചെയ്യുവോളം അഭിവൃദ്ധിപ്പെട്ടുകൊണ്ടുപോകുന്നതാണ്. തങ്ങളുടെ കർമങ്ങൾക്ക് അഭിവൃദ്ധി നല്കിക്കൊണ്ടിരിക്കണമെന്ന ചിന്ത എല്ലാ ഓരോ അഹ്മദിയും എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. അപ്പോഴാണ് ജനങ്ങളേയും ആകർഷിക്കാൻ കഴിയുന്നത്. ഇക്കാര്യം പിന്നീട് പ്രബലതയ്ക്കും നിമിത്തമായിത്തീരുന്നതാണ്. ഭരണകൂടങ്ങളും ഈ യഥാർഥ അധ്യാപനങ്ങൾക്ക് വിധേയമായി നബി(സ)യുടെ ദാസത്വത്തിൽ വരുന്നതായിരിക്കും. വളരെ വലിയ ഉദ്ദേശ്യങ്ങൾ നേടുന്നതിനെക്കുറിച്ചാണ് അല്ലാഹു യഥാർഥ മുസ്ലിംകൾക്ക് സുവാർത്ത അറിയിക്കുന്നത്.

നിങ്ങളുടെ സൃഷ്ടിയുദ്ദേശ്യം തിരിച്ചറിയുക. നിങ്ങളുടെ ശാരീരികമായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനു പകരം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുക. പരസ്പരം സ്നേഹത്തിലും സന്തോഷത്തിലും കഴിയുക. ഈ സ്നേഹവും സന്തോഷവും സമൂഹത്തിലും പ്രചരിപ്പിക്കുക. അല്ലാഹു നമ്മളിൽനിന്നാഗ്രഹിക്കുന്ന പ്രത്യേകതകൾ നിങ്ങളുടെ ഉള്ളിലുണ്ടാക്കുക. വെറും മസ്ജിദ് നിർമിക്കുന്നതുകൊണ്ട് ആ പ്രത്യേകതകൾ ഉണ്ടാകുകയില്ല. മറിച്ച്, അതിനുവേണ്ടി ശ്രമിക്കേണ്ടിവരും. ഈ പ്രത്യേകതകൾ അല്ലാഹു വിശുദ്ധഖുർആനിൽ ഒരിടത്ത് ഇങ്ങനെ പറയുന്നു:

*അത്തായിബൂനൽ ആബിദൂനൽ ഹാമിദൂന സ്സാഇഹൂനർ റാഖിഊന സ്സാജിദൂനൽആമിറൂന ബിൽമഅ്റൂഫി വന്നാഹൂന അനിൽമുൻകറി വൽഹാഫിളൂന ലി ഹുദൂദില്ലാഹി വ ബശ്ശിരിൽ മുഅ്മിനീൻ (9:112)*

പശ്ചാത്തപിച്ചുമടങ്ങുന്നവരും അല്ലാഹുവിനെ ആരാധിക്കുന്നവ രും അല്ലാഹുവിനെ സ്തുതിക്കുന്നവരും വ്രതമനുഷ്ഠിക്കുന്നവരും നമിക്കുന്നവരും(റുക്കൂഅ്)സാഷ്ടാംഗം പ്രണമിക്കുന്നവരും നല്ല കാര്യങ്ങൾ ഉപദേശിക്കുന്നവരും നിഷിദ്ധ കാര്യങ്ങൾ വിലക്കുന്നവരും അല്ലാഹുവിന്റെ പരിധികളെ കാത്തുസൂക്ഷിക്കുന്നവരുമാണവർ. സത്യവിശ്വാസികൾക്ക് നീ സുവാർത്ത അറിയിക്കുക.

അല്ലാഹു പറയുന്നതുപോലെ ഒരു മനുഷ്യൻ യഥാർഥ സത്യവിശ്വാസിയാകുന്നതിന് ഒന്നാമത്തെ നിബന്ധന അവൻ മാനസാന്തരപ്പെടുക (തൗബ)എന്നതാണ്. അതായത് തന്റെ പാപങ്ങൾ ഏറ്റുപറയുക. പാപങ്ങളേറ്റു പറഞ്ഞുകൊണ്ട്, പൂർണമായനിലയിൽ അവയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. പാപം കൊണ്ടുദ്ദേശിക്കുന്നത് വലിയവലിയ പാപങ്ങളല്ല. ജമാഅത്ത് വ്യവസ്ഥിതിയിൽ ഛിദ്രതയുണ്ടാക്കുന്ന ചെ റിയ ചെറിയ തെറ്റുകളും പാപങ്ങളായിത്തീരുന്നതാണ്. ഈ പ്രതിജ്ഞയിൽ നിലനിന്നാൽ, പിന്നീട് അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ കടമ നിറവേറ്റുകയും അവനെ ആരാധിക്കുകയും അല്ലാഹുവിന്റെ തൃപ്തി അനുസരിച്ച് നമ്മെ സ്വയം മുന്നോട്ടു നടത്തുകയും ചെയ്യുക എന്നത് ഒരു മുഅ്മിന്റെ നിർബന്ധകടമയാണ്. അല്ലാഹുവിന്റെ ഇഷ്ടമെന്താണ്? ഞാൻ മുമ്പേയും പറഞ്ഞുവന്നതുപോലെ അല്ലാഹുവിന്റെ ഇഷ്ടമെന്നു പറയുന്നത്, മനുഷ്യൻ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. അല്ലാഹു '**വമാഖലഖ്ത്തുൽജിന്നവൽഇൻസ ഇല്ലാലിയഅ്ബുദൂൻ**' എന്നു പറഞ്ഞതുപോലെ. അതായത് ഞാൻ ജിന്നിനേയും ഇൻസിനേയും സൃഷ്ടിച്ചിട്ടുള്ളത് എന്നെ ആരാധിക്കാൻ വേണ്ടിയാണ്. ആരാധനകളിൽനിന്ന് വിട്ടുനില്ക്കാൻ സമ്പന്നന്മാർക്കും വ്യാപാരികൾക്കും ഒരു ഒഴികഴിവുമില്ല. സാധാരണ മനുഷ്യനും ദരിദ്രനും ആരാധനയിൽ മടികാണിക്കാൻ ഒരു ഒഴികഴിവുമില്ല.

അല്ലാഹുവിന്റെ തിരുസന്നിധിയിൽ സർവവും ത്യാഗം ചെയ്ത് സ്വന്തം അഹന്ത പിന്നാക്കം വലിച്ചെറിയുകയും സ്വന്തം മാന്യത

മറക്കുകയും സ്വാഭിമാനം പിന്നിലേക്കെടുത്തിടുകയും അവന്റെ കല്പനകളനുസരിച്ച് നടക്കുകയും ചെയ്തുകൊണ്ട് ജമാഅത്ത് വ്യവസ്ഥിതി(നിസാം) പാലിക്കേണ്ട ആവശ്യമുണ്ട്. നിസാമിന്റെ അനുസരണവും അല്ലാഹുവിന്റെ കല്പനയാണ്. ഇതും അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നു. സുജൂദുകൾ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുള്ളതാണ്. മനുഷ്യനിൽ എളിമയുണ്ടാകുമ്പോഴാണ് അതുണ്ടാകുന്നത്. അത് നമ്മൾ അന്വേഷിക്കേണ്ടതാണ്. ഈ എളിമയോടെയുള്ള സുജൂദുകൾ ചെയ്യാൻ നമുക്ക് തൗഫീഖ് കിട്ടുമ്പോഴും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാൻ അങ്ങേയറ്റം ശ്രമിക്കാൻ ശ്രദ്ധയുണ്ടാകുമ്പോ ഴും തങ്ങളുടെ എല്ലാവിധ കഴിവുകളോടുംകൂടി മറ്റുള്ളവരേയും സൽകാര്യങ്ങൾ ഉപദേശിച്ചുകൊണ്ട് അല്ലാഹുവിന് അടുത്തേക്ക് കൊണ്ടുവരിക. പിന്നീട് തബ്ലീഗിലേക്ക് ശ്രദ്ധിക്കുക. ഭൗതികതയിൽ മുങ്ങിക്കൊണ്ടിരിക്കുന്ന മറ്റുള്ളവരേയും അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാക്കുക. പാപങ്ങളിൽ മുങ്ങുന്നവരേയും തീയിൽ വീഴുന്നവരേയും മറ്റുള്ളവരേയും രക്ഷിക്കുന്നവനാകുക. ഇന്ന് ലോകത്തെ അല്ലാഹുവിന്റെ വെറുപ്പിൽനിന്ന് രക്ഷിക്കുക എന്നത് എല്ലാ അഹ്മദികളുടേയും ജോലിയും ചുമതലയുമാണ്. പിന്നീട് ഞാൻ പറഞ്ഞതുപോലെ ഇതും ഓർക്കുക: ഇവിടെ അല്ലാഹു പറയുന്നത്, യഥാർഥ സത്യവിശ്വാസി അല്ലാഹുവിന്റെ പരിധികളെ കാത്തുസൂക്ഷിക്കുന്നവനാണെന്നാണ്. ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. അതായത് അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ചിട്ടുള്ളതനുസരിച്ച് പൂർണമായും പ്രവർത്തിക്കാൻ ശ്രമിക്കുക എന്നതും നമ്മുടെ ജോലിയാണ്. അല്ലാഹുവും അവന്റെ റസൂലും പറഞ്ഞിട്ടുള്ള കാര്യങ്ങളും സംരക്ഷിക്കേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതും പ്രതീക്ഷിച്ചതുമായ കാര്യങ്ങളിലേക്കും ശ്രദ്ധിക്കണം. കാലത്തിന്റെ ഖലീഫ നിങ്ങളോടു പറയുന്ന കാര്യങ്ങൾ കേൾക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും ശ്രമിക്കണം. സ്വന്തം വിശ്വാസവും കർമവും സംരക്ഷിക്കണം. ഇക്കാലത്ത് അല്ലാഹു ഖിലാഫത്ത് എന്ന സമ്മാനം കൊണ്ട് നമ്മെ സമുന്നതരാക്കിയിരിക്കുന്നു. അതിനെ വിലമതിക്കുക. അല്ലാഹു ദീനിന്റെ പ്രബലതയ്ക്കുവേണ്ടി ഇതു നിർബന്ധമായ ഭാഗമായി നിശ്ചയിച്ചിരിക്കുന്നു. അതുമുഖേന ഈ എല്ലാ കാര്യങ്ങളുമനുസരിച്ച് പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് സുവാർത്ത നല്കിയിരിക്കുന്നു; അതിനാൽ ആത്മപരിശോധന നടത്തുക. സത്യവാന്മാരായ സത്യവിശ്വാസികളെന്ന് അല്ലാഹു സുവാർത്ത അറിയിച്ചവരിൽ അണി ചേരുക.

ആധുനിക കാലഘട്ടത്തിലെ കണ്ടുപിടിത്തങ്ങളും നമുക്കു വിധേയമാക്കിത്തന്നിരിക്കുന്നു എന്നതും അല്ലാഹുവിന്റെ ഔദാര്യമാണ്. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാക്കുവേണ്ടി ജമാഅത്ത് ലക്ഷക്കണക്കിന് ഡോളറാണ് ചെലവഴിക്കുന്നത്. ഇത് തബ്ലീഗി നും തർബിയ്യത്തിനുമുള്ള ഉത്തമമാർഗമാണ്. എല്ലാത്തിലുമുപരിയായി കാലത്തിന്റെ ഖലീഫയുമായി ബന്ധം വെക്കാനുള്ള വഴി യാണ്. മാതാപിതാക്കൾ തങ്ങളുടെ അടുത്ത തലമുറയെ സംരക്ഷിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ സ്വയം കാലത്തിന്റെ ഖലീഫയുടെ പരിപാടികളുമായി തങ്ങളെ ബന്ധിപ്പിക്കേണ്ടത് നിർബന്ധമാണ്.

ജപ്പാൻകാരായ അഹ്മദികളോടും ഞാൻ പറയട്ടെ! ദീൻ പഠിക്കുക. നിങ്ങളുടെ വിശ്വാസത്തിൽ ശക്തരാകുക. ഇന്നയാൾ ജന്മനാ അഹ്മദിയാണ് അല്ലെങ്കിൽ പഴയ അഹ്മദിയാണ് പക്ഷേ ദീനീകാര്യങ്ങളിൽ ദുർബലനാണെന്നു കണ്ടാൽ അവർക്ക് സന്മാർഗത്തിന് നിങ്ങൾ കാരണമാകേണ്ടതാണ്. മുമ്പേയും ഞാൻ പലതവണ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. അല്ലാഹു ആരുടേയും ബന്ധുവൊന്നുമല്ല. സൽക്കർമം ചെയ്യുകയും ആരാധനകളുടെ നിലവാരം മികച്ചതാക്കുകയും ചെയ്താൽ അല്ലാഹുവിന്റെ തുണയും സഹായവും അവനോടൊപ്പമുണ്ടാകും. ഈ യാഥാർഥ്യം മുന്നിൽ വെച്ചുകൊണ്ട് ജീവിക്കാൻ എല്ലാ ഓരോ അഹ്മദിയേയും അല്ലാഹു അനുഗ്രഹിക്കട്ടെ. ഈ മസ്ജിദ് ഓരോ അഹ്മദിയുടേയും ഈമാനിലും അവന്റെ കർമപരമായ അവസ്ഥയിലും വിപ്ലവകരമായ ഒരു പരിവർത്തനം സംജാതമാക്കുന്നതാകട്ടെ. വെറും താൽക്കാലികമായ അഭിനിവേശവും വികാരവുംകൊണ്ട് മസ്ജിദ് ഉണ്ടാക്കുന്നവരാകാതിരിക്കട്ടെ. മറിച്ച്, യഥാർഥത്തിൽ അതിനോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ.

മസ്ജിദിനെക്കുറിച്ചുള്ള ചില കാര്യങ്ങളും അവതരിപ്പിക്കുകയാണ്. മസ്ജിദ് നില്ക്കുന്ന ഈ സ്ഥലത്തിന്റെ വിസ്താരം ആയിരം ചതുരശ്രമീറ്ററാണ്. രണ്ടുനില കെട്ടിടമാണിത്. ഈ പ്രദേശത്തെ മെയിൻ റോഡിന്റെ തികച്ചും മുകൾഭാഗത്താണിത്. പ്രദേശത്തുള്ള എല്ലാ വലിയ പാതകളേയും പരസ്പരം ഈ റോഡ് ബന്ധിപ്പിക്കുന്നു. കേഗസ്റ്റ് ഹൈവേയുടെ വളരെ അടുത്താണ്. എന്നല്ല രണ്ടു ഹൈവേകൾ ഇതുമായി കൂടിച്ചേരുന്നുണ്ട്. അടുത്തുതന്നെ റയിൽവെസ്റ്റേഷനുണ്ട്. റെയിൽവേസ്റ്റേഷനിൽനിന്ന് നഗോയ (Nagoya)ഇന്റർനാഷണൽ എയർപോർട്ടിലേക്ക് നേരിട്ട് ട്രെയിനുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലും വലിയ സൗകര്യങ്ങളാണ് ഇതിലുള്ളത്. മസ്ജിദിന് ഞാൻ ബയ്ത്തുൽ അഹദ് എന്ന് പേരിട്ടിരിക്കുന്നു. അനുഗ്രഹമെന്നോണം മസ്ജിദ് മുബാറക്ക് ഖാദിയാന്റേയും ദാറുൽ മസീഹിന്റേയും ഇഷ്ടികകളും വെച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ആദ്യത്തെ നിലയിൽ മസ്ജിദിന്റെ മെയിൻഹാളാണ്. ഇവിടെ അഞ്ഞൂറിലേറെ ആളുകൾക്ക് നമസ്കരിക്കാൻ സൗകര്യമുണ്ട്. മുകളിലത്തെനിലയിൽ ലജ്നഹാളാണ്. മുറ്റവുമുണ്ട്. സൺസൈഡ് പിടിപ്പിച്ചാൽ ചെറിയ പരിപാടികൾ ഇവിടെ നടത്താവുന്നതാണ്. ഇതുൾപ്പെടുത്തിയാൽ 700, 800 ആളുകൾക്ക് ഒരേസമയം നമസ്കരിക്കാവുന്നതാണ്. രണ്ടാമത്തെ

നിലയിൽ ഓഫീസും ലൈബ്രറിയും ചെറിയൊരു ലജ്നഹാളും മുറബ്ബി ഹൗസും ഗസ്റ്റുറൂമുകളുമുണ്ട്. കെട്ടിടം വാങ്ങി അതിൽ മാറ്റങ്ങൾ വരുത്തി നിർമിച്ചതാണ് ഈ മസ്ജിദ്. ഇക്കാരണത്താൽ മസ്ജിദിന്റെ വർണം ചാർത്തുന്നതിനുവേണ്ടി നാലുകോണുകളിലും മിനാരവും ഗുംബദും(കുംഭഗോപുരം) നിർമിച്ചിട്ടുണ്ട്. ഇത് വഴിയോരത്തായ കാരണത്താൽ ജനശ്രദ്ധയുടെ വലിയ കേന്ദ്രവുമായിട്ടുണ്ട്.

ഈ സ്ഥലം വാങ്ങിയപ്പോൾ വളരെ എളുപ്പത്തിൽ മസ്ജിദ് നിർമാണത്തിന് അനുവാദം കിട്ടുമെന്നാണ് കരുതിയത്. പിന്നീട് മസ്ജിദ് നിർമാണത്തിന് അനുവാദം കിട്ടാനും ജമാഅത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യാനും മസ്ജിദ് എന്ന നിലയിൽ ഉപയോഗിക്കാൻ അനുവാദം കിട്ടാനും വളരെ പ്രയാസങ്ങൾ നേരിട്ടു. ഇവിടെ മസ്ജിദ് നിർമാണജോലി വളരെ പ്രയാസകരമായി തോന്നുന്നുവെന്നും, ജമാഅത്ത് രജിസ്ട്രേഡ് അല്ലാത്ത കാരണത്താൽ ജമാഅത്തിന്റെ പേരിലേക്ക് മാറ്റുന്നതിനും മറ്റു പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്നും അതുകൊണ്ട് ഈ ഉടമ്പടിയിൽനിന്ന് പിൻമാറുന്നതാണ് നല്ലതെന്നും മസ്ജിദ് നിർമാണകമ്മിറ്റിയോട് ഒരിക്കൽ വക്കീൽമാർ പറഞ്ഞിരുന്നു. പക്ഷേ, അല്ലാഹു വഴിയിലുള്ള എല്ലാ തടസങ്ങളും നീക്കിത്തന്നു. തദ്ദേശവാസികളിൽ നിന്ന് പ്രശ്നങ്ങളോ ആക്ഷേപങ്ങളോ ഉണ്ടാകുമെന്ന ആശങ്കയുണ്ടായിരുന്നു. കാരണം ഇതൊരു ചെറിയ നഗരമാണ്. ഈ നഗരത്തിൽ ആദ്യത്തെ മസ്ജിദാണിത്. പക്ഷേ, തദ്ദേശവാസികളോടൊപ്പം മീറ്റിംഗ് ചേർന്നപ്പോൾ, അല്ലാഹു അവരുടെ മനസ്സുകളേ യും എത്രമാത്രം വിശാലമാക്കിയെന്നാൽ, അവർ ക്ഷണത്തിൽ തങ്ങളുടെ ഇഷ്ടം പ്രകടിപ്പിച്ചു. അവരിൽ ചിലർ ഇവിടെ ഇപ്പോൾ ഇരിക്കുന്നുണ്ടാകും. ഈ എല്ലാ കാര്യങ്ങളും ഇവിടെ വസിക്കുന്ന അഹ്മദികളുടെ ഈമാനിലും അനുഭവജ്ഞാനത്തിലും വർധനവിന് കാരണമാകേണ്ടതാണ്. അവർ അവരുടെ ചുമതലകൾ മനസ്സിലാക്കുന്നതിലേക്ക് ശ്രദ്ധിക്കണമെന്ന് ഞാൻ വീണ്ടും പറയുന്നു.

ഇതിനുവേണ്ടി വലിയ ധനത്യാഗങ്ങളുടെ സംഭവങ്ങളുമുണ്ടായിട്ടുണ്ട്. മസ്ജിദ് ബയ്ത്തുൽ അഹദിനുവേണ്ടി സഹായത്തിന് ആഹ്വാനം ചെയ്തപ്പോൾ, ചന്ദ പിരിക്കുന്നയാളോ സെക്രട്ടറിമാരോ ആരാണെങ്കിലും അദ്ദേഹത്തോടു പറഞ്ഞപ്പോൾ ഒരു അഹ്മദി പറയുന്നു: തന്റെ കൂടെവരണമെന്നും എന്താണോ തന്റെ പക്കലുള്ളത് അത് തരാമെന്നും പറഞ്ഞ് ഞാൻ പണം പിരിക്കാൻ വന്നയാളെ വീട്ടിൽ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തിന്റെ ഭാര്യ ജപ്പാൻകാരിയാണ്. അദ്ദേഹം തന്റെ ഭാര്യയുടെ അടുത്തുപോയി ചന്ദയെക്കുറിച്ച് പറഞ്ഞപ്പോൾ അവർ ഒന്നിലധികം ചെറിയ പെട്ടികൾ കൊണ്ടുവന്ന് മുന്നിൽവെച്ചു. അവയിൽനിന്ന് തുകകൾ പുറത്തെടുത്തപ്പോൾ ഏകദേശം പത്തായിരം ഡോളറുണ്ടായിരുന്നു.

അഹ്മദീസ്ത്രീകളും വലിയ ത്യാഗങ്ങൾ ചെയ്തു. തങ്ങളുടെ ആഭരണങ്ങൾ നല്കി. ഒരു സ്ത്രീ തന്റെ 24 വളകളാണ് നല്കിയത്. മറ്റൊരു സ്ത്രീയുണ്ട്. അവർ തന്റെ മാതാവിൽനിന്ന് ലഭിച്ച ആഭരണങ്ങൾ കൊടുത്തു. പാകിസ്താനിൽനിന്നു വന്ന ഒരു സ്ത്രീ തന്റെ ആഭരണങ്ങളുടെ പുതിയൊരു സെറ്റ് മസ്ജിദിന് നല്കി. അത് തന്റെ മകളുടെ വിവാഹത്തിന് അവർ ജനുവരിയിൽ വാങ്ങിച്ചതായിരുന്നു. അല്ലാഹു ഈ ത്യാഗങ്ങൾ ചെയ്ത എല്ലാവർക്കും തക്കതായ പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ ധനത്തിലും ആയുസ്സിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ ഈമാനും ദൃഢജ്ഞാനവും വർധിപ്പിക്കുമാറാകട്ടെ. ഇവരെല്ലാവരേയും ഈ മസ്ജിദിനോടുള്ള കടമ നിർവഹിക്കുന്നവരാക്കട്ടെ. ഈ മസ്ജിദ് ഇവരുടെ ആരാധനയുടെ നിലവാരം ഉയർത്തുന്നതിനോടൊപ്പം പരസ്പരസ്നേഹം വർധിപ്പിക്കുന്നതുമാക്കട്ടെ. ഈ സ്നേഹവും പ്രേമവായ്പും കണ്ട് മറ്റുള്ളവരും ഇതിലേക്ക് ശ്രദ്ധിക്കുന്നവരാകട്ടെ.

ജമാഅത്തിലല്ലാത്ത അയൽവാസികളും അതിയായ സ്നേഹ വും ആത്മാർഥതയുമാണ് പ്രകടിപ്പിച്ചത്. ഉദ്ഘാടനത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി വിദേശരാജ്യങ്ങളിൽനിന്ന് ധാരാളം അതിഥികൾ വരുന്നുണ്ടെന്ന് ഒരു ജപ്പാൻകാരനായ സഹോദരൻ അറിഞ്ഞപ്പോൾ തന്റെ മൂന്നുനിലയുള്ള വലിയൊരു വീട് അതിഥികളെ താമസിപ്പിക്കാൻ ജമാഅത്തിനു നല്കി. ഇപ്രകാരംതന്നെ ഉദ്ഘാടനത്തിൽ ധാരാളം അതിഥികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മസ്ജിദിന്റെ പരിസരവാസികളറിഞ്ഞപ്പോൾ കാറുകൾ പാർക്ക് ചെയ്യുന്നതിനുവേണ്ടി തങ്ങളുടെ പാർക്കിംഗ് സ്ഥലം ജമാഅത്തിനു നല്കി. പൊതുവെ ജപ്പാൻകാർ ഏതെങ്കിലും കെട്ടിടം തുടങ്ങിയവയുടെ ഉദ്ഘാടനാവസരത്തിൽ വിലപിടിച്ച പൂക്കൾ കൊണ്ട് കെട്ടിടം അലങ്കരിക്കാറുണ്ട്. ജപ്പാനിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ഉദ്ഘാടനമാണെന്ന് ജപ്പാൻകാരായ സ്നേഹിതന്മാർ അറിഞ്ഞപ്പോൾ, മസ്ജിദ് പൂക്കൾകൊണ്ട് അലങ്കരിക്കാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെ അവർ പൂർണമായും സഹകരിച്ചു.

മസ്ജിദിന്റെ രജിസ്ട്രേഷന് ജപ്പാൻകാരനായ ഒരു അമുസ്ലിം വക്കീൽ അങ്ങേയറ്റം നിർലോഭമായ രീതിയിൽ നമ്മെ സഹായിച്ചു. അദ്ദേഹത്തിന്റെ ജോലിയുടെ ഫീസ് കുറഞ്ഞത് ഇരുപതിനായിരം ഡോളറിനോടടുത്താണ്. അദ്ദേഹം പറഞ്ഞു: "ജപ്പാനുമേൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഉപകാരങ്ങളുണ്ട്. ഇതിനു പകരമായി ഞാൻ ഈ ജോലി പ്രതിഫലമൊന്നും പറ്റാതെ ചെയ്യുന്നതാണ്." അദ്ദേ ഹം ഒരു ഫീസും വാങ്ങിയില്ല.

പത്രങ്ങളിലും മറ്റു മാധ്യമങ്ങളിലും ഇതിനെക്കുറിച്ച് ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ ധാരാളം വാർത്തകൾ വന്നിട്ടുണ്ട്. വലിയ പത്രങ്ങൾ, പ്രസിദ്ധമായ ടിവി ചാനലുകൾ തുടങ്ങിയവ മുഖേന ജമാഅ

**ശേഷം പേജ് 34 ൽ**

# അഹ്മദിയ്യത്തിന്റെ സംഭാവനകൾ

കേരള അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നൂറാം വാർഷികത്തോടനു ബന്ധിച്ച് കണ്ണൂരിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം

സുൽത്താൻ നസീർ

**ഇ**ന്നേക്ക് നൂറ്റി ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപന്മാർ എന്ന് അഹങ്കരിച്ചിരുന്ന ബ്രിട്ടീഷ്കാരുടെ അധീനതയിലായിരുന്ന ഇന്ത്യാ മഹാരാജ്യത്തിന്റെ വടക്ക് പഞ്ചാബിലെ ഖാദിയാൻ എന്ന കുഗ്രാമത്തിൽ നിന്ന്, ഹ: മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പരിശുദ്ധ ദീനുൽ ഇസ്ലാമിന്റെ നവോത്ഥാനത്തിന്റെ പ്രതീക്ഷ ഉയർത്തുന്ന ഒരു ദിവ്യ കാഹളം മുഴങ്ങി. അവസാന കാലഘട്ടത്തിൽ റസൂൽ തിരുമേനി (സ) ദീർഘദർശനം ചെയ്ത വാഗ്ദത്ത പരിഷ്കർത്താവ് താനാണ് എന്ന് വാദിച്ച ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ആയിരുന്നു അഹ്മദിയ്യത്ത് എന്ന ആ ഇസ്ലാമിക പുനരുജ്ജീവന പ്രക്രിയയുടെ വക്താവ്. കാലത്തിന്റെ കുത്തൊഴുക്കിൽ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം ചുരുങ്ങി ചുരുങ്ങി ഭൂപടത്തിൽ ഒരു ബിന്ദുവായി അവശേഷിക്കുകയും എന്നാൽ ഒരു കാലത്ത് ഈ മഹാസാമ്രാജ്യത്തെ നിയന്ത്രിച്ചിരുന്ന ലണ്ടൻ നഗരിയിൽ നിന്ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യുടെ പ്രതിനിധി, അഹ്മദിയ്യത്തിന്റെ ആഗോള ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) അഹ്മദിയ്യത്തിനുമേൽ ഇപ്പോൾസൂര്യൻ അസ്തമിക്കുന്നില്ലെന്നും അഹ്മദിയ്യത്ത് 207 രാജ്യങ്ങളിൽ പടർന്നു പന്തലിച്ചിരിക്കുന്ന വടവൃക്ഷമായി തീർന്നിക്കുന്നുവെന്നും, ഒരു ശക്തിക്കും ഇതിനെ തകർക്കാൻ സാധ്യമല്ല എന്നും തുറന്നു പ്രഖ്യാപിക്കുമ്പോൾ, അഹ്മദിയ്യത്ത് ലോകത്ത് ഏറ്റവും വേഗത്തിൽ വളർന്ന് കൊണ്ടിരിക്കുന്ന പ്രസ്ഥാനമാണ് എന്ന് എതിരാളികൾ പോലും തുറന്നു സമ്മതിക്കുക യാണ്. ഈ അവസരത്തിൽ അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നല്കി എന്നത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. 1400 വർഷങ്ങൾക്ക് മുമ്പ് അറേബ്യൻ മണലാരണ്യത്തിൽ രചിക്കപ്പെട്ട വിപ്ലവകരമായ ത്യാഗത്തിന്റെയും ആത്മസമർപ്പണത്തിന്റെയും സംഭവങ്ങളെ ഇക്കാലത്ത് പുനരുജ്ജീവിപ്പിച്ച് കൊണ്ട് അഹ്മദിയ്യത്തിൽ അഭയം പ്രാപിച്ച മനുഷ്യജീവിതത്തിന്റെ യഥാർഥ ലക്ഷ്യം കണ്ടെത്തിയ ലക്ഷകണക്കിന് മനുഷ്യർക്ക് അഹ്മദിയ്യത്ത് എന്ത് നല്കി, അവരിലൂടെ ലോകത്തിന് എന്ത് നൽകി എന്ന വിശാലമായ വിഷയം പരിമിതമായ സമയത്തിനുള്ളിൽ അല്പമെങ്കിലും പ്രതിപാദിക്കുകയെന്നത് വളരെ പ്രയാസകരമായ ഒരു പ്രവൃത്തിയാണ്. ലോകം ഇന്ന് സങ്കീർണമായ രാഷ്ട്രീയ, സാമൂഹിക, ധാർമിക, അധ്യാത്മിക പ്രശ്നങ്ങളെ നേരിട്ട് കൊണ്ടിരിക്കുകയാണ്. വിവരസാങ്കേതിക വിദ്യയുടെ വിസ്മയിപ്പിക്കുന്ന വിപ്ലവം മനുഷ്യർ തമ്മിലുള്ള അകലം ഇല്ലാതാക്കി ലോകത്തെ ഒരു ഗ്രാമമാക്കിയിരിക്കുന്നു. ആധുനിക ശാസ്ത്രത്തിന്റെ അത്ഭുതകരമായ കണ്ടുപിടുത്തങ്ങൾ ജീവിതം സുഖാഢംബരങ്ങൾ നിറഞ്ഞതാക്കിയിട്ടുണ്ടെങ്കിലും, അശാന്തിയുടെയും അസമാധാനത്തിന്റെയും ഛിദ്രതയുടെയും ശൈഥില്യത്തിന്റെയും വാർത്തകളും സംഭവങ്ങളുമാണ് നാം ഒരോ ദിവസവും കാണുകയും കേൾക്കുകയും വായിക്കുകയും ചെയ്ത് കൊണ്ടിരിക്കുന്നത്. ഇന്ന് മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സാമാധാനമില്ലായ്മയാണ്. ഇതിനുള്ള പരിഹാരം എന്ത് എന്നത് ഒരോരുത്തരുടെയും മുമ്പിലുള്ള ചോദ്യമാണ്. വിശുദ്ധ ഖുർആൻ ഇതിനുപരിഹാരം നിർദേശിച്ച് കൊണ്ട് പറയുന്നു:

**ഓർത്തുകൊള്ളുക!യഥാർഥത്തിലുള്ള ഹൃദയ ശാന്തി ദൈവ സ്മരണയിലാണ് നിലകൊള്ളുന്നത്**

മനുഷ്യൻ തന്റെ യഥാർഥ സ്രഷ്ടാവിൽ നിന്ന് അകലുന്നതാണ് അശാന്തിയുടെയും ശൈഥില്യത്തിന്റയും അടിസ്ഥാനകാരണം. ദൈവത്തെ തിരിച്ചറിയുന്നതിലും അവനെ ആരാധിക്കുകയും ചെയ്യുന്നതിലുടെയാണ് മനുഷ്യനും മനുഷ്യനിലൂടെ സമൂഹത്തിലും, ലോകത്തും ശാന്തിയും സമാധാനവും ഉണ്ടാകുന്നത്. അല്ലാഹുവിൽ നിന്ന് വിദൂരപ്പെടുന്ന മനുഷ്യനെ അല്ലാഹുവുമായി അടുപ്പിക്കുന്നതിന് വേണ്ടി അല്ലാഹു തന്റെ വരി

ഷ്ട ദാസൻമാരെ എല്ലാ കാലഘട്ടങ്ങളിലും നിയോഗിച്ചിട്ടുണ്ട്. ദൈവീക വെളിപാടുകളാൽ അനുഗൃഹീതരായ അത്തരം മഹാത്മാക്കൾ എല്ലാ സമൂഹങ്ങളിലും ദേശത്തും അവതരിച്ചിട്ടുണ്ട് എന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. എന്നാൽ മനുഷ്യൻ സാമൂഹികമായും സാംസ്ക്കാരികമായും ബുദ്ധിപരമായും പുരോഗതി പ്രാപിക്കുകയും മനുഷ്യസമൂഹങ്ങൾക്ക് പരസ്പര സമ്പർക്കത്തിനായുള്ള അവസ്ഥ സംജാതമാകുകയും ചെയ്തപ്പോൾ പരിപൂർണ ജീവിത മാർഗരേഖയോടുകൂടി പ്രവാചകപ്രഭു മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയെ അല്ലാഹു നിയോഗിച്ചു.ആ മഹാത്മാവ് അധഃപതനത്തിന്റെ അഗാധഗർത്തിൽ ആപതിച്ച്, മൃഗങ്ങളെക്കാൾ അധഃപതിച്ച ഒരു സമൂഹത്തെ കാൽനൂറ്റാണ്ട് കൊണ്ട് ആദ്യം മനുഷ്യരും പിന്നീട് സംസ്കാരിക മനുഷ്യരും അവസാനം ദൈവീക മനുഷ്യരുമാക്കിതീർത്തു. ജീവനുള്ള ദൈവവുമായുള്ള ഒരു ജീവസുറ്റ ബന്ധമായിരുന്നു ഈ വിപ്ലവത്തിന്റെ പിന്നിലെ രഹസ്യം. അതുകൊണ്ട് തന്നെ ഈ അമൂല്യ നിധിക്ക് വേണ്ടി അവർ സർവസ്വവും ത്യജിക്കുവാൻ തയ്യാറായി. ചുട്ടുപഴുത്ത മണലിലൂടെ വലിച്ചിഴക്കപ്പെട്ടപ്പോഴും ദൈവസ്നേഹത്തിൽ വിലയം പ്രാപിച്ച് ശാന്തിയുടെ മന്ത്രഗീതം അവർ ആലപിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ നിയോഗ കാലഘട്ടത്തിൽ ഇതരസമൂഹങ്ങളുടെ അവസ്ഥ നമുക്ക് മാറ്റി നിർത്താം. ദൈവത്തിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനായി തങ്ങളുടെ സർവസവും സമർപ്പിച്ച ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെയും അദ്ദേഹത്തിന്റെ അനുചരന്മാരുടെയും പിൻതലമുറക്കാർ എന്ന് അവകാശപ്പെടുന്നവരുടെ വിശ്വാസം എന്തായിരുന്നു.

സർവ ശക്തനായ അല്ലാഹു ഇപ്പോൾ സംസാരിക്കുന്നില്ലെന്നും ഹദ്റത്ത് മുഹമ്മദ് (സ) തിരുമേനിയുടെ വഫാത്തോടുകൂടി അല്ലാഹു മൂകനായി പോയി എന്നും ഇനി അവൻ ഒരിക്കലും സംസാരിക്കുകയില്ലെന്നും, യുഗയുഗാന്തരങ്ങളായി മനുഷ്യന് ലഭിച്ചിരുന്ന ദൈവീക ഭാഷണമാകുന്ന അനുഗ്രഹം ലോകാനുഗ്രഹിയായ പ്രവാചകനിലൂടെ നിലച്ച് പോയി എന്നും ഒരു കൂട്ടർ വിശ്വസിച്ചപ്പോൾ, ഇന്ന് അല്ലാഹുവിനോട് പ്രാർഥിച്ചിട്ട് പ്രത്യേകിച്ച് ഫലമൊന്നും ഇല്ലായെന്നും പ്രാർഥന എന്നത് ഒരു മാനസിക വ്യായാമം മാത്രമാണെന്നും അല്ലാഹു ഇപ്പോൾ പ്രാർഥനകൾ സ്വീകരിക്കുകയില്ല എന്നുമാണ് മറ്റൊരു വിഭാഗം വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നത്. അല്ലാഹുവിന്റെ മറ്റു സിഫത്തുകളിലുള്ള വിശ്വാസവും ഇതുപോലെ വിചിത്രവും വികലവുമായിരുന്നു.

ഈ ഒരു സാഹചര്യത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രതിപുരുഷനായി നിയോഗിതനായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ), അല്ലാഹു മുമ്പ് സംസാരിച്ചത് പോലെ ഇന്നും സംസാരിക്കുന്നുണ്ടെന്നും അവൻ എന്നെന്നും സംസാരിക്കുന്നവനാണെന്നും ഈ കാലഘട്ടത്തിൽ അവൻ തന്നോട് സംസാരിക്കുന്നുണ്ട് എന്നും തന്റെ പ്രവചനങ്ങൾ അതിനുള്ള ശക്തമായ തെളിവുകളാണെന്നും വാദിച്ച് കൊണ്ട് സർവശക്തനായ ജീവനുള്ള ദൈവത്തെ ലോകത്തിന് പരിചയപ്പെടുത്തി. അതോടൊപ്പം അല്ലാഹു ഇന്നും പ്രാർഥനകൾ കേൾക്കുന്നുണ്ടെന്നും തന്റെ പ്രാർഥനകൾ അവൻ സ്വീകരിക്കുന്നുണ്ടെന്നും അതിനുള്ള ആയിരക്കണക്കിന് തെളിവുകൾ തന്റെ ജീവിതത്തിലുണ്ടെന്നും വാദിച്ച അദ്ദേഹം അല്ലാഹു ഇന്നും പ്രാർഥന സ്വീകരിക്കുന്നവനും അതിന് മറുപടി നല്കുന്നവനുമാണ് എന്ന് തെളിയിക്കാൻ താൻ തയ്യാറാണ് എന്ന് വാദിക്കുകയുണ്ടായി. അവൻ നിശ്ചയിച്ചിരിക്കുന്ന മാർഗത്തിലൂടെ അവനെ ഏതൊരാൾക്കും പ്രാപിക്കാനും അവന്റെ അനുഗ്രഹങ്ങളിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുവാനും സാധിക്കും എന്ന് അദ്ദേഹം പഠിപ്പിച്ചു. അല്ലാഹുവിന്റെ എല്ലാ സിഫത്തുകളും എന്നെന്നും നിലനിൽക്കുന്നതാണെന്ന് പറഞ്ഞ് കൊണ്ട് അദ്ദേഹം ജീവനുള്ള ഒരു ദൈവത്തെ ലോകത്തിന് പരിചയപ്പെടുത്തി.

അഹ്മദിയ്യത്ത് നല്കിയ ഈ ജീവനുള്ള ദൈവത്തിലുള്ള വിശ്വാസമാണ് എല്ലാ എതിർപ്പുകളെയും തൃണവൽഗണിച്ച് കൊണ്ട് അഹ്മദികളെ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിൽ അടിയുറച്ച് നിർത്തുന്നത്.

2010 ൽ പാകിസ്താനിലെ ലാഹോറിൽ ജുമുഅ നമസ്കരിച്ച് കൊണ്ടിരുന്ന നിരായുധരും നിസ്സഹായരുമായ അഹ്മദികളെ തമസ്സിന്റെ പ്രണേതാക്കൾ വെടിവെച്ച് കൊണ്ട് ശഹീദാക്കിയപ്പോൾ അഹ്മദിയ്യത്തിന്റെ ആഗോള നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)ന്റെ പ്രതികരണത്തിന്റെ ചുരുക്കം ഇതായിരുന്നു;

**"ഞങ്ങൾക്ക് ആരോടും വെറുപ്പോ വിദ്വേഷമോ ഇല്ല. ഒരു പരാതിയും പരിഭവവും ഇല്ല. ഞങ്ങളുടെ വേദനയും, ദുഃഖവും ,ഞങ്ങളുടെ പരാതിയും ഞങ്ങളുടെ അല്ലാഹുവിന്റെ മുമ്പിലാണ്."** ലോകത്തിലെ മുഴുവൻ അഹ്മദികളോടും അദ്ദേഹം പറഞ്ഞു, **"നിങ്ങളുടെ പ്രയാസവും ദുഃഖവും വേദനയും പരാതിയും കണ്ണുനീരായി അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുക."**

ഈ ലോകം സാക്ഷിയാണ്, ഈ കാലഘട്ടം സാക്ഷിയാണ് വിരലിലെണ്ണാവുന്ന ആളുകൾ മാത്രമുള്ള സംഘടനകൾ പോലും ശക്തമായ ഭരണകൂടങ്ങളെ മുൾമുനയിൽ നിർത്തുന്ന ഈ കാലഘട്ടത്തിൽ 207 രാജ്യങ്ങളിലെ ലക്ഷക്കണക്കിന് അഹ്മദികൾ, ഏതെങ്കിലും പ്രകടനത്തിനോ, പ്രതിരോധത്തിനോ, സമരത്തിനോ, നിയമലംഘനത്തിനോ മുതിരാതെ അവരുടെ ഇമാമിന്റെ വാക്കുകൾ അനുസരിച്ച് കൊണ്ട് തങ്ങളുടെ സുജൂദുകൾ കണ്ണുനീർ കൊണ്ട് ഈറനണിയിക്കുകയായിരുന്നു.

**ഞങ്ങൾക്ക് അല്ലാഹു മതിയായവനാണ്, എത്ര നല്ല സഹായി. എത്ര നല്ല കാര്യനിർവാഹകൻ.**

അഹ്മദിയ്യത്ത് ലോകത്തിന് ന ല്കിയ ജീവനുള്ള ദൈവത്തിലുള്ള ജീവസുറ്റ വിശ്വാസമാണ് ഇന്നും ഹൃ ദയങ്ങളിൽ ഈ വിപ്ലവം സൃഷ്ടിച്ചത്.

അഹ്മദിയ്യത്ത് ലോകത്തിന് എ ന്ത് നല്കി എന്ന് ചോദിക്കുമ്പോൾ അഹ്മദിയ്യത്ത് ലോകത്തിന് വിശുദ്ധ ഖുർആനെ അതിന്റെ തനതായ അർ ഥത്തിൽ തിരിച്ചുനല്കി എന്ന് പറ യാൻ ആഗ്രഹിക്കുകയാണ്. എന്ന ന്നേക്കുമായി മനുഷ്യ സമൂഹത്തി ന്റെ ആത്മീയവും ഭൗതീകവുമായ പുരോഗതിക്ക് വേണ്ടി ലോകാനുഗ്ര ഹിയായ പ്രവാചകനിലൂടെ അല്ലാഹു നല്കിയ മാർഗദർശനമാണ് വിശുദ്ധ ഖുർആൻ. വിശുദ്ധ ഖുർആൻ ലിപി കളിൽ മാത്രം അവശേഷിക്കുന്ന കാലത്തെ കുറിച്ചുള്ള പ്രവാചക പ്ര വചനം അക്ഷരംപ്രതി സാക്ഷാത്ക്ക രിക്കുന്ന വിശ്വാസമാണ് വിശുദ്ധ ഖുർആന്റെ വക്താക്കൾ എന്ന് അവ കാശപെടുന്നവർക്ക് ഉള്ളത്.

വിശുദ്ധ ഖുർആൻ സാധാരണ ക്കാർക്ക് ഗ്രഹിക്കാൻ സാധ്യമല്ല എ ന്നും, പണ്ഡിതന്മാർ പറയുന്നത് അതുപോലെ വിശ്വസിച്ച് കൊള്ളണ മെന്ന് പഠിപ്പിക്കുമ്പോൾ, വിശുദ്ധ ഖുർആനിൽ നിന്ന് ഈ കാലഘട്ട ത്തിൽ ഒന്നും ലഭിക്കുകയില്ല എന്നും പൂർവകാല മഹാത്മാക്കൾ എ ന്താണോ എഴുതിവെച്ചിരിക്കുന്നത് അതിൽ കൂടുതലൊന്നും ലഭ്യമല്ല എ ന്നുമാണ് പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആൻ ശാസ്ത്രത്തിന് എതിരാണ് അതുകൊണ്ട് വിദ്യാഭ്യാസത്തെയും ശാസ്ത്രബോധത്തെയും നിരുത്സാ ഹപ്പെടുത്തിയ പണ്ഡിതന്മാർ, വിശു ദ്ധ ഖുർആനിലെ പല ആയത്തുക ളുടെയും അർഥം ആർക്കും അറിയു കയില്ല എന്നും അത് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളു എന്നുമാ ണ് വിശ്വസിപ്പിച്ചിരുന്നത്. (അങ്ങനെ യെങ്കിൽ അല്ലാഹു എന്തിനാണ് മനുഷ്യർക്ക് നൽകിയത് എന്ന കേ വല യുക്തിയൊന്നും ഇവർക്ക് ബാ ധകമല്ല. ഇതിൽ യാതൊരു സംശ യവുമില്ല എന്ന് പറഞ്ഞ് ആരംഭിക്കു ന്ന വിശുദ്ധ ഖുർആനിൽ കാലഹര ണപ്പെട്ടതും കാലഹരണപ്പെടുത്തുന്ന തുമായ ആയത്തുകൾ ഉണ്ട് എന്ന് പറഞ്ഞ് കൊണ്ട് സാ ധാരണക്കാരനെ സംശയത്തിന്റെ പത്മവ്യൂഹത്തിലാക്കിയ പണ്ഡി തന്മാർ അത്തരം ആയത്തുകളുടെ എണ്ണത്തെ കുറിച്ചാണ് തർക്കിച്ച് കൊണ്ടിരിക്കുന്നത്.

**ദീനിനെ ജീവിപ്പിക്കുകയും ശരീ അത്തിനെ പുനസ്ഥാപിക്കുകയും ചെയ്യും** എന്ന മുഹമ്മദ് മുസ്തഫാ (സ) യുടെ പ്രവചനത്തിന്റെ അടി സ്ഥാനത്തിൽ നിയോഗിതനായ അ ഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ വിശുദ്ധ ഖുർആനിൽ കാ ലഹരണപ്പെട്ടതോ കാലഹരണപ്പെടു ത്തുന്നതോ ആയ ഒരൊറ്റ വചനവും ഇല്ലയെന്നും വിശുദ്ധ ഖുർആനിലെ ഒരോ ആയത്തും കാലികപ്രസക്തമാ ണെന്നും, ഇന്നും എന്നും തുടക്കം മുതൽ അവസാനം വരെ മനുഷ്യന് മാർഗദർശനമാണ് എന്നും വാദിക്കു കയും തെളിക്കുകയും ചെയ്തു. വി ശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വ ചനവും ശാസ്ത്രം അല്ലാഹുവിന്റെ പ്രവൃത്തിയുമാണ് എന്ന് പറഞ്ഞ അ ദ്ദേഹം വാക്കും പ്രവൃത്തിയും ത മ്മിൽ വൈരുദ്ധ്യം സാധ്യമല്ല എന്നും എല്ലാ ജ്ഞാനങ്ങളുടെയും ഉറവിടമാ ണ് വിശുദ്ധ ഖുർആൻ എന്ന് പറഞ്ഞ് കൊണ്ട് വിജ്ഞാന കുതുകികളെ വി ശുദ്ധ ഖുർആനിലേക്ക് ക്ഷണിച്ചു. വി ശുദ്ധ ഖുർആനാകുന്ന മഹാസാഗര ത്തിൽ നിന്ന് ആത്മീയ ജ്ഞാനത്തി ന്റെ ഒരു നിധിശേഖരം അദ്ദേഹം ലോ കത്തിന് സംഭാവന ചെയ്തു.അദ്ദേഹ ത്തിന്റെ 80ൽപരം ഗ്രന്ഥങ്ങളിലൂടെ വിശുദ്ധ ഖുർആന്റെ.മഹത്വവും കാ ലികപ്രസക്തിയും അദ്ദേഹം തുറന്ന് കാട്ടി.

ഇന്നും ലോകം നേരിട്ട്കൊണ്ടിരി ക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാ രം വിശുദ്ധ ഖുർആനിൽ നിന്ന് അ ഹ്മദിയ്യാ ഖലീഫ ലോകത്തിന് പറ ഞ്ഞ് കൊടുത്ത് കൊണ്ടിരിക്കുന്നു. സമകാലിക ലോകത്തിലെ രൂക്ഷമാ യ പ്രതിസന്ധികൾക്കുള്ള പരിഹാരം വിശുദ്ധ ഖുർആനിന്റെ അധ്യാപന ങ്ങളുടെവെളിച്ചത്തിൽ ബ്രിട്ടീഷ് പാർ ലമെന്റിലും, അമേരിക്കയിലെ ക്യാ പിറ്റൽ ഹില്ലിലും,യുറോപ്യൻ പാർല മെന്റിലും, ഇതരരാജ്യങ്ങളുടെ പാർ ലമെന്റുകളിലും, ആസ്ഥാനങ്ങളിലും, അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ വിവരിക്കുമ്പോൾ, ഈ അധ്യപന ങ്ങൾക്ക് മാത്രമേ ശാശ്വത പരിഹാ രം കണ്ടെത്താൻ സാധിക്കുകയുള്ളൂ വെന്നും ഇതാണ് വിശുദ്ധ ഖുർആ ന്റെ അധ്യാപനമെങ്കിൽ ഇത് കാലഘ ട്ടത്തിന് ആശ്യമാണെന്ന് ഇസ്‌ലാമി ന്റെ വിരോധികൾ പോലും സമ്മതി ക്കുകയാണ്. ചുരുക്കത്തിൽ അഹ്മ ദിയ്യത്ത് കെട്ടുകഥകളിൽ നിന്ന് മു ക്തമാക്കിയ ഒരു ജീവസുറ്റ ദൈവീ ക ഗ്രന്ഥത്തെ ലോകത്തിന് പ്രദാനം ചെയ്തു.

ജീവനുള്ള ഗ്രന്ഥം നല്കിയത് പോലെ ഒരു ജീവനുള്ള ഒരു പ്രവാ ചകനെ ലോകത്തിന് പരിചയപെടു ത്താനും അഹ്മദിയ്യത്തിന് സാധിച്ചു. മുഴുലോകത്തിനും കാരുണ്യമായി അവതരിച്ച് ഒരു മനുഷ്യന് എത്താൻ സാധിക്കുന്ന ആത്മീയതയുടെ ഔ ന്നത്യത്തിൽ എത്തിയ പ്രവാചക പ്രഭു ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയെ പുരോഗമനത്തി ന്റെ വ്യാജവസ്ത്രം ധരിച്ച ഒരു കൂ ട്ടം മുസ്‌ലിംകൾ സാധാരണ ക്കാരനായ നിസ്സാരനായ ഒരു മനു ഷ്യനായി മാത്രം ചിത്രീകരിച്ചപ്പോൾ മറ്റൊരു വിഭാഗം അതിശയോക്തി കൊണ്ടും അതിവർണന കൊണ്ടും പ്രവാചകനെ മനുഷ്യരിൽ നിന്ന് വള രെ വിദൂരത്തിലാക്കിയിരുന്നു. ഈ അവസരം മുതലെടുത്ത് കൊണ്ട് ഇ സ്‌ലാമിന്റെ എതിരാളികൾ ആ മഹാ ത്മാവിനെ തേജോവധം ചെ യ്തുകൊണ്ടിരുന്നു.

ഈ കാലഘട്ടത്തിൽ ***ഈ വ്യക്തി റസൂൽ തിരുമേനിയെ അങ്ങേയറ്റം സ്നേഹിക്കുന്നവനാണ്*** എന്ന ആ കാശീയ ബഹുമതി കരസ്ഥമാക്കിയ അഹ്മദിയ്യത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) പ്രവാചകന്റെ യ ഥാർഥ ജീവിതവും മഹത്വവും ശ്രേ ഷ്ഠതയും ലോകത്തിന് കാണിച്ച് കൊടുത്തു. അദ്ദേഹം ലോകത്തോ ട് ഉച്ചൈസ്തരം പറഞ്ഞു:

നിങ്ങൾ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ സത്യതക്കുള്ള തെ ളിവ് അന്വേഷിക്കുകയാണോ എ

ലോകത്ത് അവതീർണരായ എല്ലാ പ്രവാചകന്മാർക്ക് ശേഷവും ഖിലാഫത്ത് ഉണ്ടായിട്ടുണ്ട്. ഖലീഫ എന്നാൽ പ്രവാചകന്റെ പ്രാതിനിധ്യം വഹിക്കുന്ന വ്യക്തി എന്നാണ് ഇസ്ലാമിക സങ്കേതിക അർഥം. പ്രവാചകനെ ഏതൊരു ലക്ഷ്യത്തിന് വേണ്ടിയാണോ അയച്ചത് അതിന്റെ പൂർത്തീകരണമാണ് ഖിലാഫത്തിലൂടെ നടക്കുന്നത്. ലോകത്ത് പ്രവാചകന്മാർ വരുന്നത് ഭരണം സ്ഥാപിക്കാനോ, ഭരണകൂടങ്ങൾക്ക് എതിരിൽ വിപ്ലവങ്ങൾ ഉണ്ടാക്കാനോ, അക്രമങ്ങൾ നടത്താനോ രക്തചൊരിച്ചിലുകൾക്കോ വേണ്ടിയല്ല. മറിച്ച് ധാർമികമായും ആധ്യാത്മികമായും അധഃപതിച്ച മനുഷ്യനെ ധാർമികമായും സ്വഭാവപരമായും ഉയർത്തുകയും അല്ലാഹുവിനെ കുറിച്ചുള്ള തിരിച്ചറിവ് നൽകി അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നവരാക്കി തീർക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ്. ഈ മഹത്തായ ലക്ഷ്യത്തിന്റെ ബീജാവാപമാണ് പ്രവാചകന്മാർ നടത്തുന്നത്. പിന്നീടത് വളരുകയും പടർന്ന് പന്തലിക്കുകയും ചെയ്യുന്നത് ഖിലാഫത്തിലൂടെയാണ്.

ഖാത്തമുൽ അമ്പിയാഅ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ വിയോഗത്തിന് ശേഷവും ഈ ആത്മീയ വ്യവസ്ഥിതി നിലവിൽ വന്നു. എന്നാൽ ആ മഹാത്മാവിന്റെ പ്രവചനമനുസരിച്ച് ഏതാനും വർഷം കൊണ്ട് തന്നെ ഖിലാഫത്തെ റാശിദ ഇല്ലാതായി. പിന്നീട് പ്രവചനത്തിൽ പ്രതിപാദിക്കപെട്ട പ്രകാരം മർദകരും നിഷ്ഠൂരരുമായ ഭരണാധികാരികൾ സ്ഥാനമാനങ്ങൾ കൈയേറി. എന്നാൽ മുഹമ്മദ് മുസ്തഫാ (സ) തിരുമേനി ഇതേ പ്രവചനത്തിൽ ഈ സന്തോഷ വാർത്തയും നല്കിയിരുന്നു:

ഈ ഒരോ കാലഘട്ടവും കടന്ന് കഴിഞ്ഞാൽ **"പിന്നീട് നുബൂവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് നിലവിൽ വരും."**

റസൂൽ തിരുമേനി (സ) വാഗ്ദാനം ചെയ്ത മഹ്ദിയും മസീഹും ഉമ്മത്തീ നബിയുമായി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) പ്രത്യക്ഷപ്പെട്ടതോടെ ഈ പ്രവചനം പൂർത്തീകരിക്കപ്പെട്ടു. മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ജീവിതമാതൃക പിൻപറ്റി ആ മഹാത്മാവിന്റെ ജീവിതം ലോകത്ത് പ്രചരിപ്പിക്കുകയും അദ്ദേഹത്തിനെതിരിലുള്ള ആരോപണങ്ങളുടെ യാഥാർഥ്യവും ലക്ഷ്യവും ലോകത്തിന് കാണിച്ച് കൊടുക്കുകയും ചെയ്തു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ വിശുദ്ധ ജീവിതവും അധ്യാപനങ്ങളും ആർക്കും ആരോപണങ്ങൾ കൊണ്ടോ പ്രകോപനങ്ങൾ കൊണ്ടോ തകർക്കാൻ സാധിക്കുകയില്ലെന്നും ഇന്നും അത് മാർഗദർശനവും മാതൃകയുമാണ് എന്ന ഉറച്ചബോധം അഹ്മദിയ്യത്ത് നല്കിയ ജീവനുള്ള പ്രവാചകൻ എന്ന ആശയത്തിന്റെ സ്വാധീനമാണ്.

അഹ്മദിയ്യത്ത് ലോകത്തിന് നല്കിയ മറ്റൊരു സംഭാവന ഖിലാഫത്ത് എന്ന അതിമഹത്തായ ദൈവീക അനുഗ്രഹമാണ്. ഇന്ന് ഖിലാഫത്ത്, ഭീകരതയുടെയും തീവ്രവാദത്തിന്റെയും അട്ടിമറിയുടെയും രക്തചൊരിച്ചിലിന്റെയും പ്രതീകമാണ്. ഖിലാഫത്ത് എന്ന ആത്മീയ വ്യവസ്ഥിതിയുമായുള്ള മുസ്ലിംകളുടെ വൈകാരിക ബന്ധത്തെ മുതലെടുക്കുവാൻ എല്ലാ കാലഘട്ടത്തിലും തൽപരകക്ഷികൾ ശ്രമിച്ചിട്ടുണ്ട്. കാരണം ഖിലാഫത്തില്ലാത്ത ഒരു ലോകം മുസ്ലിംകൾക്ക് വിഭാവന ചെയ്യാൻ പോലും സാധ്യമല്ലായിരുന്നു. അതുകൊണ്ടാണ് ബ്രിട്ടീഷ് ചക്രവർത്തിനിയുടെ മുഖത്ത് നോക്കി ഹിന്ദുസ്താൻ അല്ലെങ്കിൽ ഖബർസ്താൻ എന്ന് പറഞ്ഞ ധീരദേശാഭിമാനി മൗലാനാ മുഹമ്മദ് അലി നാമമാത്രമായ തുർക്കി ഖിലാഫത്ത് അവസാനിച്ചപ്പോൾ ആത്മഹത്യക്ക് ഒരുങ്ങിയത്. മലബാറിലെ മുസ്ലിംകൾ ബ്രിട്ടീഷ്ക്കാർക്കെതിരെ കലാപത്തിന് ഒരുങ്ങുകയും തങ്ങളുടെ ജീവനും സമ്പത്തും ഹോമിക്കുകയും ചെയ്തത്. എന്നാൽ യഥാർഥത്തിൽ ഇസ്ലാം വിഭാവന ചെയ്യുന്ന ഖിലാഫത്ത് എന്താണ്? മുഹമ്മദ് മുസ്തഫാ (സ) തിരുമേനി പറയുകയുണ്ടായി: **"ഖിലാഫത്ത് ഇല്ലാത്ത ഒരു നുബൂവത്തും ലോകത്ത് ഉണ്ടായിട്ടില്ല."**

ങ്കിൽ മുഹമ്മദ് (സ) ക്കുള്ള തെളിവ് മുഹമ്മദ് (സ) തന്നെയാണ്.

ആ മഹാത്മാവിനെതിരിൽ ആരോപിക്കപ്പെട്ട എല്ലാ ആരോപണങ്ങൾക്കും ആ വിശുദ്ധ ജീവിതം കൊണ്ട് മറുപടി നല്കി എതിരാളികളുടെ വായടപ്പിച്ച് വാഗ്ദത്ത മസീഹ് പറഞ്ഞു:

എല്ലാ ഉന്നത സ്വഭാവ ഗുണങ്ങളും അദ്ദേഹത്തിൽ പരിപൂർണത പ്രാപിച്ചിരിക്കുന്നു. സകല കാലത്തെയും അനുഗ്രഹങ്ങൾ അദ്ദേഹത്തിൽ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു

ഒരു മനുഷ്യന് ജീവിതത്തിൽ നേരിടേണ്ടി വരുന്ന എല്ലാ അവസ്ഥകളും നേരിടുകയും എന്നാൽ ഈ ഘട്ടങ്ങളിലെല്ലാം ഉന്നതമായ സ്വഭാവ മാഹാത്മ്യം പ്രകടിപ്പിക്കുകയും ചെയ്ത ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിക്ക് തുല്യനായ മറ്റൊരാളെ കാണിക്കാൻ അദ്ദേഹം ലോകത്തെ വെല്ലുവിളിച്ചു.

മുമ്പ് പതിനായിരം വർഷം കൊണ്ട് നേടാൻ സാധിക്കുമായിരുന്ന ആത്മീയ പ്രകാശം ഈ പ്രവാചകന്റെ തണലിൽ പത്ത് ദിവസം സഞ്ചരിക്കുന്നതിലൂടെ സാധിക്കുമെന്ന് പറഞ്ഞ അദ്ദേഹം പ്രവാചക ജീവിതം എല്ലാ തലങ്ങളിലുള്ള മനുഷ്യർക്കും മാതൃകയാണെന്നും തനിക്ക് ലഭിച്ച എല്ലാ ആത്മീയ അനുഗ്രഹങ്ങളും ഈ പ്രവാചകനെ പിൻപറ്റിയതിലൂടെ മാത്രമാണ് ലഭിച്ചത് എന്ന് പറഞ്ഞ് തന്റെ അസ്തിത്വം ലോകത്തിന് മുന്നിൽ തെളിവായി സമർപ്പിച്ചു.

ഇന്നും ഡെൻമാർക്കിലെ കാർട്ടൂൺ പ്രശ്നത്തിലും അമേരിക്കയിൽ സിനിമ നിർമിച്ചപ്പോഴും ചാർലി ഏബ്ദോയുടെ വിലകുറഞ്ഞ പ്രസിദ്ധിക്ക് വേണ്ടിയുള്ള ശ്രമത്തിലും ഇതര മുസ്ലിം സംഘടനകൾ അക്രമത്തിന്റെയും നിയമലംഘനത്തിന്റെയും സമരമുറകളുടെയും മാർഗം സ്വീകരിച്ചപ്പോൾ 207 രാജ്യങ്ങളിൽ വസിക്കുന്ന അഹ്മദികൾ തങ്ങളുടെ ഇമാമിന്റെ ആഹ്വാനമനുസരിച്ച് വേദനാ നിർഭരമായ സ്വലാത്ത് കൊണ്ട് ദൈവീക അനുഗ്രഹം സ്വാംശീകരിച്ച് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)

സ്ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) നിയോഗിതനാകുകയും ആ മഹാത്മാവിന്റെ വിയോഗത്തിന് ശേഷം അല്ലാഹുവിന്റെ ചിരപുരാതനമായ സുന്നത്ത് അനുസരിച്ച് നുബൂവ്വത്തിന്റെ മാർഗത്തിൽ രണ്ടാം ശക്തി പ്രഭാവമായ ഖിലാഫത്ത് നിലവിൽ വരുകയും ചെയ്തു. ഖിലാഫത്ത് എന്നത് സത്യവിശ്വാസികൾക്കും സൽകർമകാരികൾക്കും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന ആത്മീയ വ്യവസ്ഥിതിയാണ്. ആയുധബലം കൊണ്ടോ എണ്ണ പണം കൊണ്ടോ അത് കരസ്ഥമാക്കാൻ സാധ്യമല്ല. ഖിലാഫത്ത് ഉണ്ടാകണമെങ്കിൽ ആദ്യം നുബൂവ്വത്ത് ഉണ്ടാവണം. സമീപകാലചരിത്രത്തിൽ ഖിലാഫത്ത് മോഹവുമായി എഴുന്നേറ്റ ശരീഫ് ഹുസൈന്റെയും ഫുവാദ് രാജാവിന്റെയും, ഫൈസൽ രാജാവിന്റെയും പര്യവസാനത്തിൽ നിന്ന് ഖിലാഫത്ത് മോഹികൾ പാഠം ഉൾകൊള്ളേണ്ടതാണ്. ആലിമുസ്ലിയാരെ ഖലീഫയാക്കാനുള്ള മലബാറിലെ മുസ്ലിംകളുടെ പരാജയത്തിന്റെ കഥയും ചരിത്രത്തിലുണ്ട്.

എന്നാൽ നുബൂവ്വത്തിനെ തുടർന്നുള്ള അഹ്മദിയ്യാ ഖിലാഫത്തിനെ ഇല്ലാതാക്കാൻ ലോകത്ത് എന്തെല്ലാം ശ്രമങ്ങൾ നടന്നു. റാബിത്ത പ്രമേയങ്ങൾ പാസാക്കി. ഭൂട്ടോയും ഫൈസലും ഗൂഢാലോചനകൾ നടത്തി. സിയാവുൽ ഹഖ് തുടച്ച് നീക്കും എന്ന് വീരവാദം മുഴക്കി. എന്നാൽ എന്താണ് സംഭവിച്ചത്. റാബിത്തയുടെ പ്രമേയങ്ങൾ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ ഇടം തേടിയപ്പോൾ, ഭൂട്ടോയും ഫൈസലും നിന്ദ്യരും അപമാനിതരുമായി ലോകത്ത് നിന്ന് വിട പറഞ്ഞു. സിയാവുൽ ഹഖ് ദൈവീക വിധി പ്രകാരം ആകാശത്തിന്റെ അനന്തതയിൽ ധൂളീകരിക്കപ്പെട്ടു. അഹ്മദിയ്യാ ഖിലാഫത്ത് ഇന്നും പ്രൗഢിയോടും പ്രതാപത്തോടും കൂടി ലോകത്ത് ഇസ്ലാമിനെ പ്രതിനിധീകരിച്ച് കൊണ്ട് ആഗോളതലത്തിൽ വിരാജിക്കുന്നു,

അശാന്തിയുടെയും അസമാധാനത്തിന്റെയും യുദ്ധഭീതിയുടെയും ഈ കാലഘട്ടത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പരിശുദ്ധ മാതൃക പിൻപറ്റി കൊണ്ട് അഹ്മദിയ്യാ ഖലീഫ രാഷ്ട്ര തലവന്മാർക്കും ലോകനേതാക്കൾക്കും കത്തുകൾ എഴുതി കൊണ്ട് ലോകത്ത് സമാധാനവും പരസ്പര ബഹുമാനവും ഊട്ടിയുറപ്പിക്കാൻ ആഹോരാത്രം പരിശ്രമിച്ച് കൊണ്ടിരിക്കുന്നു. ഇസ്ലാമിന്റെ സമാധാന സന്ദേശം ലോകത്ത് പ്രചരിപ്പിച്ച് കൊണ്ട് ഇസ്ലാമിനെ കുറിച്ചുള്ള തെറ്റിധാരണ ലോകത്ത് നിന്ന് വിപാടനം ചെയ്ത് കൊണ്ടിരിക്കുന്നു. തന്റെ അനുയായികളിൽ സ്വരാജ്യത്തോടുള്ള സ്നേഹവും പ്രതിബദ്ധതയും വളർത്തുകയും മനുഷ്യകുലത്തിന്റെ സേവനത്തിനായി അവരെ സന്നദ്ധരാക്കുകയും, അവരുടെ ആത്മീയവും ഭൗതീകവുമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിച്ച് കൊണ്ട് അവരുടെ സുഖങ്ങളിലും ദുഃഖങ്ങളിലും പങ്കാളിയായി,അവർക്ക് വേണ്ടി പ്രാർഥിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു.ലോകത്തിലെ ഓരോ അഹ്മദിയും ഈ ആത്മീയ ചഷകത്തിൽ നിന്ന് ദിവസവും ദിവ്യജ്ഞാനം പാനം ചെയ്ത്കൊണ്ടിരിക്കുന്നു. ഇതിനുള്ള തെളിവ് എനിക്ക് എന്റെ മുന്നിരിക്കുന്ന അഹ്മദികളെ മാത്രമേ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

ഖിലാഫത്തിനെ ചിലർ വെറുപ്പിന്റെയും സങ്കുചിതത്ത്വത്തിന്റെയും പ്രതീകമാക്കുമ്പോൾഅഹ്മദിയ്യാ ഖിലാഫത്തിന്റെ സന്ദേശം Love For All Hatred For None –എന്നാണ്. ഖിലാഫത്ത് ഭീതിയുടെ പര്യായപദമാകുമ്പോൾ അഹ്മദിയ്യാ ഖിലാഫത്തിന്റെ സന്ദേശം സമാധാനം, സമത്വം, സ്വാതന്ത്ര്യം എന്നതാണ്.ഖലീഫ തീവ്രവാദത്തിന്റെ തലവനായി ലോകത്ത് പ്രത്യക്ഷപ്പെടുമ്പോൾ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) നെ ലോകം വിശേഷിപ്പിക്കുന്നത് Champion Of Peaceഎന്നും സമാധാനത്തിന്റെ രാജകുമാരൻ എന്നുമാണ്.

അതെ യഥാർഥ ഖിലാഫത്തിനെ ലോകത്തിന് സംഭാവന ചെയ്യാൻ അഹ്മദിയ്യത്തിന് സാധിച്ചു. വിശുദ്ധ ഖുർആനിലെ സൂറത്തുന്നൂറിൽ പ്രതിപാദിക്കപ്പെട്ട അല്ലാഹുവിന്റെ ഈ രണ്ടാം ശക്തി പ്രഭാവം നൂറുദ്ദീനിലൂടെ ഉദയം ചെയ്ത് മസ്റൂറിലൂടെ ലോകത്തെ പ്രകാശിതമാക്കി കൊണ്ടിരിക്കുന്നു.

**"ജനങ്ങളെ ഇങ്ങോട്ടു വരൂ! ഇവിടെ നിങ്ങൾക്ക് ദൈവീക പ്രകാശം കാണാം.**

**ഇതാ നിങ്ങൾക്ക് സമാധാനത്തിന്റെ മാർഗം നാം പറഞ്ഞ് തന്നിരിക്കുന്നു."**

സമാധാനം എന്ന് അർഥം വരുന്ന ഇസ്ലാം എന്ന വാക്ക് പേരായി സ്വീകരിച്ച മതമാണ് ഇസ്ലാം. ആരുടെ കൈയിൽ നിന്നും നാവിൽ നിന്നുമാണോ അന്യർ സുരക്ഷിതരായിരിക്കുന്നത് ആയാളാണ് മുസ്ലിം അഥവാ ഇസ്ലാം സ്വീകരിച്ച വ്യക്തി എന്ന് പഠിപ്പിച്ച പ്രവാചകനാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ). എന്നാൽ ഇന്ന് ഇസ്ലാം അസമാധാനത്തിന്റെയും തീവ്രവാദത്തിന്റെയും പ്രതീകമാണ്.ഇസ്ലാമോഫോബിയ എന്നത് അതുകൊണ്ട് തന്നെ ചരിത്രത്തിലെ ഏറ്റവും വലിയ വൈരുദ്ധ്യമായിരിക്കാം. കറുത്തവനും വെളുത്തവനും ധനികനും ദരിദ്രനും അറബിയും അനറബിയും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്ത സർവലോക സാഹോദര്യത്തിന്റെ സന്ദേശം ഉയർത്തിയ മതമാണ് ഇസ്ലാം. എന്നാൽ ഇന്ന് ഇസ്ലാം ദേശത്തിന്റെയും ഭാഷയുടെയും വർഗത്തിന്റെയും വർണത്തിന്റെയും പേരിൽ പരസ്പരം യാതൊരു ബന്ധവുമില്ലാത്ത ചെറിയ ചെറിയ സംഘങ്ങൾ മാത്രമാണ്. ഇസ്ലാം പേരായി മാത്രം അവശേഷിക്കുന്ന കാലത്തെ കുറിച്ച് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി നടത്തിയ പ്രവചനം അക്ഷരം പ്രതിപുലർന്നിരിക്കുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ യഥാർഥ ഇസ്ലാമിക സംഘത്തെ കുറിച്ച് ആ മഹാത്മാവ് പറഞ്ഞു:

**"ആ സംഘം അൽ ജമാഅത്ത് ആയിരിക്കും."**

ഹദ്റത്ത് ഉമർബിനു ഖത്താബ്

(റ) ഒരിക്കൽ വിശദീകരിക്കുകയുണ്ടായി:

**"അൽ ജമാഅത്ത് ഇല്ലാതെ ഇസ്ലാം ഇല്ല."**

**"അൽ ജമാഅത്ത് ആകണമെങ്കിൽ അതിന് ഇമാം ഉണ്ടായിരിക്കണം."**

**"ആ നേതാവ് പൂർണമായുംഅനുസരിക്കപ്പെടുന്ന നേതാവായിരിക്കണം"**

ഇന്ന് ആഗോള തലത്തിൽ പ്രവർത്തിക്കുന്ന ഏക ഇസ്‌ലാമിക പ്രസ്ഥാനം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണ്. ഒരു കൈ ഉയർത്തുമ്പോൾ എഴുന്നേൽക്കുകയും അതേ കൈ താഴ്ത്തുമ്പോൾ ഇരിക്കുകയും ചെയ്യുന്ന ഒരു ആഗോള ആത്മീയ നേതൃത്വം അഹ്മദിയ്യത്തിനുണ്ട് കറുത്തവനും, വെളുത്തവനും ധനികനും ദരിദ്രനും ഒരേ മനസും ഒരേ ലക്ഷ്യവും ഒരേ വിശ്വാസവുമായി ഒരു ഇമാമിന്റെ കീഴിൽ അണിനിരക്കുന്ന കാഴ്ച നിങ്ങൾക്ക് അഹ്മദിയ്യത്തിൽ മാത്രമേ കാണാൻ സാധിക്കൂ. താഴെ നിന്ന് തുടങ്ങി ഖിലാഫത്ത് വരെ എത്തിനില്ക്കുന്ന കണ്ണി മുറിയാത്ത ഒരു വ്യവസ്ഥിതി അഹ്മദിയ്യത്തിനുണ്ട്. ഒരു ബൈത്തുൽ മാൽ സംവിധാനം അഹ്മദിയ്യത്തിനുണ്ട്. സ്ത്രീകളും പുരുഷന്മാരും കുട്ടികളും യുവാക്കളും ധനികരും ദരിദ്രരും ബൈത്തുൽ മാൽ സംവിധാനത്തിൽപങ്കാളികളാകുന്നു. അതു മുഖേന ലോകം മുഴുവൻ ജാതിമത ഭേദമന്യേ സേവനംചെയ്തുകൊണ്ടിരിക്കുന്നു. സ്ക്കൂളുകളും ഹോസ്പിറ്റലുകളും നടത്തുന്നു. ആഫ്രിക്കയിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കുന്നു. മോഡൽ ഗ്രാമങ്ങൾ നിർമിക്കുന്നു. Humanity First എന്ന പേരിൽ ആഗോള ജീവകാരുണ്യ സംഘടന പ്രവത്തിക്കുന്നു. ആധുനിക മാധ്യമങ്ങളിലൂടെ ഇസ്‌ലാമിക സന്ദേശം പ്രചരിപ്പിക്കുന്നു. ലോകം മുഴുവൻ ഇസ്‌ലാമിക പ്രബോധകരെ അയക്കുന്നു. വിശുദ്ധ ഖുർആനും ഇസ്‌ലാമിക സാഹിത്യങ്ങളും ലോകം മുഴുവൻ പ്രസിദ്ധീകരിക്കുന്നു. മാതാപിതാക്കൾ മനുഷ്യകുലത്തിന്റെ സേവനത്തിനായി തങ്ങളുടെ മക്കളെ സമർപ്പിക്കുന്നു. മക്കൾ ഹദ്റത്ത് ഇസ്മായീലിന്റെ മാതൃകയെ പിൻപറ്റിക്കൊണ്ട് എല്ലാ ത്യാഗങ്ങൾക്കും തയ്യാറായി മനുഷ്യകുലത്തെ സോവിക്കുന്നു. സർവോപരി അല്ലാഹുവിലുള്ള ഉറച്ച വിശ്വാസം കരസ്ഥമാക്കി അവന്റെ പ്രീതി മാത്രം മുന്നിൽ കണ്ട് അഹ്മദികൾ ലോകം മുഴുവൻ പ്രവർത്തിക്കുന്നു.

ഞാൻ സുപ്രസിദ്ധ മുസ്‌ലിം പത്രപ്രവർത്തകനും ചിന്തകനും പണ്ഡിതനുമായ അല്ലാമ നിയാസ് ഫത്തഹ് പൂരിയുടെ വാക്കുകളെ കടമെടുക്കട്ടെ. അദ്ദേഹം പറയുന്നു;

**"നിശ്ചയമായും അദ്ദേഹം (ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി അലൈഹിസ്സലാം) ഇസ്‌ലാമിക സ്വഭാവഗുണങ്ങളെ പുനരുജ്ജീവിപ്പിക്കുകയും നിശ്ചയമായും പ്രവാചകൻ (സ) യുടെ മാതൃകയുടെ പ്രതിബിംബമായിട്ടുള്ള ഒരു ജമാഅത്തിനെ സ്ഥാപിച്ച് കാണിക്കുകയും ചെയ്തു എന്നതിൽ അഭിപ്രായ വ്യത്യാസമില്ല."**

ഒരു യഥാർഥ ഇസ്‌ലാമിക സമൂഹത്തെ അഹ്മദിയ്യത്ത് ലോകത്തിന് സമർപ്പിച്ചു.

ലോകത്തിലെ പ്രധാനപ്പെട്ട മൂന്ന് മതങ്ങളുമായി അഭേദ്യമായ ബന്ധമുള്ള അസ്തിത്വമാണ് ഹദ്റത്ത് ഈസാ (അ) അഥവാ യേശു കൃസ്തു.

കെട്ടുകഥകളും സങ്കൽപങ്ങളും ഇതിഹാസവൽകരണവും കാരണം ആ മഹാത്മാവിന്റെ യഥാർഥ ജീവിതം എന്നും അജ്ഞാതമായിരുന്നു. തന്റെ സമുദായത്തിൽ യഥാർഥ ഏക ദൈവവിശ്വാസം സ്ഥാപിച്ച് പണ്ഡിതന്മാരുടെ ഉരുക്ക് ചങ്ങലയിൽ നിന്ന് സമൂഹത്തെ രക്ഷപ്പെടുത്തി, അവരെ ദൈവവുമായി അടുപ്പിക്കാൻ ശ്രമിച്ചതിന്റെ പേരിൽ മനുഷ്യമനസിനെ കിടിലംകൊള്ളിക്കുന്ന പീഡനങ്ങൾക്കും മർദനങ്ങൾക്കും വിധേയനായ മഹാനായ പ്രവാചകനാണ് ഹദ്റത്ത് ഈസാ നബി അഥവാ യേശു ക്രിസ്തു (അ). എന്നാൽ പിൽക്കാലത്ത് അദ്ദേഹത്തിന്റെ സ്ഥാനത്തിനും മഹത്വത്തിനും എതിരിലുള്ള വിശ്വാസങ്ങൾ അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടു.

ദൈവത്തിന്റെ വരിഷ്ട ദാസനായ ഹദ്റത്ത് ഈസാ (അ) നെ കുരിശിലേറ്റി ശാപമരണത്തിന് വിധേയനാക്കാൻ പ്രവാചക നിഷേധികളായ യഹൂദികൾ നടത്തിയശ്രമം പരാജയപ്പെട്ടുവെന്നും അങ്ങേയറ്റം അപമാനകരമായ കുരിശുമരണത്തിൽ നിന്ന് മറ്റു പ്രവാചകന്മാരെ ഇത്തരം സന്ദർങ്ങളിൽ അല്ലാഹു രക്ഷിച്ചത് പോലെ അദ്ദേഹത്തെയും രക്ഷപ്പെടുത്തിയെന്നും തുടർന്ന് അദ്ദേഹം തന്റെ കാണാതെപോയ കുഞ്ഞാടുകളെ തേടി ഇന്ത്യയിലെ കശ്മീരിൽ എത്തിയെന്നും അവിടെവെച്ച് സ്വാഭാവിക മരണം വരിച്ച് ഇതരമനുഷ്യരെ പോലെ ഇഹലോകവാസം വെടിഞ്ഞു എന്ന യാഥാർഥ്യം, മതഗ്രന്ഥങ്ങളുടെയും ചരിത്ര സാക്ഷ്യങ്ങളുടെയും ശാസ്ത്രീയ തെളിവുകളുടെയും അടിസ്ഥാനത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ തെളിയിച്ച് കാണിച്ചു. നൂറ് വർഷങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹ് (അ) ലോകത്തിന് മുന്നിൽ വെച്ച ഈ ചരിത്ര സത്യം ആധുനിക ചരിത്രവിദ്യാർഥികൾ പഠന വിധേയമാക്കി സാക്ഷ്യപ്പെടുത്തുമ്പോൾ അഹ്മദിയ്യത്ത് ലോകത്തിന് നല്കിയ ഈ സംഭാവനയെയും നിഷേധിക്കാൻ സാധിക്കുകയില്ല.

ഇത് നിസാര പ്രശ്നമായി തള്ളാവുന്ന കേവലം ഒരു മനുഷ്യന്റെയോ ,ഒരു പ്രവാചകന്റെയോ ജീവൽമരണ പ്രശ്നമല്ല. മറിച്ച് ലോകത്തെ തൗഹീദിന്റെ കൊടികീഴിൽ ഒരുമിച്ച് കൂട്ടുന്നതിനുള്ള അടിസ്ഥാനശിലയാണ് .ലോകം പ്രതീക്ഷിച്ച് കൊണ്ടിരിക്കുന്ന നവോത്ഥാന നായകന്റെ അസ്തിത്വത്തിന്റെ പ്രശ്നമാണ്. ലോകത്തിലെ പ്രബലരായ മൂന്ന് മതങ്ങളുടെ വിശ്വാസത്തിന്റെയും ആത്മീയതയുടെയും പ്രശ്നമാണ്. പ്രബുദ്ധരായ ഒരു സമൂഹത്തിന് ഈ പ്രശ്നത്തിനുള്ള ശരിയായ മറുപടി നല്കാൻ സാധിക്കാത്തത് കൊണ്ടാണ് ഈസാ നബിയുടെ യഥാർഥ ജീവിതം ഇന്നും തമസ്കരിച്ചുകൊണ്ടിരിക്കുന്നത്. സങ്കീർണമായ ഈ പ്രശ്നത്തിന് യുക്തിഭദ്രവും തെളിവു

കളിലധിഷ്ഠിതവുമായ ഒരു ശാശ്വത പരിഹാരം നിർദേശിക്കാൻ അഹ്മദിയ്യത്തിന് സാധിച്ചു.

ലോക സമാധാനത്തിനായി അഹ്മദിയ്യത്ത് മുന്നോട്ട്വെച്ച യഥാർഥ ഇസ്ലാമിക അധ്യാപനങ്ങൾ വഴികാട്ടിയും മാർഗദർശനവുമാണ്. സമീപ ഭാവി അഹ്മദിയ്യത്തിന്റെ ഈ മഹത്തായ സംഭാവനകളെ അംഗീകരിക്കും എന്നതിൽ സംശയമില്ല. ആധുനിക കാലഘട്ടത്തിൽ ഏറെ വിവാദത്തിന് വിധേയമായ ജിഹാദിന്റെ യഥാർഥത്തിലുള്ള ഉദ്ദേശ്യം ആത്മസംസ്ക്കരണവും വിശുദ്ധ ഖുർആന്റെ മനോഹര അധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യലാണെന്ന് പറഞ്ഞ വാഗ്ദത്ത മസീഹ് ഈ കാലഘട്ടത്തിൽ മതത്തിന്റെ പേരിൽ ആയുധം എടുക്കുന്നത് നിഷിദ്ധമാണ് എന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഈ ദൈവീക വിധിയെ ധിക്കരിക്കുകയാണെങ്കിൽ കടുത്ത അപമാനം നേരിടേണ്ടിവരും എന്ന് അദ്ദേഹം മുസ്ലിം ലോകത്തിന് മുന്നറിയിപ്പ് നല്കി. ആ മഹാത്മാവിന്റെ മുന്നറിയിപ്പിനെ വകവെക്കാതെ ജിഹാദിന്റെ പേരിൽ ആയുധമെടുത്ത മുസ്ലിംകൾ അപമാനവും പരാജയവും നേരിട്ടതിന് ശേഷം അഹ്മദിയ്യത്തിന്റെ ആശയം അംഗീകരിക്കാൻ നിർബന്ധിതരായിരിക്കുന്നു. ഒരു കാലഘട്ടത്തിൽ അഹ് മദിയ്യത്ത് ജിഹാദിനെ നിർത്തലാക്കിയെന്ന് മുറവിളി കൂട്ടിയവർ ഇന്നേക്ക് 100 വർഷങ്ങൾക്ക് മുമ്പ് അഹ്മദിയ്യത്ത് നല്കിയ വിശദീകരണം അംഗീകരിക്കാൻ നിർബന്ധിതരായിരിക്കുന്നു.

ജിഹാദിനെ കുറിച്ചുള്ള തെറ്റായ ചിന്താഗതിയും വാളും യുദ്ധവും രക്തചൊരിച്ചിലുമായി പ്രത്യക്ഷപ്പെടുന്ന മസീഹിലും മഹ്ദിയിലും ഉള്ള വിശ്വാസവും അതിലൂടെ ഉണ്ടാകുന്ന വിജയപ്രതീക്ഷയും മുസ്ലിം സാമൂഹ്യമനസിനെ എത്രകണ്ട് സ്വാധീനിച്ചിട്ടുണ്ട് എന്ന് സാമൂഹ്യ ശാസ്ത്രജ്ഞന്മാർ പഠന വിധേയമാക്കേണ്ടതാണ്. ഏതുവരെ ഈ തെറ്റായ വിശ്വാസവും ചിന്താഗതിയും ദൂരീകരിക്കുന്നില്ലയോ അതുവരെ ഈ സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ സാധ്യമല്ല. അഹ്മദിയ്യാ ജമാഅത്ത് ഇത്തരം അനിസ്ലാമിക വിശ്വാസങ്ങളെയും തെറ്റായ ചിന്താഗതികയെയും ഇല്ലാതാക്കി ഈ പ്രവചനങ്ങളുടെ യാഥാർഥ്യം വിശദീകരിച്ച് കൊണ്ട് സമൂഹത്തിന് യഥാർഥ ലക്ഷ്യബോധവും യഥാർഥ ഇസ്ലാമിനെയും പ്രദാനം ചെയ്തു.

മതങ്ങളും സമൂഹങ്ങളും തമ്മിലുള്ള സ്പർധയും സംഘർഷവും ഇന്ന് ലോകം നേരിട്ട് കൊണ്ടിരിക്കുന്ന മറ്റൊരു പ്രശ്നമാണ് . ലോകത്ത് എല്ലായിടത്തും ദൈവത്താൽ നിയോഗിതരായ മഹാത്മാക്കളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ സമൂഹങ്ങളിൽ സ്ഥായിയായ സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. അഹ്മദിയ്യത്ത് ലോകത്തിന് സംഭാവന ചെയ്ത എല്ലാ മതഗുരുക്കന്മാരെയും ആദരിക്കുക എന്ന ആശയത്തിലേക്ക് ലോകം ശ്രദ്ധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ തന്റെ മരണത്തിന് മണിക്കൂറുകൾക്ക് മുമ്പ് വരെ മതങ്ങളും സമൂഹങ്ങളും പരസ്പരം ഐക്യത്തോടുകൂടി ജീവിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള മാർഗങ്ങളും നിർദേശിച്ച് കൊണ്ട് മൈത്രി സന്ദേശം എന്ന ഗ്രന്ഥം എഴുതുകയായിരുന്നുഎന്നതിൽ നിന്ന് ഈ മേഖലയിലുള്ള അഹ്മദിയ്യത്തിന്റെ പ്രതിബന്ധതയും സംഭാവനയും മനസിലാക്കാൻ സാധിക്കുന്നതാണ്.

അശാന്തിക്കും അസമാധാനത്തിനും മറ്റൊരു കാരണം സാമ്പത്തിക അസമത്വമാണ്. സാമ്പത്തിക സമത്വത്തിനായി ഉയിർത്തെഴുന്നേറ്റ സംഘടനകൾ തകർന്ന് തരിപ്പണമായതിന് ചരിത്രം സാക്ഷിയാണ്. എന്നാൽ 100 വർഷങ്ങൾക്ക് മുമ്പ് ധനികനോട് അകാരണമായ ശത്രുതയോ ദരിദ്രനോട് അനാവശ്യമായ അനുകമ്പയോ ഇല്ലാതെ സ്നേഹത്തോടും സന്തോഷത്തോടും സഹോദരൻ സഹോദരനെ സഹായിക്കുന്ന അൽ വസിയ്യത്ത് എന്ന ഒരു ആഗോള സാമ്പത്തിക പദ്ധതിക്ക് അഹ്മദിയ്യത്തിന്റെ സ്ഥാപകർ തുടക്കം കുറിച്ചു. ഈ പദ്ധതിയുടെ ഭാവിയെ കുറിച്ച് അഹ്മദിയ്യത്തിന്റെ രണ്ടാം ഖലീഫ പറയുന്നു:

അൽ വസിയ്യത്ത് പദ്ധതി പൂർത്തിയാകുമ്പോൾ ഇത് മുഖേന പ്രബോധന പ്രവർത്തനങ്ങൾ മാത്രമല്ല നടക്കുക. മറിച്ച് ഇസ്ലാമിന്റെ ഉദ്ദേശ്യമനുസരിച്ച് ഒരോ മനുഷ്യ സൃഷ്ടിയുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടും. പ്രയാസവും ബുദ്ധിമുട്ടുകളും ലോകത്ത് നിന്ന് തുടച്ച് നീക്കപ്പെടും. അനാഥർ ഭിക്ഷ യാചിക്കുകയില്ല. വിധവ ജനങ്ങൾക്ക് മുന്നിൽ കൈ നീട്ടുകയില്ല. ഒന്നുമില്ലാത്തവൻ പ്രയാസപ്പെട്ട് അലഞ്ഞ് തിരിയുകയില്ല. കാരണം വസിയ്യത്ത് പദ്ധതി കുട്ടികൾക്ക് മാതാവും യുവാക്കൾക്ക് പിതാവും വിധവകൾക്ക് ഭർത്താവുമായിരിക്കും. ബലാൽകാരത്തിന് പകരം സ്നേഹത്തോടും സന്തോഷത്തോടും കൂടി സഹോദരൻ സഹോദരനെ സഹായിക്കും. അഹ്മദിയ്യത്ത് ലോകത്തിന് സംഭാവന ചെയ്ത നവലോകക്രമത്തിന്റെ രൂപത്തിൽ ഭാവിയിൽ ലോകം ഈ പദ്ധതിയെ വിലയിരുത്തും.

അഹ്മദിയ്യത്ത് ലോകത്തിന് നല്കിയ സംഭാവനകൾ നിരവധിയാണ്. സൂക്ഷ്മമായി വിലയിരുത്താൻ സമയം അപര്യാപ്തമാണ്. അഹ്മദിയ്യത്ത് ഒരു വിശുദ്ധ വൃക്ഷമാണ്. അതിന്റെ വേരുകൾ ദൈവസ്നേഹത്തിൽ വിലയം പ്രാപിച്ച് ദൈവവിശ്വാസത്തിൽ അടിയുറച്ചതാണ്. അതിന്റെ ശാഖകൾ മനുഷ്യസമൂഹത്തിന് മേൽ സ്നേഹമായി പടർന്ന് പന്തലിച്ച് നിൽക്കുന്നു. അത് എല്ലാ കാലഘട്ടങ്ങളിലും മധുരഫലങ്ങൾ നൽകികൊണ്ടിരിക്കും.

അഹ്മദിയ്യത്ത് ഒരു മതപണ്ഡിതനാൽ രൂപീകരിച്ച സംഘടനയല്ല. അഹ്മദിയ്യത്ത് ഒരു രാഷ്ട്രീയസാഹചര്യത്തിൽ രൂപംകൊണ്ട ചിന്താഗതിയല്ല. അഹ്മദിയ്യത്ത് അഭിപ്രായ വ്യത്യാസം കൊണ്ട് പിളർന്നതുമായ പ്രസ്ഥാനമല്ല. അഹ്മദിയ്യത്ത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി ദീർഘ ദർശനം ചെയ്ത മഹാത്മാവി

ശേഷം പേജ് 31 ൽ

# ദൈവാസ്തിക്യം
## വിശുദ്ധ ഖുർആനിക/ ശാസ്ത്രസത്യങ്ങളുടെ വെളിച്ചത്തിൽ

കേരള അഹ്മദിയ്യാ ജമാഅത്തിന്റെ നൂറാം വാർഷികത്തോട നുബന്ധിച്ച് കണ്ണൂരിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം

ഇ. എച്ച്. നജീബ്

**ഈ** മഹാപ്രപഞ്ചത്തിലെ അതിസങ്കീർണവും താളാത്മകവുമായ ഘടനാ വൈശിഷ്യങ്ങളും നാം വസിക്കുന്ന ഈ ഭൂതലത്തിലെ ലക്ഷോപലക്ഷം ജൈവ വൈവിധ്യങ്ങളും എന്തിനധികം ആരാലും ഗൗനിക്കപ്പെടാത്ത ഒരു ചെറുമൺ തരിപോലും അന്യൂനനായ ഒരു സ്രഷ്ടാവിന്റെ സ്തുതി ഗീതങ്ങളാണ് ആലപിച്ചു കൊണ്ടിരിക്കുന്നത്. 14 നൂറ്റാണ്ടുകൾക്കു മുമ്പ് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ക്ക് പ്രപഞ്ചനാഥനായ ദൈവത്തിൽ നിന്ന് അവതീർണമായതും സമ്പൂർണവും സുരക്ഷിതവുമായ ദിവ്യ വെളിപാടുകളുടെ പൂർത്തീകരണവുമായ വിശുദ്ധ ഖുർആനിൽ ഇവ്വിഷയകമായി ഇപ്രകാരം പറയുന്നു: ''ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം അവന്റെ പരിശുദ്ധിയെ പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. അവനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കാത്ത ഒരു വസ്തുവും ഇല്ലതന്നെ.'' (വിശുദ്ധ ഖുർആൻ 17 : 45)

ചെറുതും വലുതും ഗോചരവും അഗോചരവും ജൈവവും അജൈവവുമായ എത്രയെത്ര വസ്തുക്കളാണീ പ്രപഞ്ചത്തിലുള്ളതെന്ന് ഒരു നിമിഷം സങ്കല്പിക്കുക. അവയെല്ലാം തന്നെ സ്രഷ്ടാവിന്റെ മഹിമാവിലാസങ്ങളുടെ സങ്കീർത്തനങ്ങളിൽ സ്വയം നിമഗ്നരാണ്.

''സ്രഷ്ടാവിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും അവനെ സ്തുതിക്കുകയും ചെയ്യാത്ത ഒരു വസ്തുവും ഒരു കാര്യവും ഈ മഹാപ്രപഞ്ചത്തിലില്ല.'' എന്ന വിശുദ്ധ ഖുർആന്റെ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ ദൈവാസ്തിക്യത്തിനുള്ള തെളിവെന്ത് എന്നു ചോദിക്കുന്നവരോട് നമുക്ക് പറയുവാനുള്ള പ്രഥമവും പ്രധാനവുമായ മറുപടി 'എന്തിലാണ് തെളിവില്ലാത്തത്'? എന്ന മറു ചോദ്യമാണ്!

വിശുദ്ധ ഖുർആൻ സ്ഥൂല പ്രപഞ്ചത്തെ കുറിച്ച് ആഴത്തിൽ പഠിക്കുവാനും ആകാശഭൂമികളുടേയും ഇതര ജീവ ജാലങ്ങളുടേയും നിർമാണ രഹസ്യത്തിൽ മനനം ചെയ്യുവാനും ആവർത്തിച്ചാവർത്തിച്ച് നമ്മോടാഹ്വാനം ചെയ്യുന്നു. പ്രാകൃത നിയമങ്ങളുടെ സമാഹാരമാണ് എന്നുവരെ നഊദുബില്ലാഹ് വിശുദ്ധ ഖുർആനെ കുറിച്ച് പ്രചരിപ്പിക്കുകയും അത് അന്ധമായി വിശ്വസിക്കുകയും ചെയ്യുന്നവർ പ്രത്യേകം ശ്രവിക്കേണ്ട ചില വചനങ്ങളിവിടെ ഉദ്ധരിക്കുകയാണ്.

വിശുദ്ധ ഖുർആൻ 45-ാം അധ്യായം 4 മുതൽ 7 വരെയുള്ള വചനങ്ങൾ:

"തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലും വിശ്വാസികൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിങ്ങളെ സൃഷ്ടിച്ചതിലും അവൻ വ്യാപിപ്പിക്കുന്ന ജന്തു ജാലങ്ങളിലും ദൃഢവിശ്വാസികളായ ജനങ്ങൾക്ക് നിരവധി ദൃഷ്ടാന്തങ്ങളുണ്ട്. രാവും പകലും മാറി മാറി വരുന്നതിലും അല്ലാഹു ആകാശത്തുനിന്ന് ജീവിത വിഭവങ്ങളിറക്കി അതു മുഖേന അവൻ ഭൂമിയെ അതിന്റെ നിർജീവാവസ്ഥയ്ക്കു ശേഷം ജീവിപ്പിച്ചിരിക്കുന്നു എന്നതിലും കാറ്റുകളെ ഗതിമാറി നിയന്ത്രിക്കുന്നതിലും ചിന്തിച്ചു മനസ്സിലാക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്."

30-ാം അധ്യായം 21 മുതൽ 26 വരെയുള്ള വചനങ്ങളിൽ ഭൂമിയിൽ വ്യാപിച്ച മനുഷ്യ സൃഷ്ടിപ്പിനേയും ഭാഷകളുടേയും വർണങ്ങളുടേയും വൈവിധ്യത്തേയും മഴ, മിന്നൽ, മുതലായ പ്രകൃതി പ്രതിഭാസങ്ങളേയും ഉറക്കം, ഉണർച്ച തുടങ്ങിയ മാനുഷിക സ്വഭാവങ്ങളേയും വിവരിച്ചുകൊണ്ടു പറയുന്നു. തീർച്ചയായും അതിൽ അറിവുള്ളവർക്ക് (ആലമീൻ), 'കൗമിൻ യസ്മഊൻ' ശ്രദ്ധിച്ചു കേൾക്കുന്ന ജനങ്ങൾക്ക് 'കൗമിൻ യഅ്ക്കിലൂൻ' ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. ഇത്തരം പ്രകൃതി പ്രതിഭാസങ്ങൾ അക്കമിട്ടു നിരത്തിയതിനു ശേഷം അല്ലാഹു ഇതും കൂടി ചോദിക്കുന്നു.

***ഫബിഅയ്യി ഹദീസിൻ ബഅ്ദല്ലാഹി വ ആയാതിഹി യുഅ്മിനൂൻ***

ഇത്തരം ശാസ്ത്രീയ തെളിവുകൾക്കപ്പുറം മറ്റെന്ത് തെളിവുകളാണ് മനുഷ്യർക്ക് ഇനി ലഭിക്കേണ്ടത്?

കേവലം ചില വചനങ്ങൾ മാത്രമാണ് ഉദാഹരണമെന്നോണം ഞാൻ ഉദ്ധരിച്ചത്. ഈ പട്ടിക പൂർത്തിയാകണമെങ്കിൽ വിശുദ്ധ ഖുർആനിലെ 750 വചനങ്ങൾ ഉദ്ധരിക്കേണ്ടതായി വരും. അതായത് ഖുർആന്റെ എട്ടിലൊരു ഭാഗം സംസാരിക്കുന്നത് പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ ഗവേഷണം ചെയ്യേണ്ട ആവശ്യകതയെക്കുറിച്ചാണ്. പ്രഗല്ഭ നോബൽ സമ്മാന ജേതാവ് ഡോ. അബ്ദുസലാം

സാഹിബിന്റെ ഒരു ലേഖനത്തിലെ നിരീക്ഷണം ഇപ്രകാരമാണ്: "ഡമസ്ക്കസ് യൂണിവേഴ്സിറ്റിയിലെ ഡോ. അയ്ജാസുൽ ഖാതിബിന്റെ അഭിപ്രായം, വിശുദ്ധ ഖുർആനെക്കാളുപരിയായി മറ്റൊരു ഗ്രന്ഥവും ശാസ്ത്രത്തിന്റെ പ്രാധാന്യത്തിന് ഇത്രയും ഊന്നൽ നല്കിയിട്ടില്ല. നിയമപരമായ കാര്യങ്ങളെ പറ്റി ഖുർആനിൽ 250 വചനങ്ങളുള്ളപ്പോൾ, പ്രകൃതിയെപ്പറ്റി പഠിക്കാനും യുക്തിയെ ഉത്തമമായ രീതിയിൽ ഉപയോഗിക്കാനും ശാസ്ത്രീയ പ്രവർത്തനങ്ങളെ സമൂഹ ജീവിതത്തിന്റെ അവിഭാജ്യഘടകമാക്കാനുമുള്ള ആഹ്വാനങ്ങളടങ്ങിയ 750 വചനങ്ങളാണ് ഖുർആനിലുള്ളത്. ഈ വചനങ്ങൾ ഖുർആന്റെ എട്ടിലൊന്ന് വരും. ഇസ്ലാമിന്റെ വിശുദ്ധ പ്രവാചകൻ പറഞ്ഞത് ജ്ഞാനം ആർജിക്കൽ ഓരോ മുസ്ലിം സ്ത്രീ പുരുഷന്റേയും നിർബന്ധ ബാധ്യതയാണെന്നാണ്."

8 ൽ ഒരു ഭാഗം ശാസ്ത്രീയ ഗവേഷണങ്ങളുടെ പ്രാധാന്യത്തിനായി മാറ്റി വെച്ച വിശുദ്ധ ഖുർആൻ മാത്രമാണ് ആധുനിക ശാസ്ത്രവുമായി സമരസപ്പെടുന്ന science friendly ആയ വേദഗ്രന്ഥം. മത ഗ്രന്ഥം അവിടെ നില്ക്കട്ടെ! ഒരു ശാസ്ത്ര ഗ്രന്ഥത്തിൽ പോലും ഇത്തരത്തിലുള്ള ശക്തമായ വചനങ്ങളുടെ സാന്നിധ്യം അനുഭവിക്കുക പ്രയാസമാണെന്നാണ് ഈ വിനീതന്റെ അഭിപ്രായം. തന്റെ സൃഷ്ടിപ്പിന്റെ സമസ്ത മേഖലകളേയും ചൂണ്ടിക്കാണിച്ചുകൊണ്ട് തന്നെകണ്ടെത്താൻ ആഹ്വാനം ചെയ്യാൻ സാക്ഷാൽ ദൈവത്തിനല്ലാതെ മറ്റാർക്കു കഴിയും.

മത നിഷേധികൾ മതത്തെ വെറുക്കുന്നത് മതം ശാസ്ത്രത്തിന് എതിരാണ് എന്നു സങ്കല്പിച്ചു കൊണ്ടാണ്. ആധുനിക കാലഘട്ടത്തിലെ നിരീശ്വര വാദത്തിന്റെ ശക്തനായ പ്രചാരകനും മത നിഷേധികൾ ഒരു മൂർത്തിയായി ഗണിക്കുകയും ചെയ്യുന്ന Prof. Richard Dawkins നെത്തന്നെ ഇവിടെ ഉദ്ധരിക്കട്ടെ. അദ്ദേഹം പറയുന്നു:

''ഞാൻ മതത്തിനെതിരാണ്. കാരണം പ്രപഞ്ച പഠനത്തെ ഒഴിവാക്കിക്കൊണ്ട് സംതൃപ്തിയടയാനാണ് മതം പഠിപ്പിക്കുന്നത്." പ്രപഞ്ചത്തെ കുറിച്ച് പഠിക്കാതെ ചിന്തിക്കാതെ ഒരിക്കലും സംതൃപ്തിയടരുത് എന്ന പ്രമേയം ഉദ്ഘോഷിക്കുന്ന വിശുദ്ധ ഖുർആനിലെ 750 വചനങ്ങൾക്കു മുന്നിൽ prof. Dawkins അങ്ങേയറ്റം പരിഹാസ്യനാവുകയാണ് എന്ന് പറയാതെ തരമില്ല.

നിന്നും ഇരുന്നും കിടന്നും പ്രപഞ്ച സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിക്കണമെന്ന് 3-ാം അധ്യായം 192-ാം വചനത്തിലൂടെ ആഹ്വാനം ചെയ്യുന്ന വിശുദ്ധ ഖുർആൻ മുന്നിൽ വെച്ചുകൊണ്ട് ഞങ്ങൾ ചോദിക്കട്ടെ, ശാസ്ത്ര ഗവേഷണ വിഷയത്തിൽ ഇത്ര ശക്തമായ ഉപമാലങ്കാര പ്രയോഗം ഏതെങ്കിലും ശാസ്ത്ര ഗ്രന്ഥത്തിൽ നിന്നെങ്കിലും ഉദ്ധരിക്കാൻ കഴിയുമോ?

ദൈവാസ്തിക്യം തെളിയിക്കുന്നതിനായി ഈ കാലഘട്ടത്തിലെ 2 വിഭാഗം ശാസ്ത്രജ്ഞന്മാരെ ഒരു വശത്തും വിശുദ്ധ ഖുർആനെ മറു ഭാഗത്തുമായി നിർത്തിക്കൊണ്ട് ഒരു ലഘു താരതമ്യ പഠനത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. അതിൽ ആദ്യ വിഭാഗം ആധുനിക Darwinism ന്റെ വക്താക്കളായ Naturalist അഥവാ പ്രകൃതിവാദികളായ ശാസ്ത്രജ്ഞന്മാരാണ്. ദൈവമല്ല മറിച്ച് പ്രകൃതി മാത്രമാണ് നമ്മെ സൃഷ്ടിച്ചതെന്നാണവരുടെ വാദഗതി. ചുരുക്കത്തിൽ നിരീശ്വര വാദത്തിന്റെ ചാമ്പ്യന്മാരായി ഭൗതിക ലോകവും ആഗോള Internet മാധ്യമങ്ങളും വിലയിരുത്തിയ പ്രതിഭകളെ പ്രതിക്കൂട്ടിൽ നിർത്തി ഇരുണ്ട യുഗത്തിലെ ഇരുണ്ട ദേശത്തെ നിരക്ഷരനായ ഒരു മനുഷ്യനിലൂടെ ലോകർക്ക് ലഭിച്ച ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വിചാരണ ചെയ്യുമ്പോൾ ആ ഗ്രന്ഥത്തോട് യാതൊരു ദാക്ഷിണ്യമോ പക്ഷപാതിത്വമോ നാം കാണിക്കുന്നില്ല. നിരീശ്വരവാദികൾ ഇതിനെ ഒരു പക്ഷേ ആത്മഹത്യാപരമെന്ന് വിശേഷിപ്പിച്ചേക്കാം

കോടാനു കോടി വർഷങ്ങൾക്കുമുമ്പ് ഒരു ഏകകോശ ജീവിയിൽ നിന്നും ആരംഭിച്ച പരിണാമ യാത്ര യാതൊരുവിധ ബൗദ്ധിക സ്രഷ്ടാവിന്റേയും ആവശ്യം കൂടാതെ പ്രകൃതി ശക്തികളുടെ സ്വാഭാവിക സ്വാധീനത്താൽ വിവിധ ഘട്ടങ്ങളിലായി മനുഷ്യനിലേക്കു പരിണമിച്ചു എന്ന സിദ്ധാന്തമാണ് Theory of evolution അഥവാ പരിണാമസിദ്ധാന്തം.

ജീവന്റെ സകല സമസ്യകൾക്കുമുള്ള ഒരേയൊരുത്തരം ഈ സിദ്ധാന്തമാണെന്നും ഈ കാലഘട്ടത്തിൽ 'ദൈവം ഉണ്ട്' എന്നു പറയുന്നത് അങ്ങേയറ്റം പരിഹാസ്യമാണെന്നുമാണല്ലോ ഇവർ ലോകമെമ്പാടും പ്രചരിപ്പിക്കുന്നത്. എന്നാൽ അതേ സിദ്ധാന്തത്തെ തന്നെ വിശുദ്ധ ഖുർആൻ 1400 വർഷങ്ങൾക്കുമുമ്പു തന്നെ ദൈവാസ്തികൃത്തിന് തെളിവായിട്ട് അവതരിപ്പിച്ചിരിക്കുന്നു എന്നു മാത്രമല്ല ദൈവമഹാത്മ്യത്തിനുള്ള ശക്തമായ പ്രമാണമായി ഉയർത്തിക്കാട്ടുന്നു. ഈ ശാസ്ത്ര സമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് വിശുദ്ധ ഖുർആൻ ചോദിക്കുന്നു. ***നിങ്ങൾക്കെന്ത് പറ്റി, അല്ലാഹുവിന്റെ മഹത്വത്തെ വകവെച്ചുകൊടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? വാസ്തവത്തിൽ അവൻ നിങ്ങളെ വിവിധ രൂപങ്ങളിലും നിരന്തരം മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയിലും സൃഷ്ടിച്ചിട്ടില്ലേ? (വിശുദ്ധ ഖുർആൻ 71 : 14-15)***

ഈ ആധുനിക കാലഘട്ടത്തിൽ ശാസ്ത്ര സമൂഹത്തിൽ പോലും വിവിധ ഘട്ടങ്ങളിലൂടെയാണ് മനുഷ്യൻ പരിണമിച്ചുണ്ടായത് എന്ന theory ക്ക് പൂർണമായ സ്വീകരണം ലഭിച്ചിട്ടില്ല. ഇതിനെ എതിർക്കുന്നവർ ഇന്നുമുണ്ട്. ശാസ്ത്ര സമൂഹത്തിന് ഇന്നുള്ള ആ സംശയം വിശുദ്ധ ഖുർആന് 1400 വർഷങ്ങൾക്ക് മുമ്പുണ്ടായിട്ടില്ല. മനുഷ്യൻ താണ്ടിയ ഈ വിവിധ ഘട്ടങ്ങളെ എണ്ണിപ്പറയുമ്പോഴും വിശുദ്ധ ഖുർആൻ ശാസ്ത്രത്തെ ബഹുദൂരം പിന്നിലാക്കുന്നു.

ഉദാഹാരണമായി പരിണാമ സിദ്ധാന്തത്തിന്റെ ഏറ്റവും ശക്തനായ പ്രചാരകൻ prof. Richard Dawkins നെ തന്നെ ഉദ്ധരിക്കട്ടെ.

richard dawkins.net website ൽ 2013 നവംബർ 8 ന് പോസ്റ്റ് ചെയ്ത ഒരു ലേഖനത്തിന്റെ ആശയം ഇപ്രകാരമാണ്.

“ഭൂമിയിലെ ജീവന്റെ ഉല്പത്തിക്ക് തുടക്കം കുറിച്ചത് കളിമണ്ണിലായിരിക്കുവാൻ വളരെയധികം സാധ്യതയുണ്ട്. ജീവന്റെ തന്മാത്രകൾ രൂപം കൊള്ളാനും വളർച്ച പ്രാപിക്കുവാനും ഉതകുന്ന കളിമണ്ണിൽ നിന്നുതന്നെയായിരി ക്കണം ഭൂമിയിൽ ആദ്യ ജീവൻ തുടിച്ചത്.”

ശാസ്ത്രം അല്പസ്വല്പം സംശയത്തോടെ പറയുന്ന ഈ കാര്യം സംശയത്തിന്റെ ലാഞ്ചന പോലുമില്ലാതെയാണ് വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നത്.

***‘സ്വൽസാൽ’ അഥവാ കളിമണ്ണിൽ നിന്നും അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചു.”(55:15)***

നോക്കുക! ഏതൊരു സിദ്ധാന്തമാണോ ദൈവ നിഷേധത്തിനായി ഉപയോഗിക്കപ്പെടുന്നത് അതേ സിദ്ധാന്തത്തിന്റെ വിശദാംശങ്ങളിൽ ആധുനിക ശാസ്ത്രം ഇപ്പോഴും ഇരുളിൽ തപ്പുമ്പോൾ വിശുദ്ധ ഖുർആൻ അവരെ വഴി നടത്തുന്നു. ഖുർ ആൻ ശാസ്ത്രത്തെ അതിജീവിക്കുകയല്ല മറിച്ച് അതിജയിക്കുന്ന ഗ്രന്ഥമാണ്. പ്രപഞ്ചത്തിന് ഒരു ദൈവമില്ലായിരുന്നുവെങ്കിൽ ആ ദൈവം അല്ല വിശുദ്ധ ഖുർആൻ അവതരിപ്പിച്ചത് എങ്കിൽ 6-ാം നൂറ്റാണ്ടിലെ പ്രാകൃത സമൂഹത്തിലെ ഒരു ഗ്രന്ഥം തങ്ങൾക്ക് മുകളിലാണ് എന്ന് ശാസ്ത്ര സമൂഹം സമ്മതിക്കേണ്ടിവരും. ‘ദൈവം ഉണ്ട്’ എന്ന് സമ്മതിക്കുകയാണ് അവരുടെ അന്തസ്സിന് നല്ലത്!

ജീവൻ സങ്കീർണമായതിനാൽ ബഹിരാകാശത്തു നിന്ന് ഭൂമിയിൽ പതിച്ചതാണെന്ന് ചില ശാസ്ത്രജ്ഞന്മാർ പണ്ട് പറഞ്ഞിരുന്നുവെങ്കിൽ ‘ഖലക്കഹു മിൻ തുറാബ്’ ഭൂമിയിലെ പൊടി മണ്ണിൽ നിന്നു തന്നെ അല്ലാഹു അത് സൃഷ്ടിച്ചു എന്നു ഖുർആൻ പറഞ്ഞു തരുന്നു. ശാസ്ത്ര ലോകം ഈ വിഷയത്തിൽ ഇന്ന് ഖുർആന്റെ പിന്നിൽ അണിചേരുന്നു. ബഹിരാകാശത്തു നിന്നു വന്നതല്ല ജീവൻ എന്നു പറയുന്നവർക്കു പോലും ബഹിരാകാശത്ത് ഇപ്പോൾ ജീവനുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. അവരുടെ ഈ സംശയത്തിനു പ്രതിവിധിയും വിശുദ്ധ ഖുർആൻ തന്നെ. ‘‘ആകാശമണ്ഡലങ്ങളിലും ഭൂമിയിലുമുള്ളവർ ദൈവത്തിന്റെ മഹത്വം പ്രകീർത്തിക്കുന്നു” എന്ന വിശുദ്ധ ഖുർആനിലെ 59-ാം അധ്യായം 25-ാം വചനം ഉദ്ധരിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ദിവ്യസ്ഥാപകരായ എല്ലാ മതക്കാരും അവസാന കാലത്ത് വരുമെന്ന് പ്രതീക്ഷിക്കുന്ന വാഗ്ദത്ത ലോകോദ്ധാരകനുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അരുൾ ചെയ്യുന്നു: ‘‘ഈ വാക്യം ആകാശ ഗോളങ്ങളിലും പാർപ്പുകാരുണ്ടെന്നും അവർ ദൈവത്തിന്റെ മാർഗദർശനത്തിൽ വർത്തിക്കുന്നവരാണ് എന്നും സൂചിപ്പിക്കുന്നു.’’ (ഇസ്‌ലാം മത തത്ത്വജ്ഞാനം പേജ്: 110)

വിശുദ്ധ ഖുർആനെതിരിൽ വന്ന ഒരു വിമർശനം ഈ സന്ദർഭത്തിൽ ഞാനോർക്കുകയാണ്. വിശുദ്ധ ഖുർആൻ 62-ാം അധ്യായം 12-ാം വചനം ഇപ്രകാരമാണ്. ഏഴു ആകാശവും അവയ്ക്ക് തുല്യമായ അളവിൽ ഭൂമിയേയും സൃഷ്ടിച്ചവനാണ് അല്ലാഹു.

അനേകം ആകാശ ഗോളങ്ങളും അനേകം ഭൂമികളേയും അല്ലാഹു സൃഷ്ടിച്ചു എന്ന ഈ വചനത്തെ വിമർശിച്ചുകൊണ്ട് ലോകത്ത് വിവിധ ഭാഷകളിൽ തർജമ ചെയ്ത ഒരു ഖുർആൻ വിമർശന ഗ്രന്ഥത്തിൽ ചോദിക്കുന്നു.

“ലക്ഷോപലക്ഷം ഗ്രഹങ്ങൾക്കും സൂര്യചന്ദ്രാദി ഗോളങ്ങൾക്കിടയിൽ നാം അധിവസിക്കുന്ന ഭൂമിയെ പോലെ വേറെ 6 ഭൂമികൾ കൂടിയുണ്ട് എന്ന വാദഗതിയെ എങ്ങനെ നീതീകരിക്കാം”

എന്നാൽ വാസ്തവമെന്താണ്? ബഹിരാകാശ ഗവേഷണ സ്ഥാപനങ്ങളിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്ന അമേരിക്കയിലെ നാസയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പറയുന്നു. “പ്രപഞ്ചത്തിൽ ഭൂമിക്ക് സമാനമായ കോടാനു കോടി ഗ്രഹങ്ങൾ ഉണ്ടാകാം. ഭൂമിക്ക് സമാനമായ എന്നല്ല സാക്ഷാൽ ഭൂമിതന്നെയും കോടിക്കണക്കായ അളവിൽ സമീപ ഗാലക്സികളിൽ കണ്ടെത്താൻ കഴിയും.” ചുരുക്കത്തിൽ ഖുർആനിലെ ‘അനേകം ഭൂമികൾ’ എന്ന ഒറ്റപ്രയോഗം മാത്രം മതി ചിന്താശീലർക്ക് വിശുദ്ധ ഖുർആനിന് പിന്നിലുള്ള ദൈവത്തെ മനസ്സിലാക്കാൻ. ഇനി ഖുർ ആനിൽ പറഞ്ഞ ഭൂമികളുടെ എണ്ണം കുറഞ്ഞു പോയി എന്നാരെങ്കിലും വിമർശിക്കുമോ എന്നാണശങ്കപ്പെടേണ്ടത്.

മനുഷ്യൻ ഇനിയും പരിണമിച്ച് മറ്റൊരു ജീവിയായി മാറുമോ എന്ന ചോദ്യത്തിന് മുന്നിൽ ശാസ്ത്രലോകം പകച്ചു നില്ക്കുമ്പോൾ വിശുദ്ധ ഖുർആൻ പറയുന്നു. 14-ാം അധ്യായം 21-ാം വചനം “അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങളെ അഥവാ മനുഷ്യരെ അവൻ നശിപ്പിക്കുകയും മനുഷ്യരുടെ സ്ഥാനത്ത് ഒരു പുതിയ സൃഷ്ടിയെ കൊണ്ടുവരികയും ചെയ്യുന്നതാണ്.”

പഞ്ചേന്ദ്രിയങ്ങൾക്കതീതമായ ഇന്ദ്രിയങ്ങൾ ഉള്ള ഉന്നത രൂപത്തിലുള്ള ഒരു സൃഷ്ടിയുടെ വികാസ സാധ്യതകളെ കുറിച്ചാണ് ഖുർആൻ ഇവിടെ സംസാരിക്കുന്നത്. ശാസ്ത്രത്തിന് അങ്ങേയറ്റം ദുർഗ്രഹമായ ഈ കാര്യം 14 നൂറ്റാണ്ടുമുമ്പുള്ള ഒരു മതഗ്രന്ഥം വിവരിക്കുന്നത് കാണുമ്പോൾ പരിണാമം കണ്ടു പിടിച്ചില്ലായിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന് നിരീശ്വരവാദികൾ പരിതപിക്കുന്ന ഒരു രംഗമാണിത്. ഒരു ഭാഗത്ത് അഭ്യസ്ത വിദ്യരുടെ പറുദീസയെന്ന് അവകാശപ്പെടുന്ന അമേരിക്കയിൽ പോലും പരിണാമ സിദ്ധാന്തം പാഠ്യപദ്ധതിയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള കോലാഹലമാണ്. എന്നാൽ മറുവശത്താകട്ടെ ഖുർആനിൽ നിന്ന് പ്രചോദിതരായ

ദരിദ്ര രാഷ്ട്രങ്ങളിലെ അഹ്മദീ വിദ്യാർഥികൾ പോലും ഈ ശാസ്ത്ര സത്യത്തെ എളുപ്പത്തിൽ ഉൾക്കൊള്ളുന്നു. പരിണാമമെന്നു പറയുമ്പോൾ മനുഷ്യൻ കുരങ്ങനിൽ നിന്നു പരിണമിച്ചുണ്ടായതാണെന്നു ശ്രോതാക്കൾ ആരെങ്കിലും സംശയിക്കുന്നുവെങ്കിൽ ആധുനിക ശാസ്ത്ര ലോകം പോലും ഇന്നത് അംഗീകരിക്കുന്നില്ല എന്ന സത്യം ഇവിടെ എടുത്തു പറഞ്ഞു കൊള്ള ട്ടെ! ഏറ്റവും കൗതുകകര മായ ഒരു കാര്യം കൂടി ഇതിനോട് കൂട്ടിച്ചേർക്കേണ്ടതുണ്ട്. നമുക്കറിയാം ആധുനിക ശാസ്ത്ര ലോകം പുരാവസ്തു ഗവേഷണങ്ങളിലൂടെയും fossil പരിശോധന കളിലൂടെയുമാണ് (അതായത് മൺമറഞ്ഞ ഖബറുകൾ തുറന്ന് പരിശോധിച്ച്) പരിണാമ സിദ്ധാന്തത്തിന്റെ പലവിധ നിഗമനങ്ങളിലും എത്തിച്ചേർന്നിട്ടുള്ളത്. ഇത് സംബന്ധമായി ഖുർആൻ പറയുന്നു: 82-ാം അധ്യായം 5-ാം വചനം ***(ഒരു കാലം വരും) അപ്പോൾ ഖബ്റുകൾ തുറന്ന് മറിക്കപ്പെടുന്നതാണ്."*** വീണ്ടും പറയുന്നു: 100-ാം അധ്യായം 10-ാം വചനം ***'ശവക്കുഴികളിൽ മറമാടപ്പെട്ടത് പുറത്തേക്ക് തള്ളപ്പെടുന്ന കാലം'*** വരുന്നതാണ്.

ദൈവ നിഷേധികളായ പരിണാമവാദികളുടെ ഗവേഷണ രൂപം പോലും കൃത്യമായി പ്രവചിച്ചു വിശുദ്ധ ഖുർആൻ. ആ ഖുർആൻ അവതരിപ്പിച്ച ദൈവത്തിന്റെ അസ്തിത്വത്തിൽ ഇനി ആർക്കാണ് സംശയമുണ്ടാവുക?

ഖഗോള ശാസ്ത്ര ഊർജതന്ത്ര മേഖലകളിലെ പ്രതിഭകളാണ് ദൈവ നിഷേധികളായ ആധുനിക ശാസ്ത്രജ്ഞന്മാരിലെ രണ്ടാം വിഭാഗം. ഈ വിഭാഗത്തിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന prof. Stephen hawking ന്റെ രചനകളെ കുറിച്ച് കേൾക്കാത്തവരായി അഭ്യസ്തവിദ്യരായ ആരും തന്നെ ഉണ്ടാകില്ല. ലോക പ്രസിദ്ധീകരണങ്ങളിൽ best seller പട്ടികയിൽ സ്ഥിരം ഇടം നേടാറുള്ള അദ്ദേഹത്തിന്റേയും ഇതര ശാസ്ത്രജ്ഞന്മാരുടേയും നിരീക്ഷണങ്ങൾക്ക് വിശുദ്ധ ഖുർആന്റെ മഹത്വത്തിനു മുമ്പിൽ എന്തു വിലയാണുള്ളതെന്നു ചിന്തിക്കുന്നതു കൗതുകകരമായിരിക്കും. അവരും വിശുദ്ധ ഖുർആന്റെ മുമ്പിൽ അങ്ങേയറ്റം എളിമയിലാകുന്ന ചില ഉദാഹരണങ്ങൾ മാത്രമാണ് ഇവിടെ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത്. ഏതാണ്ട് 1500 കോടി വർഷങ്ങൾക്കു മുമ്പ് ആകാശവും ഭൂമിയും ഇതര ഗോളങ്ങളും പരസ്പരം കൂടിച്ചേർന്ന അവസ്ഥയിൽ ഒരു പിണ്ഡമായിരുന്നുവെന്നും അത് പൊട്ടിത്തെറിച്ചു കൊണ്ടാണീ പ്രപഞ്ചം രൂപപ്പെട്ടതെന്നുമാണല്ലോ Big Bang Theory പറയുന്നത്. 'Big Bang was the result of the inevitable laws of physics- our universe didn't need any divine help to burst into being' അതായത് ആകാശ ഭൂമികൾ ഒന്നായിരുന്നതിന്റേയും പിന്നീട് അത് വേർപിരിഞ്ഞതിന്റേയും പിന്നിൽ ഒരു ദൈവവുമില്ല മറിച്ച് physics ലെ നിയമങ്ങൾ മാത്രമാണുള്ളത് എന്നു പറഞ്ഞ Stephen Hawking ന് കനത്ത തിരിച്ചടിയാണ് വിശുദ്ധ ഖുർആനിലെ 21-ാം അധ്യായം 31-ാം വചനം. ***"അവിശ്വാസികൾ കാണുന്നില്ലേ, ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നിരിക്കുന്ന ഒരു പിണ്ഡമായിരുന്നു. പിന്നീട് നാം (അതായത് അല്ലാഹു) അതിനെ വേർപ്പെടുത്തി."*** Stephen Hawking നോട് നമുക്കുള്ള ചോദ്യമിതാണ്. ആകാശ ഭൂമികളെ ഒന്നാക്കിയതും പിന്നീടതിനെ വേർപ്പെടുത്തിയതും physics ആണെന്ന് താങ്കൾ ഇപ്പോൾ പറയുന്നു. എന്നാൽ ഇതേ പ്രവൃത്തി ചെയ്തത് അല്ലാഹുവാണ് എന്ന് 1400 വർഷം മുമ്പ് വിശുദ്ധ ഖുർആൻ പറയുന്നു. ഒരു വിഷയം ആദ്യമായി കണ്ടെത്തുന്നവരെ നോബൽ സമ്മാനങ്ങൾ വരെ നല്കി നാം ആദരിക്കുന്നു. എന്നാൽ ഈ വസ്തുത ആദ്യമായി പറഞ്ഞ വിശുദ്ധ ഖുർആനോടുള്ള നിങ്ങളുടെ ആദരവ് ഖുർആനെ നിഷേധിച്ചു കൊണ്ടാണോ നിങ്ങൾ പ്രകടിപ്പിക്കുന്നത്? Stephen Hawking നെ സംബന്ധിച്ച് നമുക്കറിയാം. ഇപ്പോൾ സംസാര ചലനശേഷിയില്ലാത്ത അദ്ദേഹത്തിന്റെ ഹൃദയവിചാരങ്ങൾ ഉപകരണങ്ങളുടെ സഹായത്താലാണ് മനസ്സിലാക്കപ്പെടുന്നത്. അത്ഭുതകരമായ ഈ കാര്യം പോലും ഖുർആനിൽ പ്രവചിക്കപ്പെട്ടിട്ടുണ്ട്. 100-ാം അധ്യായം 11-ാം വചനത്തിൽ പറയുന്നു. ***(ഒരു കാലം വരും) അന്ന് ഹൃദയത്തിലുള്ളത് വെളിയിൽ കൊണ്ടുവരപ്പെടും."***

ആകാശ ലോകത്തിന്റെ അനന്തതയെ സംബന്ധിച്ച് ഇന്ന് ശാസ്ത്രം സംസാരിക്കുന്നു. എന്നാൽ വിശുദ്ധ ഖുർആൻ പറയുന്നു: 15-ാം അധ്യായം 86-ാം വചനം. ***''ആകാശങ്ങളേയും ഭൂമിയേയും അവയ്ക്കിടയിലുള്ളതിനേയും സത്യത്തിന്റേയും ജ്ഞാനത്തിന്റേയും ആവശ്യാർഥമല്ലാതെ സൃഷ്ടിക്കപ്പെട്ടിട്ടില്ല."***

എന്താണീ ആകാശ ഭൂമികൾക്കിടയിൽ നില കൊള്ളുന്ന വസ്തുക്കൾ? വിശുദ്ധ ഖുർആൻ ഇറങ്ങിയ കാലഘട്ടത്തിൽ എന്നല്ല ഈ അടുത്ത കാലത്ത് വരെ മനുഷ്യന് ദുർഗ്രഹമായിരുന്നു ഈ വിഷയം. എന്നാൽ പ്രകാശം പ്രസരിപ്പിക്കാത്ത നമുക്കിതേ വരെ അറിയാൻ കഴിയാതിരുന്ന Dark matter എന്ന ഇരുണ്ട ദ്രവ്യങ്ങൾ ഈ മേഖലകളിൽ നിറഞ്ഞു നിൽക്കുന്നുവെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. ചില Galaxy കൾ 90 % dark matter കൊണ്ടാണ് നിർമിക്കപ്പെട്ടിരിക്കുന്നതത്രെ! ആകാശഭൂമികൾക്കിടയിലുള്ള ഈ പദാർഥത്തെക്കുറിച്ച് വീണ്ടും പറയുന്നു. We cannot see dark matter nor collide with it. but we can detect its gravity. ആകാശഭൂമിക്കിടയിലുള്ള പദാർഥത്തെ ആകാശഭൂമികളുടെ അത്രതന്നെ പ്രാധാന്യത്തോടെ അനേകം വചനങ്ങളിലായി വിവരിച്ച വിശുദ്ധഖുർആന് സമാനതകളില്ല തന്നെ! ഈ ഇരുണ്ട ദ്രവ്യത്തേയും അറിവി ന്റെ പ്രകാശ ഗോപുരമാക്കി മാറ്റിയ അത്ഭുത ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ഞാൻ നേരത്തെ പറഞ്ഞ ഈ രണ്ടാം വിഭാഗത്തിൽ പെട്ട ശാസ്ത്രജ്ഞന്മാർ സ്വയം തങ്ങളുടെ ആകാശനിരീക്ഷണങ്ങളെ ഒരു

മുഅ്ജിസത്തെന്നോണമാണ് ഉയർത്തിക്കാട്ടുന്നത്. എന്നാൽ വിശുദ്ധ ഖുർആൻ പറയുന്നു:

***ഏഴ് ആകാശങ്ങളെ ഘട്ടം ഘട്ടമായി (ത്വിബാഖൻ) സൃഷ്ടിച്ച വനാണവൻ. പരമ കാരുണികനായ അല്ലാഹുവിന്റെ സൃഷ്ടിയിൽ വല്ല ക്രമക്കേടും കാണുവാൻ നിനക്ക് കഴിയുന്നുണ്ടോ? വീണ്ടും നോക്കുക. വല്ല വൈകല്യവും കാണുന്നുണ്ടോ? (67:2-4)***

ഏഴാകാശങ്ങളെ അഥവാ അനന്തമായ ആകാശങ്ങളെ സൃഷ്ടിച്ചു എന്നു പറഞ്ഞതിനു ശേഷം ഈ അനന്താകാശങ്ങളുടെ സൃഷ്ടിപ്പിൽ ക്രമക്കേടുണ്ടോ എന്ന് നോക്കുക എന്ന ആഹ്വാനമാണുള്ളത്. അതായത് നാം മുകളിലേക്ക് നോക്കുമ്പോൾ കാണുന്ന ആകാശത്തെയല്ല, മറിച്ച് അനന്തമായ ആകാശ വിശാലതയെ നിരീക്ഷിക്കുക എന്ന്! വിശുദ്ധ ഖുർആൻ ഇറങ്ങിയ കാലഘട്ടത്തിൽ ആകാശീയ അനന്തതകളിൽ വീണ്ടും വീണ്ടും കണ്ണോടിക്കുക എന്ന ആഹ്വാനത്തിന് എന്ത് പ്രസക്തിയാണുള്ളത്? ആധുനിക ശാസ്ത്രലോകമാണിവിടെ വ്യക്തമായും അഭിസംബോധിതർ. അനേക കോടി പ്രകാശ വർഷങ്ങൾക്കപ്പുറത്തുള്ള 'സബ്അ സമാവാതിനെ' അത്യാധുനിക ഉപകരണങ്ങളാൽ കണ്ടുകൊണ്ട് നിരീക്ഷിക്കുന്ന ഒരു കാലത്തെ പറ്റിയാണിവിടെ സൂചന. ആധുനിക ശാസ്ത്ര സമൂഹം ആകാശത്തെ നിരീക്ഷിച്ചുകൊണ്ട് വിശുദ്ധ ഖുർആനെ സത്യപ്പെടുത്തുകയാണ് യഥാർഥത്തിൽ ചെയ്യുന്നത്.

മനുഷ്യർക്ക് ഈ ഭൗതിക ശരീരത്തോടെ ആകാശത്ത് പോകാൻ കഴിയുമോ? 1400 വർഷം മുമ്പ് മനുഷ്യന് ചിന്തിക്കാൻ കഴിയാത്ത ഒരു കാര്യം. എന്നാൽ ഈ കാലഘട്ടത്തിലെ മനുഷ്യനെ അഭിസംബോധന ചെയ്തു കൊണ്ടെന്നവണ്ണം അല്ലാഹു ചോദിക്കുന്നു.

***"അല്ലയോ മനുഷ്യ സമൂഹമേ, ആകാശങ്ങളുടേയും ഭൂമിയുടേയും മേഖലകളെ അതിലംഘിച്ച് അപ്പുറം കടക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങൾ കടന്നു പൊയ്ക്കൊള്ളുക. തെളിവോടു കൂടിയല്ലാതെ നിങ്ങൾ കടന്നു പോവുകയില്ല." (55:34)***

ആകാശത്ത് മനുഷ്യന് ചെന്നെത്താൻ കഴിയുന്ന ഒരു മേഖലയുണ്ട്, അഥവാ ഒരതിർത്തി പ്രദേശമുണ്ട് എന്നും അതിനപ്പുറം മനുഷ്യന് സ്വശരീരത്തോടെ പോകുവാൻ സാധ്യമല്ല എന്നും ഈ ആയത്തിൽ പ്രസ്താവിക്കുന്നു. ആകാശത്തേക്ക് മനുഷ്യന് പോകാൻ കഴിയില്ല എന്നല്ല മറിച്ച് അഖ്താരിസ്സമാവാതിനപ്പുറം സാധ്യമല്ല. അപ്പോൾ തുടക്ക പ്രദേശങ്ങളായ ചന്ദ്രനിലും വേണമെങ്കിൽ ചൊവ്വയിലും മനുഷ്യർക്ക് പോകാൻ കഴിയും എന്നാണ് സൂചന. ഒരു വശത്ത് ബഹിരാകാശ ചാന്ദ്ര യാത്രകളിൽ മനുഷ്യൻ അഹങ്കരിക്കുമ്പോൾ അറിയുക! 1400 വർഷങ്ങൾക്കു മുമ്പേ അല്ലാഹു മനുഷ്യരെ ആകാശത്തേക്ക് ക്ഷണിക്കുകയാണ്. വസ്സമായി ദാത്തിൽ ഹുബൂക്കി (51:8) ഈ ആകാശ യാത്രയുടെ ഫലമായി ആകാശത്തിൽ നിരവധി യാത്രാ മാർഗങ്ങൾ ഉണ്ടാകും.

(77:3) **വൽ ആസിഫാതി അസ്ഫാ** പ്രസ്തുത മാർഗങ്ങളിലൂടെ കാറ്റിനെ പോലെ അതിശീഘ്രം അവർ സഞ്ചരിക്കും എന്നും ഖുർആൻ കൂട്ടിച്ചേർക്കുന്നു.

ജോസഫ് ഇടമറുക് 'ഖുർആൻ ഒരു വിമർശന പഠനം' എന്ന ഗ്രന്ഥത്തിലെഴുതിയ ഒരു വിമർശനം ഇപ്രകാരമാണ്.

'എഴുതപ്പെട്ട കടലാസ് ചുരുട്ടും പോലെ നാം ആകാശത്തെ ചുരുട്ടിക്കളയുന്ന ദിവസം' എന്ന 21-ാം അധ്യായം 104-ാം വചനം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു.

"കടലാസ് പോലെയോ തുണി പോലെയോ ഉള്ള ഒരു മേൽത്തട്ടാണ് ആകാശമെന്ന ധാരണയാണ് ഇങ്ങനെ പറയാൻ മുഹമ്മദ് (സ) യെ പ്രേരിപ്പിച്ചത്."

ഖുർആൻ ഇവിടെ പറയുന്നത് ആകാശം കടലാസ് പോലെയാണ് എന്നല്ല മറിച്ച് ആകാശത്തെ ചുരുട്ടുന്നത് കടലാസ് ചുരുട്ടുന്നത് പോലെയാണ് എന്നാണ്. എന്നാൽ സാക്ഷാൽ പ്രപഞ്ചത്തെക്കുറിച്ച് തന്നെ ശാസ്ത്രം ഇപ്പോൾ എന്താണ് പറയുന്നത്? നാസയെ തന്നെ വീണ്ടും ഉദ്ധരിക്കട്ടെ. പ്രപഞ്ചത്തെക്കുറിച്ച് വിവരിച്ച് കൊണ്ട് അവരുടെ വെബ്സൈറ്റിൽ എഴുതുന്നു.

"the geometry of the universe is flat like a sheet of paper'' ''പ്രപഞ്ചത്തിന്റെ ആകൃതി ഒരു കടലാസ് താൾ പോലെ പരന്നതാണ്.'' ഇടമറുക് ജീവിച്ചിരുന്നുവെങ്കിൽ ഖുർആനെ വിട്ടുകൊണ്ട് വിമർശനങ്ങളുമായി നാസയുടെ പിന്നാലെ പോകുമായിരിക്കാം.

എന്നാൽ എന്താണീ ഖുർആൻ പറഞ്ഞ ആകാശങ്ങളുടെ ചുരുട്ടൽ? അതും ഗ്രന്ഥത്താളുകൾ ചുരുട്ടുന്നത് പോലെ. അറിയാൻ സ്വാഭാവികമായും ആകാംക്ഷയുണ്ടാകുന്നു. Revelation rationality knowledge and truth എന്ന വിശ്വവിഖ്യാത ഗ്രന്ഥത്തിൽ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഇപ്രകാരം വിവരിക്കുന്നു.

''ആകാശത്തുണ്ടാകുന്ന black hole ചുറ്റുമുള്ള ഗോളങ്ങളേയും നക്ഷത്രങ്ങളേയും തന്നിലേക്കാകർഷിക്കപ്പെടുന്നു. വമ്പിച്ച സമ്മർദത്തിന്റെ ഫലമായി black hole ഒരു കടലാസ് താളി പോലെ ആയിത്തീരുന്നു. അതിന്റെ കേന്ദ്രഭാഗം സ്വയം ചുറ്റിമുറുകിക്കൊണ്ടിരിക്കും. പുസ്തകത്താളിന്റെ ആകൃതിയിലുള്ള ചുറ്റുമുള്ള ദ്രവ്യം ഈ കേന്ദ്രത്തെ പൊതിയുന്നു." ചുരുക്കത്തിൽ വിമർശനങ്ങൾ ഖുർആന്റെ മുമ്പിൽ ദൃഷ്ടാന്തമായി മാറുകയാണ്.

ഈ രണ്ടാം വിഭാഗം ശാസ്ത്രജ്ഞന്മാരെ അത്ഭുതപരതന്ത്രരാക്കുന്ന ഒരു വചനം കൂടി അവസാനമായി ഉദ്ധരിക്കട്ടെ. ***''നാം സർവ വസ്തുക്കളിൽ നിന്ന് ഇണകളെ സൃഷ്ടിച്ചിരിക്കുന്നു."(51:50)*** വീണ്ടും പറയുന്നു: 36-ാം അധ്യായം 37-ാം വചനം **വമിമ്മാ ലാ യഅ്‌ലമൂൻ**

***"നിങ്ങൾക്ക് ഇപ്പോൾ അറിയാത്ത വസ്തുക്കളിൽ നിന്നും അല്ലാഹു ഇണകളെ സൃഷ്ടിച്ചിരി***

*ക്കുന്നു."*

സർവ വസ്തുക്കളിലും ഇണകളുണ്ട് എന്ന പ്രസ്താവന നിരവധി ചോദ്യങ്ങൾ ഉയർത്തുന്നു. ജീവനുള്ള വസ്തുക്കൾക്ക് ഇണകളുണ്ടെന്നത് നമുക്കറിയാം, പക്ഷേ അജൈവ വസ്തുക്കൾക്ക് എങ്ങനെയാണ് ഇണകളുണ്ടാവുക? ഈ ചോദ്യത്തിന് ഉത്തരം കിട്ടുവാൻ AD1932 വരെ നമുക്ക് കാത്തിരിക്കേണ്ടി വന്നു. ആ വർഷമാണ് Paul Dirac എന്ന പ്രഗല്ഭ ശാസ്ത്രജ്ഞന് ജീവനില്ലാത്ത പദാർഥ വസ്തുക്കൾക്കും അതേ വർഗത്തിൽ പെട്ട ഇണകളുണ്ട് എന്ന് കണ്ടെത്തിയതിന് നോബൽ സമ്മാനം ലഭിച്ചത്.

അപ്പോൾ പിന്നെ നിങ്ങൾക്കിപ്പോൾ അറിയാത്ത വസ്തുക്കളിൽ കൂടി ഇണകളുണ്ട് എന്ന് ഖുർആൻ പറഞ്ഞുവല്ലോ. ഏതാണീ അറിയാത്ത വസ്തുക്കൾ? ഖുർആന്റെ അവതരണ കാലത്ത് മനുഷ്യർക്ക് അജ്ഞാതമായിരുന്നു proton, neutron, elelctron എന്നു തുടങ്ങിയ അടിസ്ഥാന കണങ്ങൾ. ഈ കണങ്ങൾക്കെല്ലാം അതായത് proton ന് anti proton എന്നും elelctron ന് positronഎന്നും neutron ന് anti neutron എന്നും പേരുള്ള ഇണകൾ അഥവാ ജോഡികൾ ഉണ്ടത്ര!

2002 ജനുവരി 24 ലെ scientific A merican ഇപ്രകാരം എഴുതുന്നു: "എല്ലാ കണങ്ങൾക്കും ഇണകളുണ്ടെന്ന വസ്തുത ഇന്നു തെളിയിക്കപ്പെട്ടിരിക്കുന്നു, ഒരു കണം അതിന്റെ ഇണയുമായി കൂട്ടിമുട്ടിയാൽ രണ്ടും നശിച്ച് അപ്രത്യക്ഷമാകുന്നു.'' അപ്പോൾ എന്റെയും ശ്രോതാക്കളായ നിങ്ങളുടെയും ശരീരത്തിലെ കോടാനുകോടി കണങ്ങൾ അതിന്റെ ഇണയെ കണ്ടു മുട്ടിയിരുന്നുവെങ്കിൽ നാം ഉണ്ടാകുമായിരുന്നില്ല. നമ്മുടെ അസ്തിത്വം അല്ലാഹുവിന്റെ ഔദാര്യം മാത്രമാണ്. ഈ ഖുർആനിക വചനങ്ങൾ നമ്മെ അങ്ങേയറ്റം വിനയാന്വിതരാക്കുന്നു എന്നു മാത്രമല്ല അവ പ്രഖ്യാപിക്കുന്നത് ദൈവത്തിന് ഒരു അസ്തിത്വം ഉണ്ട് എന്നല്ല മറിച്ച് അസ്തിത്വം അത് ദൈവത്തിനു മാത്രമാകുന്നു. കാരണം അവൻ മാത്രമാണ് ഇണകളിൽ നിന്ന് പരിശുദ്ധനായിട്ടുള്ളത്.

ലാ യബ്ഖാമി നൽ ഖുർആനി ഇല്ല റസ്മഹു ഖുർആൻ അക്ഷരങ്ങളിൽ മാത്രമാകുന്ന ഒരു കാലം വരുമെന്ന് റസൂൽ തിരുമേനി (സ) പ്രവചിക്കുകയുണ്ടായി. ഇത്തരം ശാസ്ത്ര വിഷയങ്ങൾ ഖുർആനിൽ ഉണ്ടായിട്ടും മുസ്‌ലിം മത പണ്ഡിതന്മാർ 'പേവിഷമേറ്റ രോഗി വെള്ളം കണ്ടാൽ ഭയപ്പെടുന്നപോലെ' ശാസ്ത്ര വിജ്ഞാനത്തെ ഭയപ്പെട്ട ഒരു കാലമുണ്ടായിരുന്നു. അക്ഷരങ്ങളിൽ മാത്രമായ ആ ഖുർആനെ വിജ്ഞാനത്തിന്റെ അക്ഷയഖനിയാക്കിമാറ്റുവാൻ അല്ലാഹു എഴുന്നേൽപിച്ച മഹാത്മാവാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ). ഖുർആനിൽ നിന്നും ഇത്തരം 'ഖൈറുകളെ' നന്മകളെ കണ്ടെത്തുന്നതിൽ വിഷമിച്ചിരുന്ന ഒരു കാലഘട്ടത്തിൽ 'അൽ ഖൈറു കുല്ലുഹുഫിൽ ഖുർആനി' എല്ലാ ഖൈറുകളും നന്മകളും ഖുർആനിലുണ്ട് എന്ന് അല്ലാഹു അദ്ദേഹത്തിന് വെളിപാട് നൽകി. ഇതിന് പുറമെ ഖിലാഫത്ത് എന്ന മഹത്തായ അനുഗ്രഹം മുഖേന '**വലയുബദ്ദിലന്ന ലഹും മിൻ സഅ്ദി ഖൗഫിഹിം അംനാ**' ഇത്തരത്തിലുള്ള എല്ലാ ആശങ്കകളേയും ദുരീകരിക്കും എന്ന വാഗ്ദാനവും അഹ്മദിയ്യാ ഖിലാഫത്തിലൂടെ അതിന്റെ പുലർച്ചയും അല്ലാഹു നൽകി. ഈ നവോത്ഥാനത്തിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ് ഞാൻ പങ്കുവെച്ചതെങ്കിലും അല്ലാഹു ചെയ്ത വാഗ്ദാനങ്ങൾ അവൻ പൂർത്തിയാക്കിക്കൊണ്ടിരിക്കും എന്നും അതുവഴി ദൈവാസ്തികൃത്തിനുള്ള മറ്റൊരു തെളിവ് കൂടി ഈപ്രസ്ഥാനത്തിലൂടെ നമുക്ക് മുമ്പിൽ പ്രത്യക്ഷീഭവിക്കുന്നു എന്നും പ്രസ്താവിച്ച് കൊണ്ട് അല്ലാഹു മുഴുലോകരേയും സത്യത്തിൽ വഴി നടത്തുമാറാകട്ടെ എന്ന് പ്രാർഥിച്ചുകൊണ്ടും നിർത്തു ന്നു. വആഖിർ ദഅ്വാനാ അനിൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ അസ്സലാമു അലൈക്കും.

## ഭൗതികോപാധികളുടെ അടിമകളാകരുത്

ഭൗതികമായ സഹായോപാധികളേക്കുറിച്ച് ന്യായമായ അതിരോളം ചിന്തിക്കുന്നതിനെ ഞാൻ വിലക്കുന്നില്ല. മറ്റു സമുദായക്കാരെപ്പോലെ എല്ലാ ഭൗതിക സഹായ സാമഗ്രികളേയും നിയന്ത്രിക്കുന്നവനായ ദൈവത്തെ പാടെ വിസ്മരിച്ച് കൊണ്ട് നിങ്ങൾ ഭൗതികോപാധികളുടെ അടിമകളായി തീരുന്നതിനേയാണ് ഞാൻ വിലക്കുന്നത്. നിങ്ങൾക്ക് കാണാനുള്ള കണ്ണുണ്ടെങ്കിൽ ദൈവം മാത്രമേ ഉള്ളുവെന്നും മറ്റെല്ലാം നിസ്സാരമാണെന്നും മനസ്സിലാക്കാൻ കഴിയും. അവന്റെ അനുമതി കൂടാതെ നിങ്ങൾക്ക് കൈ നിവർത്തുവാനോ മടക്കുവാനോ പോലും സാദ്ധ്യമല്ല. ഇപ്പറയുന്നതിന് നേരെ, ആത്മീയ മൃതി പ്രാപിച്ചവർ പരിഹാസ ചിരിപൊഴിച്ചേക്കാം. അങ്ങനെ ചിരിക്കുന്നതിന് മുമ്പായിട്ടു തന്നെ അവൻ മരിച്ചു പോയെങ്കിൽ ഹാ അവനെത്ര നന്നായിരുന്നു! ജാഗ്രത!! ഭൗതിക കാര്യങ്ങളിൽ ഇതര സമുദായക്കാരോട് നിങ്ങൾ മത്സരിക്കാൻ നിൽക്കരുത്. അവർ ഭൗതികാസൂത്രണങ്ങളിൽ വളരെ പുരോഗമിച്ചിരിക്കയാണ്. നിങ്ങളെ തങ്ങളിലേക്ക് വിളിക്കുന്ന ആ സമുദായം യഥാർഥ ദൈവത്തെ ക്കുറിച്ചറിവില്ലാത്തവരും മതിമറന്നവരുമത്രെ. എന്താണ് അവരുടെ ദൈവം? ദുർബലനായ ഒരു മനുഷ്യൻ മാത്രം! **(കിശ്തി നൂഹ്)**

വിവാഹ മോചനവും ലിംഗസമത്വവും ഇന്ത്യൻ വ്യക്തി നിയമത്തിൽ – 16

# വിവാഹ മോചനത്തിന്റെ അനന്തര ഫലങ്ങൾ

വിവാഹമോചനത്തിന്റെ പ്രത്യാഘാതങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് സ്ത്രീയാണ്. കദനത്തിന്റെ കണ്ണീർകടലിലേക്ക് വലിച്ചെറിയപ്പെടുന്ന സ്ത്രീയും കുടുംബവും അനുഭവിക്കുന്ന ജീവിത വ്യഥകൾ വസ്തുനിഷ്ഠമായി വിവരിക്കപ്പെടുന്നു.

ഡോ. കൗസർ എടപ്പകത്ത്

ദാമ്പത്യ ജീവിതത്തിന്റെ ദുരന്ത പൂർണമായ അന്ത്യമാണ് വിവാഹ മോചനം. അത് വമ്പിച്ച തോതിലുള്ള സാമൂഹിക വൈകാരിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വിവാഹ മോചനത്തിന്റെ പ്രത്യാഘാതങ്ങൾ ഭാര്യയിലും കുട്ടികളിലും മാത്രം ഒതുങ്ങുന്നില്ല. അത് കുടുംബങ്ങളുടെ വലിയ വൃത്തങ്ങളിലും സമൂഹത്തിലും പ്രതിഫലിക്കുന്നു. വിവാഹ മോചനം ഒരു മൂല്യാധിഷ്ഠിത സമൂഹത്തിന്റെ നാനാവിധത്തിലുള്ള നഷ്ടമായിട്ടാണ് വിലയിരുത്തപ്പെടുന്നത്. ഹൃദയാത്മനായുള്ള നിതാന്ത സൗഹൃദത്തിന്റെ നഷ്ടം. കുടുംബത്തിന് പ്രായപൂർത്തിയായ ഒരു അംഗത്തിന്റെ നഷ്ടം, ഒരു വരുമാന സ്റോതസ്സിന്റെ നഷ്ടം, ചിരപരിചിതനായ ഒരുഗൃഹസ്ഥന്റെ നഷ്ടം, കുട്ടികളുമായുള്ള ബന്ധത്തിന്റെ നഷ്ടം മുതലായവ. വിവാഹമോചനം ദമ്പതികളിൽ ആഘാതവും സമ്മർദവും സാമൂഹികവും ഭൗതികവുമായ നഷ്ടങ്ങളും ഉണ്ടാക്കുന്നു. ദിനചര്യയായി മാറിയ ശീലങ്ങൾക്ക് വ്യർഥത അനുഭവപ്പെടുന്നു. ജീവിത ക്രമം താളം തെറ്റുന്നു. അപരിചിതവും അപ്രതീക്ഷിതവുമായ സാഹചര്യങ്ങളോടുള്ള ഒന്നിച്ചു പോക്ക് ജീവിതത്തിന്റെ അസന്തുലിതമായ അനുപാതത്തിലേക്ക് നീങ്ങുന്നു.[2]

വൈവാഹികമായ അസ്ഥിരതയും കുടുംബ ബന്ധങ്ങളിലുണ്ടാകുന്ന വേർപിരിയലുകളും മാരകമായ സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാക്കുന്നു എന്ന കാര്യത്തിൽ സാമൂഹ്യ ശാസ്ത്രജ്ഞന്മാരും നിയമ വിശാരദന്മാരും യോജിക്കുന്നു. ഇപ്പോഴത്തെ ഇന്ത്യൻ മുസ്‌ലിം വ്യക്തി നിയമത്തിന് കീഴിൽ വിവാഹ ബന്ധം വേർപെടുത്താൻ ഭർത്താവിന് നൽകിയിരിക്കുന്ന പ്രതിബന്ധങ്ങളില്ലാത്ത അധികാരം സമൂഹം വിമുഖതയോടെയാണ് നോക്കിക്കാണുന്നത് എന്നത് ആഹ്ലാദകരമായ കാര്യമാണ്. പക്ഷപാതിത്വത്തോടുകൂടിയ വിവാഹമോചന നിയമം സ്ത്രീകളുടെ സാമൂഹിക ക്ഷേമത്തിന് വിരുദ്ധമായി ഭവിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. സുദീർഘമായ വൈവാഹിക ബന്ധം വിച്ഛേദിക്കുമ്പോൾ പ്രത്യേകമായി സ്ത്രീക്ക് അവളുടെ ജീവിതം ബുദ്ധിമുട്ടുള്ളതായും ദുരിതപൂർണമായും തീരുന്നു. ഏകപക്ഷീയമായി വിവാഹബന്ധം വിച്ഛേദിക്കുമ്പോൾ സ്ത്രീയെ സംബന്ധിച്ചിടത്തോളം അത് എപ്പോഴും നിന്ദ്യതയുളവാക്കുന്നതും അനീതിപരവും കഠിനവുമാണ്. ആൻഡേഴ്സൺ നടത്തിയ ഒരു നിരീക്ഷണം നോക്കുക:

ബഹുഭാര്യാത്വത്തേക്കാൾ മുസ്‌ലിം സ്ത്രീക്ക് പ്രയാസങ്ങളുണ്ടാക്കുന്നത് മുസ്‌ലിം വിവാഹ മോചന നിയമമാണ്. വിവാഹ മോചനത്തിന്റെ നിഴലിൽ നിയമം അനുവദിക്കുന്നത് വരെയാണ് ഇപ്പോഴത്തെ നിയമത്തിൽ മുസ്‌ലിം സ്ത്രീ ഭാര്യയായി ജീവിക്കുന്നത്.

### സാമൂഹികവും മനഃശ്ശാസ്ത്രപരവുമായ പ്രശ്നങ്ങൾ

ഇന്ത്യൻ സമൂഹം സ്ത്രീയോട് പ്രത്യേകമായുള്ള സമീപനമാണ് വെച്ച് പുലർത്തുന്നത്. വിവാഹ മോചനം സ്ത്രീക്ക് പലവിധത്തിലുള്ള അയോഗ്യതകളാണ് സമ്മാനിക്കുന്നത്. ഒരു സത്രീ അവളുടെ കൗമാരകാലത്ത് വിവാഹ മോചിതയായെങ്കിൽ പിന്നീടവൾക്ക് ജീവിതത്തിൽ ഭർത്താവയി പ്രതീക്ഷിക്കാൻ കഴിയുക അൻപത് കഴിഞ്ഞ ഒരു മദ്ധ്യവയസ്കനെ ആയിരിക്കും. അല്ലെങ്കിൽ അവൾക്ക് ജീവിതാവസാനം വരെ ഏകാകിയായി കഴിയേണ്ടി വരും. അതേ സമയം ഭർത്താവിന് തൊട്ടടുത്ത ദിവസം തന്നെ പതിനാറിൽ എത്തിനിൽക്കുന്ന ഒരു പെൺകുട്ടിയെ ഭാര്യയായി ലഭിക്കുകയും ചെയ്യും. വിവാഹത്തിന്റെയും വിവാഹ മോചനത്തിന്റേയും കാര്യത്തിൽ സമൂഹം പുരുഷപക്ഷത്ത് നിൽക്കുന്നു എന്ന് പറയുന്നത് ഏറെക്കുറെ സത്യമാണ്. വിവാഹ മോചനത്തിന്റെ തിന്മയും അതിനെ തുടർന്ന് സ്ത്രീക്കുണ്ടാ

കുന്ന ദുരിത പൂർണമായ പ്രത്യാഘാതങ്ങളും ഒരു യാഥാർഥ്യമാണെന്ന് വളരെ ആർജവത്തോടെ നമുക്ക് പറയാൻ കഴിയും. ഭർത്താവിനാൽ പരിത്യക്തയായ കൗമാരക്കാരികളായ പെൺകുട്ടികൾ കൈക്കുഞ്ഞിനേയുമെടുത്ത് തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഭർത്താവിൽ നിന്നും ജീവനാംശം ലഭിക്കാൻ കോടതിയുടെ വരാന്തകളിൽ അലഞ്ഞ് തിരിയുന്ന രംഗങ്ങൾ നാം ദിവസവും സാക്ഷ്യം വഹിക്കുന്ന വേദനാജനകമായ കാഴ്ച്ചകളാണ്. വിവാഹ മോചനത്തിന് ശേഷം അവർക്ക് വേണ്ടിയല്ല അവരുടെ കുഞ്ഞുങ്ങൾക്ക് വേണ്ടിയാണ് ജീവനാംശം.[4]

വിവാഹമോചനം ഇരു കക്ഷികളേയും വൈകാരികമായി ഛിന്നഭിന്നമാക്കുന്നു. പക്ഷേ അതിനെ തുടർന്ന് സ്ത്രീ അനുഭവിക്കുന്ന പ്രത്യാഘാതം വമ്പിച്ചതാണ്. 'ഗൃഹലക്ഷ്മി' എന്ന അഭിധാനത്തിൽ നിന്നും വിവാഹ മോചന ശേഷം പതിതയായ സ്ത്രീയുടെ മേൽ 'ഗതിയറ്റവൾ', 'ഉപേക്ഷിക്കപ്പെട്ടവൾ' എന്നീ വിശേഷണങ്ങൾ ചാർത്തപ്പെടുന്നു. ശോകഭരിതമായ ജീവിത നിഴലിൽ എല്ലാ ബഹുമാന്യതകളും നഷ്ടപെട്ട് അവൾ ജീവിതം തുടരുന്നു. ചിലപ്പോൾ കൈയ്യിൽ ഒരു നയാപൈസ ഇല്ലാതെയും കയറിക്കിടക്കാൻ ഒരു കൂരയില്ലാത്ത നിലയിൽ അവൾ പെരുവഴിയിൽ ഉപേക്ഷിക്കപ്പെടുന്നു. നിസ്സഹായയായ അവൾ എവിടെയെങ്കിലും അള്ളിപിടിക്കാനുള്ള സാദ്ധ്യതകൾ ആരായുമ്പോൾ അവളെ പിന്തുണക്കാനുള്ള മാതാപിതാക്കന്മാരുടെ ഭാഗത്ത് നിന്നുള്ള വിമുഖതയും ഭർത്താവിന്റെ മറ്റു ബന്ധുക്കളുടെ ഭാഗത്ത് നിന്നുള്ള പിൻവലിയലും ഈ ഘട്ടത്തിൽ അവൾക്ക് വലിയൊരു ചമ്മട്ടി പ്രഹരമായി അനുഭവപ്പെടുന്നു. തീക്ഷ്ണമായ ദുരിതക്കയത്തിലേക്ക് അവൾ വലിച്ചെറിയപ്പെടുകയും സാമ്പത്തികമായി ഒരു ഭാരമായി മുദ്ര കുത്തപ്പെടുകയും ചെയ്യുന്നു. സ്വയം കനിവിന് വേണ്ടി അർഥിക്കുകയും ഭാവിയെ സംബന്ധിച്ച് ആശയറ്റ നിരർഥകമായ ജീവിതം നയിക്കുന്നവളായും അവൾ സ്വയം കാണുന്നു. മറിച്ച് പുരുഷൻ യാതൊരു വിധ പ്രശ്നങ്ങളേയും അഭിമുഖീകരിക്കേണ്ടി വരുന്നില്ല. അയാൾക്ക് സ്വന്തമായി വീടുണ്ട്. ജീവിക്കുവാനുള്ള വരുമാന മാർഗമുണ്ട്, സാമൂഹിക വ്യവസ്ഥ അവനെ പിന്തുണക്കാൻ വെമ്പുന്നു. വിവാഹബന്ധം പരാജയപ്പെട്ടതിന് കുറ്റം അവളുടെതായി ചിത്രീകരിക്കപ്പെടുന്നു. അവളുടെ ഭർത്താവിനെ സന്തോഷിപ്പിച്ച് നിർത്താൻ സാധിക്കാത്തതിന് അവൾക്ക് പഴികേൾക്കേണ്ടിവരുന്നു. ഭർത്താവിനോട് സ്നേഹം ജനിപ്പിക്കുന്ന വിധം പെരുമാറാത്തതിന് അവളെ ഭർത്താവിന്റെ ബന്ധുക്കൾ കുറ്റപ്പെടുത്തുന്നു. വിവാഹത്തിന് മുമ്പ് മകളെ നല്ല ശീലങ്ങൾ പഠിപ്പിക്കാത്തതിന് അവളുടെ മാതാവിനും പഴി കേൾക്കേണ്ടി വരുന്നു. വാസ്തവത്തിൽ ഇത്തരം കാര്യങ്ങളാണ് വിവാഹ ജീവിതത്തിൽ പുരുഷന് മേധാവിത്വം ഉണ്ടാക്കുന്ന പ്രാഥമിക കാരണങ്ങൾ. പുരുഷന് ധനപര മായ സുരക്ഷയുണ്ട്. അതേസമയം സ്ത്രീക്കാകട്ടെ കിടപ്പാടമോ ധനസ്ഥിതിയോ സാമൂഹികമോ വൈകാരികമോ ആയ സുരക്ഷിതത്വമോ ഇതൊന്നും തന്നെ മിക്കവാറും ഉണ്ടാവാറില്ല.[5] വിവാഹ മുക്തനായ ഭർത്താവിന് രണ്ടാം ഭാര്യയാകാൻ പെൺകുട്ടികളുണ്ടാകാം. എന്നാൽ വിവാഹ മുക്തയായ സ്ത്രീയുടെ സ്ഥിതി അതല്ല. എങ്കിലും വിവാഹ മോചിതയായ പുരുഷന്മാർക്ക് തങ്ങളുടെ പെൺകുട്ടികളെ വിവാഹം കഴിച്ചു കൊടുക്കാൻ രക്ഷിതാക്കന്മാർ വിമുഖരാണ്. ആയതിനാൽ വിവാഹ മോചിതയായ പുരുഷന് മിക്കവാറും വിവാഹ മോചിതയെയോ ഭർത്താവ് മരിച്ച് വിധവയായ സ്ത്രീയെയോ ആണ് ആണ് വിവാഹത്തിനായി ലഭിക്കുക.[6]

വിവാഹ മോചനം സ്ത്രീയുടെ ജീവിതത്തിൽ ചാപല്യാവസ്ഥ സൃഷ്ടിക്കുകയും സംക്ഷോഭമുണ്ടാക്കുകയും ചെയ്യുന്നു. ബംഗാളിലെ ഒരു സ്ത്രീ ചൂണ്ടിക്കാട്ടിയത് കൊൽക്കത്ത വ്യഭിചാരത്തെരുവിൽ മുസ്ലിം സമുദായത്തിൽ ജനിച്ച സ്ത്രീകളിൽ 75 % പേരും ഭർത്താവിനാൽ ഏകപക്ഷീയമായി വിവാഹ മോചനം ചെയ്യപ്പെട്ടവരാണ്.[7] വിവാഹ മോചനം മാതാപിതാക്കന്മാരെ ക്ഷേമത്തെ ബാധിക്കുന്ന നാനാതരത്തിലുള്ള ജീവിത പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതിന്റെ ആഘാതം അതിനോടനു ബന്ധിച്ച പ്രശ്നങ്ങളുമുണ്ടാക്കുന്നു.[8] സംരക്ഷണത്തിലിരിക്കുന്ന മാതാപിതാക്കന്മാരിൽ വിവാഹ മോചനം വീട്ടിലെ ക്രമീകരണ മടക്കം ജീവിതത്തിൽ പല മാറ്റങ്ങളുമുണ്ടാക്കുന്നു. സാമ്പത്തികമായി ഭാരം, സമൂഹവുമായി ബന്ധപ്പെട്ട ഏകാന്തത, പ്രവൃത്തികളിൽ വരുന്ന പരിവർത്തനങ്ങൾ വീട്ടിന് പുറത്തുള്ള ജോലി, കുട്ടികളുമായി ബന്ധപ്പെട്ട റോൾ മുതലായവയിലെല്ലാം മാറ്റങ്ങളുണ്ടാകുന്നു. സംരക്ഷണയിലല്ലാത്ത രക്ഷിതാക്കന്മാർക്കും ഈ മാറ്റങ്ങളെല്ലാം വളരെ പ്രയാസകരമായി അനുഭവപ്പെടുന്നു. വിവാഹ മോചിതരായ ദമ്പതികളുടെ താമസത്തിലെ മാറ്റങ്ങൾ, സാമ്പത്തിക നിലവാരങ്ങൾ, സാമൂഹികമായ സ്ഥാനങ്ങൾ മാനസികവും ശാരീരികവുമായ ആരോഗ്യം ഇവയെല്ലാം വിവാഹ മോചനത്തിന് ശേഷം ക്ഷയിക്കാൻ തുടങ്ങുന്നു. മാനസികമായ അസ്വസ്ഥത, മാനസിക സമ്മർദം, വ്യക്തിത്വത്തിന്റെ പ്രശ്നങ്ങൾ, വ്രണിതമാവുന്ന നോവുകൾ മുൻകാല ആരോഗ്യ പ്രശ്നങ്ങൾ, മൂർച്ച പ്രാപിക്കൽ, ഇവയെല്ലാം തന്നെ വിവാഹ ബന്ധം വേർപിരിയുന്നവരുടെ പൊതു പ്രശ്നങ്ങളാണ്.

ബൊഹനാന്റെ അഭിപ്രായ പ്രകാരം വിവാഹ മോചിതയായ സ്ത്രീ ആറ് ഘട്ടങ്ങൾ തരണം ചെയ്യുന്നു. വൈകാരികം, നിയമപരം , സാമ്പത്തികം, മാതാപിതക്കളുമായി ബന്ധപ്പെട്ടവ, സമൂഹവുമായി ബന്ധപ്പെട്ടവ, മാനസികം എന്നിവയാണ് ആ ആറ് ഘട്ടങ്ങൾ. വിവാഹ മോചനം ഈ ഘട്ടങ്ങളെ തരണം ചെയ്തതിന് ശേഷമേ ആർജിക്കാനാവൂ. ഈ ഓരോ ഘട്ടവും വ്യക്തിയെ സംബന്ധിച്ചിടത്തോളം സമയം ആവശ്യമു

ള്ളതും ശ്രമകരവും പരിഹരിക്കാൻ വൈദഗ്ധ്യം ആവശ്യമുള്ളതുമായ വെല്ലുവിളികളാണ്. വൈകാരിക മായ വിവാഹ മോചനം (Emotional Divorce')എന്നത് കൊണ്ട് ബൊ ഹനാൻ അർഥമാക്കുന്നത് ദമ്പതി മാർ തമ്മിലുള്ള സ്നേഹത്തിനും പരസ്പര ബഹുമാനത്തിനും വിവാഹ മോചനം ഉണ്ടാക്കുന്ന ശോഷണവും അതിന്റെ പ്രത്യാഘാ തങ്ങളുമാണ്. വൈകാരിക വിവാഹ മോചനം വിവാഹ പങ്കാളിയുടെ മരണം പോലെ വിരഹ നഷ്ടമുണ്ടാ ക്കുന്നു. വേദന, കോപം, ദുഃഖം എന്നിവയെക്കുറിച്ച് ചിന്തിക്കു മ്പോൾ മാസങ്ങളോളം നീണ്ടു നിൽക്കുന്ന ഹൃദയ ഭാരം അവർ അനുഭവിക്കുന്നു. രണ്ടാമത്തെ നിയമപരമായ വിവാഹ മോചനം (Legal Divorce'). നിയമത്തിന്റെ നൂലാമാലകളുമായി വർഷങ്ങളോളം ഇടപഴകേണ്ടി വരുന്നു. മൂന്നാമതായി സാമ്പത്തിക വിവാഹ മോചനം (Economic Divorce) സ്വത്തുക്ക ളുടെ പുനക്രമീകരണവും പണത്തി ന്റെ വിഭജനവുമാണ്. മൂന്നാമതായി രക്ഷാകർത്ത വിവാഹ മോചനം (Parental Divorce). വിവാഹ മോചനം നടക്കുമ്പോൾ ദമ്പതിമാ രുടെ സന്തതികളുടെ രക്ഷിതാക്ക ന്മാർ മാറുകയാണല്ലോ. അങ്ങനെ മാറുമ്പോഴുള്ള പ്രശ്നങ്ങൾ ഇത് ഉൾക്കൊള്ളുന്നു. വിവാഹ മോചനം തങ്ങളുടെ കുട്ടികളെ എങ്ങനെ ബാധിക്കും എന്ന ആധിയായിരി ക്കും ദമ്പതിമാർക്കുണ്ടാകുക. അത് സംബന്ധിച്ച് അവർക്ക് കുറ്റബോധ മുണ്ടാകുന്നു. അഞ്ചാമത്തെ വിവാ ഹമോചനം സമൂഹ വിവാഹ മോച നമാണ് (Community Divorce) വിവാഹ മോചനത്താൽ സുഹൃത്തു ക്കളിൽനിന്നും അകന്ന ബന്ധുക്ക ളിൽനിന്നും ഉണ്ടാകുന്ന സാമൂഹിക മായ പിന്തുണയുടെ മാറ്റങ്ങളാണ് ഇത്കൊണ്ട് അർഥമാക്കുന്നത്. അവസാനത്തെ വിവാഹ മോചനം വിവരിക്കപ്പെട്ടിരിക്കുന്നത് മാനസികമായ വിവാഹ മോചന മാണ് (Psychic Divorce). വിവാഹ പങ്കാളിക്കുണ്ടാകുന്ന മാനസികമായ സ്വാതന്ത്ര്യത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ചുള്ളതാണ് മാനസിക മായ വിവാഹ മോചനം. ഇതിൽ പ്രതിപാദിക്കപ്പെട്ട വിവാഹ മോചന പ്രശ്നങ്ങൾ ഏതെങ്കിലും ഒരേ സമയം ഉണ്ടാവാം. എങ്കിലും ഈ ആറുഘട്ടങ്ങളും അനുക്രമമായി ബന്ധപ്പെട്ടതല്ല.[9] വിവാഹ മോചിത രായ ആളുകൾക്കിടയിൽ പഠന ത്തിൽ ബൊഹ്നാൻ സൈദ്ധാന്തിക വത്ക്കരിച്ച ഈ ആറ് ഘട്ടങ്ങൾ തരണം ചെയ്യുകയുണ്ടായോ എന്ന് കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തി യിട്ടുണ്ട്.

75% വിവാഹ മോചിതരും മാന സിക സമർദവും ഏകാന്തതയും അനുഭവിക്കുന്നവരാണ്. 60% പേരും ആരോടും അവരുടെ മാനസികാ വസ്ഥ തുറന്നു പറയാത്തവരാണ്. വിവാഹ മോചന ശേഷം അവർ അനുഭവിച്ചു കൊണ്ടിരുന്ന മാനസിക വ്യഥ അതിതീക്ഷ്ണമാണ്. ദീർഘ മായ മാനസിക സമ്മർദവും ദാരിദ്ര്യ വും അവർ അനുഭവിക്കുന്നു. അതിനേക്കാളുപരിയായി വിവാഹ മോചനശേഷം സ്ത്രീയെക്കാൾ പുരുഷന് ആനുകൂല്യങ്ങൾ ലഭി ക്കുന്നുവെന്നും സ്ത്രീകളുടെ സ്വാഭി മാനത്തിനും സുരക്ഷക്കും ക്ഷത മേൽക്കുന്നതായും ഭൂരിപക്ഷം വിവാ ഹമോചിതരായ സ്ത്രീകളും പറ ഞ്ഞു.

വിവാഹ മോചനത്തിന് ശേഷം സമൂഹവും സുഹൃത്തുക്കളും അവ രോട് വെച്ച് പുലർത്തുന്ന സമീപന വും വിലയിരുത്ത പ്പെടുകയുണ്ടായി. 11% വിവാഹമോചിതരും അവരുടെ അയൽവാസികളാൽ ഒഴിവാക്കപ്പെട്ട തായി പറഞ്ഞു. 5.5% പേർ അയൽ വാസികൾ അകന്ന് മാറിയതായും പറഞ്ഞു. തങ്ങൾ ധാർമികതയി ല്ലാത്ത സ്ത്രീകളാണ് എന്നാണ് അയൽപക്കക്കാർ കരുതുന്നത് എന്നാണ് 7.5% ആളുകളും പ്ര തികരിച്ചത്. അത്തരം പെരുമാറ്റങ്ങൾ വളരെയധികം അസ്വസ്ഥതകൾ ഉണ്ടാക്കുന്നതായി അവർ പറഞ്ഞു. ആളുകൾ തങ്ങളെ പറ്റി നിറം പിടിപ്പിച്ച അപവാദങ്ങൾ പറഞ്ഞു പരത്തുന്നതായി 34% ആളുകളും പ്രതികരിക്കുകയുണ്ടായി. ഇത് തങ്ങളുടെ മാനസിക പ്രയാസങ്ങളെ വളരെയേറെ അധികരിപ്പിക്കുന്നു ണ്ടെന്നും അവർ പറഞ്ഞു. സുഹൃ ത്തുക്കളെപറ്റി ആരാഞ്ഞപ്പോൾ അവരിൽ ബഹുഭൂരിപക്ഷവും(60%) അവരോട് സഹതാപം കാണിച്ചു വെന്ന് പറഞ്ഞു. 18% വിവാഹ മോചി തർ സുഹൃത്തുക്കൾ അവരെ ഒഴിവാ ക്കുകയുണ്ടായി എന്ന് പറഞ്ഞു. വിവാഹം കഴിച്ചപ്പോൾ സ്വാഭാവി കമായും അവർക്ക് ലഭിച്ച ബഹുമാ നം വിവാഹമോചനത്തിന് ശേഷം സുഹൃത്തുക്കളിൽ നിന്നും ഉണ്ടാ യില്ല എന്ന് അവരിൽ ബഹുഭൂരി പക്ഷം പേരും പറഞ്ഞു. തങ്ങൾ വിവാഹ മോചനത്തിന് ശേഷം സാമൂഹിക ചടങ്ങുകൾക്കും ആ ഘോഷങ്ങൾക്കും പോവാറില്ല എന്ന് ഭൂരിപക്ഷം ആളുകളും (70%) പറഞ്ഞു. അവിടങ്ങളിലുള്ള അവരു ടെ സാന്നിദ്ധ്യം മൂലം തങ്ങൾ ഒരു ചർച്ചാ വിഷയമാകുമെന്ന് അവർ ഭയപ്പെടുന്നു. വിവാഹം പോലെ യുള്ള സാമൂഹികമായ ആ ഘോഷ ങ്ങളിൽ തങ്ങൾക്ക് വിവാഹ മോചന ത്തിന് മുമ്പ് ലഭിച്ച മാന്യത വിവാഹ മോചന ശേഷം ലഭിക്കുന്നില്ല എന്ന് 73% ആളുകളും പ്രതികരിച്ചു.

## വിവാഹ മോചനം കുട്ടികളിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ

വിവാഹ മോചനം കുട്ടികളിലു ണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നമു ക്ക് ബാഹ്യമായി വിലയിരുത്താൻ സാദ്ധ്യമല്ല. ദമ്പതികൾ വിവാഹ ബന്ധം വേർപിരിയുമ്പോൾ അതി ന്റെ പ്രത്യാഘാതം ഏറ്റവും കൂടു തൽ അനുഭവിക്കുന്നത് അവരുടെ കുട്ടികളാണ് അസന്തുഷ്ടരായ ദമ്പതികളുടെ ഭഗ്നഭവനങ്ങളിലുള്ള കുട്ടികളാണ് ഇതിന്റെ യെല്ലാം ഏറ്റവും വലിയ ഇരകൾ. വിവാഹ തകർച്ചയുടെ ദുരന്തങ്ങൾ ഉടൻ ഏറ്റുവാങ്ങുന്നവർ എന്നത് കൊണ്ട് മാത്രമല്ല. അനന്തരം മാതാപിതാ ക്കന്മാരോടുള്ള അവരുടെ കൂറ് വിഭജിക്ക പ്പെടുന്നു. അവരുടെ മേൽ രക്ഷിതാക്കന്മാർക്കുള്ള നിയന്ത്രണ വും വിഭജിക്കപ്പെടുന്നു. സാമൂഹ്യ ശാസ്ത്രപരമായ പഠനങ്ങൾ തെളി

യിക്കുന്നത് രണ്ടാനമ്മയിൽ നിന്നോ രണ്ടാനച്ഛനിൽ നിന്നോ മാത്രം കുട്ടികൾക്ക് നല്ലൊരു പരിചരണം ലഭിക്കില്ല എന്നാണ്.

അത് പോലെ തന്നെ അവർക്ക് പിറക്കാത്ത രണ്ടാനമ്മയും രണ്ടാനച്ഛനും തമ്മിൽ കുട്ടികൾക്കുണ്ടാകുന്ന ബന്ധം കുടുതൽ സംഘർഷാത്മകവും സൗഹൃദമല്ലാത്തതുമാണ്. തകർന്ന ദാമ്പത്യബന്ധമുള്ള വീടുകളിൽ നിന്നാണ് കുട്ടിക്കുറ്റവാളികൾ അധികവും ജനിക്കുന്നത്.[17]

കുട്ടികൾ ഭാവിയുടെ വാഗ്ദാനങ്ങളാണ്. അവർക്ക് അവരുടെ സ്വാഭാവികമായതും കാര്യ ബോധമുള്ളതുമായ രക്ഷിതാവിൽ നിന്നും പരിപാലനവും സ്നേഹവും ബുദ്ധിപരമായ മാർഗദർശനവും ലഭിക്കേണ്ടത് അവരുടെ അവകാശമാണ്. മുസ്‌ലിം കുടുംബത്തിൽ ഒരു കുഞ്ഞ് ജനിക്കുക എന്നത് ദൈവത്തിൽ നിന്നും ദമ്പതിമാർക്ക് ലഭിക്കുന്ന ഒരു അനുഗ്രഹ സമ്മാനമാണ്.ഖുർആനിലുള്ള മാർഗദർശനമനുസരിച്ച് കഴിയുന്നതും വിവാഹ മോചനം ഒഴിവാക്കപ്പെടേണ്ടതാണ്. അസ്വാരസ്യങ്ങൾ ഉടലെടുത്താൽ അത് രമ്യമായും സമത്വദീക്ഷയോടും പരിഹരിക്കപ്പെടണം. ദാമ്പത്യ ബന്ധത്തിൽ സന്താനങ്ങൾ ഉണ്ടായെങ്കിൽ അവരുടെ താൽപര്യം മുൻനിർത്തി ദമ്പതിമാർ സഹകരിച്ച് പോകേണ്ടതാണ്. അവർ വിവാഹ മോചിതരാണെങ്കിൽ പോലും പരസ്പര സമ്മതവും ധാരണയും ആവശ്യമാണ്. (അൽബക്കറ 2: 233) [19]

രക്ഷകർത്താക്കന്മാരുടെ പിരിയലും വിവാഹമോചനവും കുടുംബാംഗങ്ങളിൽ എല്ലാവർക്കും വമ്പിച്ച തോതിലുള്ള ജീവിത സമർദം ഉണ്ടാക്കുന്നു. കുട്ടികളെ സംബന്ധിച്ചിടത്തോളം പിരിയലും വിവാഹമോചനവും ദീർഘകാല ഹ്രസ്വകാല സവിശേഷ പ്രതികരണങ്ങളിലേക്ക് നയിക്കുന്നു.[20] വിവാഹമോചനാനന്തരമുള്ള രണ്ട് വർഷക്കാലത്തിനുള്ളിൽ മിക്ക കുട്ടികളും പ്രതികൂല പരിതസ്ഥിതിയുമായി സമരസപ്പെടാനുള്ള പ്രതികരണങ്ങൾ പ്രദർശിപ്പിക്കുന്നു. ആൺകുട്ടികൾ ബാഹ്യമായ പെരുമാറ്റങ്ങളും പെൺ കുട്ടികൾ വൈകാരികമായും അന്തർ മുഖത്വത്തോടെയുമുള്ള പ്രതികരണങ്ങളാണുണ്ടാകുന്നത്. ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പഠന സംബന്ധമായ വൈകല്യങ്ങളുമുണ്ടാകും. കുടുംബബന്ധങ്ങളിലുള്ള പ്രയാസങ്ങൾ, സ്കൂളുകളിലും സമപ്രായക്കാർക്കിടയിലുമുള്ള പ്രശ്നങ്ങൾ എന്നിവ അഭിമുഖീകരിക്കേണ്ടി വരുന്നു. ഇങ്ങനെ വിവാഹ മോചിതരായ ദമ്പതിമാരുടെ കുട്ടികൾ സാധാരണ ദമ്പതികളുടെ കുട്ടികളേക്കാൾ അവരുടെ ജീവിതത്തിൽ മറ്റുള്ളവരുമായി പൊരുത്തപ്പെട്ടു പോകാനും പെരുമാറുവാനും വൈകാരികമായി വളരെ പ്രയാസങ്ങളനുഭവിക്കുന്നു. കുട്ടികളിൽ ചിലരുടെ ചില പ്രത്യേക സ്വഭാവങ്ങളും അവരുടെ സാമൂഹ്യ പശ്ചാത്തലവും വിവാഹ മോചനത്തെ തുടർന്ന് മാതാപിതാക്കൾ വേർപിരിയുമ്പോഴുണ്ടാകുന്ന വൈകാരിക പ്രശ്നങ്ങൾ അനുഭവിക്കുന്നു.[21] വ്യക്തിപരമായ സ്വഭാവ സവിശേഷതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ 3 വയസ്സിനും 18 വയസ്സിനു മിടയിലുള്ള ആൺ കുട്ടികളാണ് വിവാഹ മോചനാനന്തരം ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത്. പ്രത്യേകിച്ചും അവർക്ക് മാനസികമായും ശാരീരികമായും വല്ല കുറവുകളുമുണ്ടെങ്കിൽ ഈ പ്രശ്നം കൂടുതൽ തീവ്രമാകുന്നു. ശാരീരികമായ വൈകല്യങ്ങൾ ചില ജനിതക പ്രശ്നങ്ങൾ കൊണ്ടുണ്ടാകാം. മാനസിക വൈകല്യം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ബുദ്ധിമാന്ദ്യം, അസാധാരണമായ മനോധർമങ്ങൾ, സ്വാത്മ ബോധത്തിന്റെ കുറവ്, പൂർവകാല മാനസിക പ്രശ്നങ്ങൾ മുതലായവയാണ്.

മാതാപിതാക്കന്മാർ തമ്മിലുള്ള പ്രശ്നങ്ങൾ കുട്ടികളിലുണ്ടാക്കുന്ന മാനസിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച നിരവധി പഠനങ്ങൾ ഇന്ന് ലഭ്യമാണ്. ഈ എല്ലാ പഠന ഗവേഷണങ്ങളും ചൂണ്ടിക്കാട്ടുന്നത് കുട്ടികളുടെ മാതാപിതാക്കന്മാർ തമ്മിൽ പിരിഞ്ഞ അവസ്ഥയുമായി ക്രമേണ അവരും യോജിച്ചു പോകും എന്നാണ്. മാതാപിതാക്കന്മാരുടെ വേർപിരിയലും തുടർന്നുണ്ടാകുന്ന സംഘർഷങ്ങളും കലഹങ്ങളും കുട്ടികളിൽ നാടകീയമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കുമെന്ന കാര്യം മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല. പ്രാഥമികമായി കുട്ടികളുടെ പ്രതിബദ്ധത മാതാപിതാക്കളിൽ ഒരാളോടോ അല്ലെങ്കിൽ ഇരുവരോടോ ആയിരിക്കുമല്ലോ. അവരിലുണ്ടാകുന്ന വലിയ സംഘർഷങ്ങളും കലഹങ്ങളും താഴെ പറയുന്ന സാഹചര്യത്താൽ കുട്ടികളിലേക്കും പകരുന്നു.

1.കുട്ടികൾക്ക് തങ്ങളെ വളർത്താനും പരിരക്ഷിക്കാനും രക്ഷിതാക്കന്മാരുടെ വൈകാരിക സാന്നിദ്ധ്യം ലഭ്യമാകാതെ വരുന്നു.

2.മാതാപിതാക്കന്മാർ പ്രശ്നങ്ങളൊന്നും പരിഹരിക്കാതെ നിയമതർക്കങ്ങളുടെ പാതയിലാണ് സഞ്ചരിക്കുന്നതെങ്കിൽ അവർക്ക് സഹകരണ ജീവിതത്തിന്റെ ഒരു മാതൃക ലഭിക്കുന്നില്ല.

3.കുട്ടികൾ അവരുടെ രക്ഷിതാക്കന്മാരുടെ ബന്ധങ്ങളും അനുഭവങ്ങളും നിരീക്ഷിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നു. ദേഷ്യം പിടിക്കുന്നതും, തീവ്ര ദുഖങ്ങളും ബന്ധങ്ങളുടെ വിശ്വാസവഞ്ചനയുമെല്ലാം സ്വാംശീകരിക്കുന്നു.

4.ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സംഘർഷത്തിന്റെ സാമ്പത്തിക ഭാരം (നിയമ പോരാട്ടങ്ങളുടെ ചിലവുകൾ ) തൊഴിൽ ചെയ്യാനുള്ള ബുദ്ധിമുട്ടുകൾ കുട്ടികൾക്ക് സാമ്പത്തിക സഹായം ചെയ്യാനുള്ള പ്രയാസം) മുതലായവ കുട്ടികളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്നു.[24]

ഡോ. എം എം സിദ്ദീക്കിയുടെ നേതൃത്വത്തിൽ നടന്ന ഒരു പഠനത്തിൽ വിവാഹ മോചിതരായ 6 സ്ത്രീകളുമായി നടത്തിയ അഭിമുഖത്തിൽ വിവാഹ മോചനത്തിന് ശേഷം അവരുടെ കുട്ടികൾ ഡൽഹി

# രമ്യമനോഹരമായപ്രപഞ്ച വ്യവസ്ഥ

രമ്യമനോഹരമായി അല്ലാഹു സൃഷ്ടിച്ച ഈ പ്രപഞ്ച വ്യവസ്ഥയുടെ സന്തുലനാവസ്ഥയിൽ നിന്ന് എണ്ണി യാലൊടുങ്ങാത്ത കാരുണ്യങ്ങളാണ് പ്രവഹി ക്കുന്നത്

മുഹമ്മദ് സഫറുല്ലാഹ്ഖാൻ

**പ്ര**പഞ്ചത്തിൽ മുഴുക്കെ തികവാർന്ന രമ്യത കാണാം. യാതൊരു പൊരുത്ത ക്കേടും വിയോജിപ്പും കാണുവാൻ സാധ്യമല്ല. 'ആരുടെ കൈയിലാണോ പരമാധികാരം സ്ഥിതിചെയ്യുന്നത് അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണമായി കഴിവുള്ളവനാണ്. നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീ ക്ഷിച്ച് അറിയുന്നതിന് വേണ്ടി മര ണവും ജീവിതവും സൃഷ്ടിച്ചവ നത്രെ അവൻ. അവൻ പ്രതാപ വാനും സർവഥാ പൊറുക്കുന്നവനു മാകുന്നു. ഏഴാകാശങ്ങളെ ക്രമിക മായി സൃഷ്ടിച്ചവനാണവൻ. പരമ കാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക വല്ല അസാംഗത്യവും നീ കാണുന്നുണ്ടോ?. വീണ്ടും വീണ്ടുംകണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചു കൊണ്ട് നിന്നിലേക്ക് തിരിച്ചുവരും (67: 2-5). പ്രപഞ്ചത്തിന്റെ വിവിധ ഭാഗങ്ങളുമായുള്ള പാരസ്പര്യത്തെ പരിപാലിക്കുന്നത് അല്ലാഹുവാണ്. അവൻ അതിനെ നാശത്തിൽ നിന്നും തടയുന്നു. 'തീർച്ചയായും ആകാശ ങ്ങളേയും ഭൂമിയേയും (അ വയുടെസ്ഥാനങ്ങളിൽ നിന്ന്) നീങ്ങി പോകാതിരിക്കാൻ അല്ലാഹു പിടിച്ചു നിർത്തുന്നു. ഇനി അവ രണ്ടും നീങ്ങിപോകുന്നതായാൽ അവനു പുറമെ ആരും തന്നെ അവയെ പി ടിച്ചുനിർത്തുകയില്ല. നിശ്ചയമായും അവൻ സഹനശീലനും സർവഥാ പൊറുക്കുന്നവനുമാകുന്നു. (35:42)

ദിവ്യമായ അടയാളങ്ങൾ എന്നനിലക്ക് ഈ രമ്യമായ പാരസ്പ ര്യത്തിന്റെ വിവിധ വശങ്ങളി ലേക്ക്നമ്മുടെ ശ്രദ്ധയെ ക്ഷണി ക്കുന്നു.'രാവ് അവർക്കൊരു ദൃഷ്ടാ ന്തമാണ്. അതിൽ നിന്ന് പകലിനെ നാം ഊരിയെടുക്കുന്നു. അപ്പോൾ അവരതാ അന്ധകാരത്തിലായിത്തീ രുന്നു. സൂര്യൻ അതിന്റെ നിശ്ചിതദി ശയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കു ന്നു. അത് പ്രതാപവാനും സർവജ്ഞ നുമായ അല്ലാഹുവിന്റെ ആസൂത്രണ മത്രെ. ചന്ദ്രന് നാം ചില താവളങ്ങൾ നിർണയിച്ചിട്ടുണ്ട്. അങ്ങനെ അത്(അവസാനം) പഴയ ഈന്തക്കു ലത്തണ്ടുപോലെ ആയിത്തീരുന്നു. സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാ നാവുകയില്ല. രാവ് പകലിനെ മറിക ടക്കുന്നതുമല്ല. ഓരോന്നും ഓരോസഞ്ചാരപഥത്തിൽ അനാ യാസം സഞ്ചരിക്കുന്നു. (36:38-41)

അല്ലാഹു ആദരണീയമായ രീതി യിലുള്ള ഒരു സന്തുലിതത്വംസ്ഥാപി ച്ചിരിക്കുന്നു. കാരുണ്യത്തിന്റെ നിര ന്തരമായ അനസ്യൂതി ഉല്പാദിതമാ ക്കാൻ വേണ്ടിയാണ് അത് അഭി കല്പന ചെയ്തിരിക്കുന്നത്. 'അല്ലാ ഹുവത്രെ സത്യപൂർണമായ ഈ ഗ്രന്ഥത്തേയും തുലമാനത്തേയും ഇറക്കിയവൻ (42:18). 'ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ ഈ സന്തുലനത്തിന്റെ ക്രമം ഭംഗപ്പെടുത്താതിരിക്കാൻ വേണ്ടി' (55:8,9)

രാവും പകലും തമ്മിലുള്ളവ്യത്യ സ്തത പാലിക്കപ്പെടുന്നത് ഈസന്തു ലനത്തിന്റെ ഭാഗമായാണ്. ഇതാണ് ഭൂമിയിൽ മനുഷ്യജീവിതം സാധ്യമാ ക്കിമാറ്റുന്നത്. മനുഷ്യവംശത്തിന് കാരുണ്യത്തിന്റെ അവർണനീയ മായസരണികൾ ഈ മാറ്റങ്ങളിൽ നിന്നും സംജാതമാകുന്നു. 'ആകാശ ങ്ങളുടേയും ഭൂമിയുടേയും സൃഷ്ടി പ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാൻമാർക്ക് പല ദൃഷ്ടാന്തങ്ങ

---

യിലെ സംരക്ഷണ ഗേഹങ്ങളിൽ കഴിഞ്ഞു വരികയായിരുന്നു എന്നാ ണ് പറഞ്ഞത്. 75 സ്ത്രീകളോട് അദ്ദേഹം ചോദിച്ചത് നിങ്ങൾ സംര ക്ഷിക്കപ്പെടാതെയും ശ്രദ്ധിക്കപ്പെടാ തെയുമിരിക്കുന്നുവോ എന്നാണ്. ഈ ചോദ്യം ചോദിക്കപ്പെട്ട 70 സ്ത്രീകളും അതെ എന്നാണ് പറ ഞ്ഞ്. ഡൽഹിയിൽ 9 സ്ത്രീകൾ പറഞ്ഞത് വിവാഹ മോചനത്തിന് ശേഷം ദാരിദ്ര്യം മൂലം വ്യഭിചാരം നടത്തുന്ന ഒന്നിലധികം സ്ത്രീകളെ അറിയാമെന്നാണ്. ഡൽഹി സ്ത്രീക ളിൽ ഒരാൾ പറഞ്ഞത് വ്യഭിചാരം നടത്തുന്ന ഒരു സ്ത്രീയെ തനിക്കറി യാമെന്നാണ്. ഡൽഹിയിലുള്ള ഒരു സ്ത്രീ പറഞ്ഞത് വിവാഹ മോചിത യായ ഒരു സ്ത്രീ യാചന നടത്തു ന്നതായി അവർക്കറിയാമെന്നാണ്. [24] ഡൽഹി സ്ത്രീകളിൽ ഒരാൾ പ്രതികരിച്ചത് വിവാഹ മോചിതയായ ഒരു സ്ത്രീ തന്റെ കുട്ടികളെ യാചന ക്ക് ഉപയോഗിക്കുന്നതായി അവർക്ക് അറിയാമെന്നാണ്.[25] (തുടരും)

ളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെപാർശ്വങ്ങളിൽ (കിടന്നും) അല്ലാഹുവിനെസ്മരിച്ചുകൊണ്ടിരിക്കുകയുംആകാശഭൂമികളുടെ സൃഷ്ടിപ്പിനെസംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ) ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. (അത്തരം നിഷ്പ്രയോജനമായപ്രവൃത്തികളിൽ നിന്നും) നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെനരകശിക്ഷയിൽ നിന്നും രക്ഷിക്കേണമേ' (3:191, 192) എന്നു പ്രാർഥിക്കുകയും ചെയ്യുന്നു.

പ്രപഞ്ചവ്യവസ്ഥ ഈ വിധം ക്രമീകരിച്ച് മനുഷ്യന് കഴിവുകൾനൽകിയിരിക്കുന്നത് അവൻ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നതിന്വേണ്ടിയാണ്. 'നാം ഭൂമിയെ ഒരു വിരിപ്പും മലകളെ കീലകങ്ങളുമാക്കിയിട്ടില്ലയോ? നാം നിങ്ങളെ ഇണകളായി സൃഷ്ടിക്കുകയും ചെയ്തുവല്ലോ. നാം നിങ്ങൾക്ക് നിദ്രയെ ഒരുവിശ്രമമാർഗമാക്കുകയും രാവിനെ(നഗ്നത മറക്കുന്ന) ഒരു വസ്ത്രമാക്കുകയും പകലിനെ ഉപജീവ്യസമ്പാദനത്തിനുള്ള അവസരമാക്കുകയും ചെയ്തു. നിങ്ങളുടെ മുകളിൽ നാം സുഭദ്രസപ്തകം (ആകാശങ്ങൾ)നിർമിക്കുകയും വെട്ടിത്തിളങ്ങുന്ന ഒരു ദീപം (സൂര്യൻ) നാം സ്ഥാപിക്കുകയും ചെയ്തു. നാം ഇടതിങ്ങിയമേഘങ്ങളിൽ നിന്ന് കുത്തിയൊലിക്കുന്ന ജലം ഇറക്കുകയും ചെയ്തു. അതു മൂലം ധാന്യങ്ങളും സസ്യങ്ങളും ഇടതൂർന്ന് സമൃദ്ധങ്ങളായതോട്ടങ്ങളും നാം ഉത്പാദിപ്പിക്കുന്നതിനുവേണ്ടി (78-7-17).മനുഷ്യന് നൽകപ്പെട്ട ഇതെല്ലാം അവൻ അനുഭവിക്കുകയും രമ്യമനോഹരമായ ഈ പ്രപഞ്ചവ്യവസ്ഥ സ്ഥാപിച്ചസ്രഷ്ടാവിന്റെ ജ്ഞാനത്തെ സംബന്ധിച്ചും അനുഗ്രഹത്തെസംബന്ധിച്ചും അല്പം മാത്രമായിചിന്തിക്കുകയും ചെയ്യുന്നു. ഇതിനെക്കുറിച്ച് തീക്ഷ്ണമായ ഒരു താക്കീത് മനുഷ്യനെ ഓർമിപ്പിക്കുന്നു. 'പറയുക നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ. പുനരുത്ഥാന നാൾവരേക്കും അല്ലാഹു നിങ്ങളുടെ മേൽരാവിനെ സ്ഥിരമായി നിശ്ചയിച്ചിരുന്നുവെങ്കിൽ അല്ലാഹുവല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾക്ക് വെളിച്ചം കൊണ്ടുവന്ന് തരിക അപ്പോൾ നിങ്ങൾ കേൾക്കുന്നില്ലേ? പറയുക. 'നിങ്ങൾ ചിന്തിച്ചുനോക്കീട്ടുണ്ടോ അല്ലാഹു നിങ്ങളുടെ മേൽപുനരുത്ഥാന നാൾവരേക്കും പകലിനെ നിരന്തരമായി നിലനിർത്തിയിരുന്നെങ്കിൽ അല്ലാഹു അല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾ വിശ്രമിക്കുന്ന രാവിനെ നിങ്ങൾക്ക് കൊണ്ടുവന്നുതരിക? അപ്പോൾ നിങ്ങൾകാണുന്നില്ലേ? നിങ്ങൾക്ക് വേണ്ടിരാവും പകലും സൃഷ്ടിച്ചുതന്നത് അവന്റെ കാരുണ്യത്തിൽ പെട്ടതാണ്. അതിൽ (രാത്രിയിൽ) നിങ്ങൾ വിശ്രമിക്കുന്നതിനും (പകലിൽ) അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിക്കുന്നതിനും വേണ്ടി, നിങ്ങൾ നന്ദി കാണിക്കുന്നതിന് വേണ്ടിയും (28:72-74)

അപരിമിതമായ എല്ലാ അനുഗ്രഹങ്ങളുടേയും കേദാരമാണ് അല്ലാഹു. എന്നാൽ അവൻ എല്ലാറ്റിനും അളവ് നിശ്ചയിച്ചിരിക്കുന്നു.'ഒരു വസ്തുവിന്റേയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവില്ലാതെ നാം അത് ഇറക്കാറില്ല'(15:22) ഭൂമിയിലെ ജലവിതരണത്തെപറ്റിയുള്ള ഒരു ചിത്രീകരണം നൽകുന്നത് കാണുക '(ജലങ്ങൾ) വഹിച്ചുകൊണ്ടുപോകുന്ന കാറ്റുകളെ നാം അയച്ചു. എന്നിട്ട് മേഘങ്ങളിൽ നിന്ന് നാം വെള്ളമിറക്കി. അങ്ങനെ നാം അത് നിങ്ങൾക്ക് കുടിക്കുവാൻ തന്നു. നിങ്ങൾ അതിന്റെ നിക്ഷേപകരല്ല താനും (15:23).

ഭൂമിയിലെ ജീവജാലങ്ങൾക്കായി ജലം സംഭരിച്ച് വിതരണം ചെയ്യുന്ന ഈ സംവിധാനത്തെപറ്റിഒരു നിമിഷത്തെ ചിന്ത നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നു. സമുദ്രങ്ങൾ തീർച്ചയായും ഏറ്റവും ബൃഹത്തായ ജലസംഭരണികളാണ്. സൂര്യന്റെ പ്രവർത്തനത്താൽ ജലബാഷ്പം അന്തരീക്ഷത്തിലേക്ക് ഉയർത്തപ്പെടുന്നു. ഈർപ്പമേറിയ കാറ്റ് ജലപാഷ്പത്തെ മേഘരൂപത്തിൽ വഹിച്ചു കൊണ്ടുപോകുകയും മഴ ആവശ്യമുള്ള ഭൂമേഖലകളിൽവർഷിക്കുകയും ചെയ്യുന്നു."കാറ്റുകളെ അയക്കുന്നത് അല്ലാഹുവാണ്. അങ്ങനെ അവമേഘങ്ങളെ ഇളക്കിവിടുന്നു. എന്നിട്ട് താനുദ്ദേശിക്കും വിധം അവൻ അതിനെ ആകാശത്ത് വ്യാപിപ്പിക്കുകയും അതിനെ അവൻ പല കഷണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്റെ ഇടയിൽ നിന്നും മഴ ബഹിർഗമിക്കുന്നത് നിനക്കു കാണാം. അങ്ങനെ തന്റെ ദാസന്മാരിൽതാനുദ്ദേശിക്കുന്നവർക്ക് അവനത്എത്തിച്ചുകൊടുക്കുമ്പോൾ അവരതാ പെട്ടെന്ന് സന്തുഷ്ടരായിത്തീരുന്നു.അതിന് മുമ്പേ അത് (മഴ) അവർക്ക്വർഷിച്ചുകൊടുക്കുന്നതിന് തൊട്ടുമുമ്പേ അവർ തികച്ചും നിരാശരായിരിക്കുകയായിരുന്നെങ്കിലും. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അടയാളങ്ങൾ നോക്കുക. ഭൂമിനിർജീവമായതിന് ശേഷം അവനെങ്ങനെ അതിനെ ജീവിപ്പിക്കുന്നു? (30:49-51)

മേഘത്തിൽ നിന്നും വർഷിക്കപ്പെടുന്ന ശുദ്ധമായ ജലം വരണ്ടതും വരൾച്ച ബാധിച്ചതുമായ ഭൂമിയിലേക്ക് കൃഷിക്കും, മരങ്ങൾക്കും, ഔഷധികൾക്കും നേരിട്ട് വിതരണം ചെയ്യുകയും അടിമണ്ണിൽ ശേഖരിക്കപ്പെടുകയും മാത്രമല്ല ചെയ്യുന്നത്. ആ വർഷ ജലം ഭൂമിയുടെ ജലാവശ്യങ്ങൾക്ക് പുനർവിതരണം ചെയ്യപ്പെടാനായി സ്ഥിരമായ ജലസംഭരണികളായിവൻതോതിൽ ഹിമരൂപത്തിൽ പർവത ശൃംഖലങ്ങളിലും ഉന്നതപീഠഭൂമികളിലും, ഹിമാനികളിലും നിക്ഷേപിക്കപ്പെടുന്നു. 'നീ കാണുന്നില്ലേ, അല്ലാഹു മേഘങ്ങളെ മെല്ലെ മെല്ലെചലിപ്പിക്കുന്നു എന്നിട്ട് അവയെ തമ്മിൽ കൂട്ടിച്ചേർക്കുന്നു. പിന്നെ അവയെ മേല്ക്കുമേലായി അട്ടികളാക്കിത്തീർക്കുകയും ചെയ്യുന്നു.അപ്പോൾ അവയുടെ വിടവിൽ നിന്ന് മഴപുറത്ത് വരുന്നത് നിനക്ക് കാണാം. ആകാശത്ത് നിന്ന് അതിലെ പർവതതുല്യമായ മേഘങ്ങളിൽ നിന്ന് അല്ലാഹു ആലിപ്പഴംവർഷിക്കുകയും അതുകൊണ്ട് അവൻ ഉദ്ദേശിക്കുവരിൽ പതിപ്പിക്കു

കയും അവൻ ഉദ്ദേശിക്കുവരിൽനിന്ന് അവൻ അതിനെ തെറ്റിച്ചുകളയു കയും ചെയ്യുന്നു. (24:44).

ഒരു ഭാഗം കൊണ്ട് മറ്റൊരുഭാഗത്തെ നവീകരിക്കുന്ന രീതിയിൽ ചാക്രികമായാണ് ഈ വ്യവസ്ഥയെ അവൻ ക്രമപ്പെടുത്തി യിരിക്കുന്നത്.സമുദ്രങ്ങൾ, മഴ, ആലി പ്പഴം, മഞ്ഞ് മുതലായവയിലൂടെ ജല വിതരണം പുനർനവീകരിക്കപ്പെടു ന്നു. അതുപോലെ അരുവികൾ, നദി കൾ, അഗ്നിപർവതങ്ങളിൽ നിന്നുള്ള ലാവാപ്രവാഹം എന്നിവയിലൂടെ ശുദ്ധജലം കടലിൽ ഒഴുകിയെത്തി നവീകരിക്കപ്പെടുന്നു. 'നിശ്ചയമായും പാറകളിൽതന്നെ, അരുവികൾ അതിൽ നിന്നുംപൊട്ടിയൊഴുകുന്ന (ചില)തുമുണ്ട്.അങ്ങനെ അവയിൽ നിന്നും വെള്ളം നിർഗമിക്കുന്നു. (2:75). ശുദ്ധജലത്തിന്റെ വിതരണവും അതുപോലെസമുദ്രജലത്തിന് ആവ ശ്യമായ ജലത്തിന്റെ വിതരണവും സന്തുലനപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്രമീകരണ മാണ് ഈ ചാക്രിക വ്യവ സ്ഥ.

'അവനത്രെ രണ്ട് ജലഖണ്ഡ ങ്ങളെ ഒഴുക്കിയവൻ. ഒന്ന് കുടിക്കു വാൻ സുഖമുള്ള ശുദ്ധജലം. മറ്റേത് അരോചകമായ ഉപ്പുവെള്ളം. അത് രണ്ടിന്റെയും മദ്ധ്യത്തിൽ അവനൊരുമറയും ശക്തിമത്തായ തടസ്സവും ഉണ്ടാക്കിയിരിക്കുന്നു (25:54). 'രണ്ട് ജലാശയങ്ങൾ സമമാ യിരിക്കുന്നില്ല. ഒന്ന് രുചികരവും കുടിക്കാൻ സുഖകരവുമായ ശുദ്ധ ജലം. മറ്റേത് കടുത്ത ഉപ്പുരസമുള്ള വെള്ളം. ഓരോന്നിൽനിന്നും പുതു മാംസം നിങ്ങൾ ഭക്ഷിക്കുന്നു. നിങ്ങൾ ധരിക്കുന്ന ആഭരണങ്ങൾ പുറത്തെടുക്കുകയും ചെയ്യുന്നു. (തി രമാലകളെ) ഭേദിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളെ അതിൽ നീ കാണുന്നു. അവന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങളന്വേഷിക്കുവാനും നിങ്ങൾ നന്ദി കാണിക്കാനും വേണ്ടിയാണിത്. (35:13). 'പറയുക നിങ്ങൾചിന്തിച്ചി ട്ടുണ്ടോ. നിങ്ങളുടെ വെള്ളം വറ്റിപ്പോ യാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ടു വന്ന് തരിക (68:31).

പ്രകൃതിയിൽ സ്ഥാപിക്കപ്പെട്ട ഈ ചാക്രികമായ പ്രകൃതി വ്യവസ്ഥ യിൽ കരുതിക്കൂട്ടിയുള്ളതോ ആകസ്മികമായതോ ബോധ പൂർവമോ അബോധപൂർവമോ ആയ ഗൗരവപൂർവമുള്ള ഇടപെടൽ നിശ്ചി തമായ പരിണിതഫലങ്ങളുണ്ടാക്കും. ചരിത്രത്തിൽ ഇതിന് നിരവധി ഉദാ ഹരണങ്ങളുണ്ട്. ശാസ്ത്രത്തി ന്റെയും സാങ്കേതിക വിദ്യയുടെയും അഭൂതപൂർവമായ കുതിച്ചുചാട്ടം ഉണ്ടായിട്ടുള്ള ഇക്കാലത്ത് പ്രകൃതി യിലെ ചാക്രികവ്യവസ്ഥയിൽ ഇടപെ ടാനുംഅതിനെ തടസ്സപ്പെടുത്താനു മുള്ളസാധ്യത പലമടങ്ങു വർധിച്ചിരി ക്കുന്നു. ആയതിനാൽ ഈ ചാക്രികവ്യവസ്ഥയെ സംബന്ധിച്ച് കൂലങ്കശമായ പഠനങ്ങളും ഗവേഷ ണങ്ങളും ജാഗ്രതയും ആവശ്യമാണ്. ധാർമികവും ആത്മീയവുമായ മൂല്യ ങ്ങളിലൂടെ ഇതെല്ലാം നവീകരിക്കപ്പെ ടേണ്ടതുണ്ട്. ദൈവകാരുണ്യത്താൽ പ്രവർത്തനങ്ങളും അനുഗൃഹീതവും ശക്തിദായകവുമായിത്തീരാറുണ്ട്. ദൈവവുമായുള്ള ഐക്യപ്പെടലി ലൂടെയാണ് ഇത് സാധിതമാവുക. നമ്മോട് ഇങ്ങനെ ആജ്ഞാപിക്ക പ്പെട്ടിരിക്കുന്നു. "പറയുക സർവാധി പത്യത്തിന്റെ ഉടമസ്ഥനായ അല്ലാ ഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു; നീ ഉദ്ദേശി ക്കുന്നവരിൽ നിന്നും നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കു വർക്ക് നീ അന്തസ്സ് നൽകുന്നു. നീ ഉദ്ദേശിക്കുവരെ നീ അപമാനിത രാക്കുന്നു. എല്ലാ നന്മയും നിന്റെ കൈയിലാണ്. നിസ്സംശയം നീ എല്ലാകാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാകുന്നു. നീ രാവിനെ പകലിലും പകലിനെ രാവിലും ലയി പ്പിക്കുന്നു. നിർജീവമായതിൽ നിന്ന് ജീവനുള്ളതിനേയും ജീവനുള്ളതിൽ നിന്ന് നിർജീവമായതിനെയും നീ ഉത്ഭവിപ്പിക്കുന്നു. നീ ഉദ്ദേശിക്കു വർക്ക് കണക്കില്ലാതെ നൽകു ന്നു.(3:27, 28)

---

പേജ് 18 ൽ നിന്നും തുടർച്ച

ലൂടെ അല്ലാഹു സ്ഥാപിച്ച പ്രസ്ഥാ നമാണ്. ആ മഹാത്മാവ് പറയുന്നു.

**"അല്ലയോ ജനങ്ങളെ! ശ്രദ്ധിച്ച് കൊള്ളുക! ഇത് ആകാശഭൂമികളു ടെ സ്രഷ്ടാവിന്റെ പ്രവചനമാണ്. അ വൻ അവന്റെ ജമാഅത്തിനെ എല്ലാ രാജ്യങ്ങളിലും വ്യാപിപ്പിക്കും. തെ ളിവുകൾ കൊണ്ടും ദൃഷ്ടാന്തങ്ങൾ കൊണ്ടും എല്ലാ മതങ്ങളുടെമേലും വിജയം നൽകും. ആ കാലം വരാ നിരിക്കുന്നു. അല്ല സമീപസ്ഥ മാണ്.ലോകത്ത് ഒരൊറ്റ മതം മാത്രം ബഹുമാനപുരസരം സ്മരിക്കപ്പെ ടും. അല്ലാഹു ഈ മതത്തിലും പ്രസ്ഥാനത്തിലും അനുഗ്രഹങ്ങൾ വർഷിക്കും. ഇതിനെ തകർക്കാൻ ഉ ദ്ദേശിക്കുന്നവരെയെല്ലാം പരാജിത രാക്കും. ഈ വിജയം അന്ത്യനാൾ വരെ തുടരും. ഞാൻ ഒരു ബീജാ വാപം നടത്തുന്നതിന് വേണ്ടിയാണ് വന്നത്. എന്റെ കരങ്ങളാൽ ബീജാ വാപം ചെയ്യപ്പെട്ടിരിക്കുന്നു. ഇനി ഇ ത് വളരുകയും പൂക്കുകയും ചെ യ്യും. ഇതിനെ തകർക്കാൻ ആർക്കും സാധ്യമല്ല."**

**"സത്യഹൃദയത്തോടുകൂടി എ ന്നിലേക്ക് വരിക. അതിലാണ് നന്മയു ള്ളത്.**

**എല്ലായിടത്തും വന്യമൃഗങ്ങളാ ണ്. ഞാൻ സുരക്ഷതത്ത്വത്തിന്റെ കോട്ടയാണ്."**

എന്റെ മുന്നിലിരിക്കുന്ന വാഗ്ദ ത്ത മസീഹിന്റെ അസ്തിത്വത്തിന്റെ പച്ചളിപ്പുള്ള ശാഖകളെ! ഈ ചരിത്ര മുഹൂർത്തത്തിൽ നിന്ന് ഒരു പുതിയ പ്രതിഞ്ജയോടും ആവേശത്തോടും കൂടി എഴുന്നേല്ക്കു. ഈ ചരിത്രഘട്ട ത്തിൽ കാലത്തിന്റെ ഇമാം നല്കി യ സന്ദേശത്തിന് പ്രവർത്തികൊണ്ട് ലബ്ബൈക്ക് പറയൂ. ഒരുപുതിയ ആ കാശത്തിന്റെയും ഭൂമിയുടെയും നി ർമിതിയിൽ അദ്ദേഹത്തിന്റെ കര ങ്ങൾക്ക് ശക്തി പകരൂ...........

അല്ലാഹു എനിക്കും നിങ്ങൾ ക്കും അതിനുള്ള തൗഫീഖ് നല്കു മാറാകട്ടെ.

# ഹിന്ദുത്വവും ഹിന്ദുക്കളും

എൻ. അബ്ദുർറഹീം

**ഹി**ന്ദു എന്ന പേരിനെ പറ്റി ഡി.എം.കെ. നേതാവും മുൻ മുഖ്യ മന്ത്രിയുമായ എം. കരുണാനിധി പുറപ്പെടുവിച്ച ഒരു പ്രസ്താവന ഇപ്പോൾ ഒരു വിവാദത്തിന് തിരികൊളുത്തിയിരിക്കുകയാണല്ലോ. 'ഹിന്ദു' എന്ന പദത്തിന് ദുരർഥം ആണുള്ളതെന്ന് അദ്ദേഹം ചൂണ്ടി ക്കാട്ടുകയും വാരാണാസിയിൽ നിന്നു പ്രസിദ്ധീകരിച്ച 'ഹിന്ദു വിശ്വവിജ്ഞാനകോശം' ഉദ്ധരിച്ചത് സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇതോടെ കരുണാനിധിയുടെ പ്രസ്താവനക്കെതിരെ ഹിന്ദുത്വവാദികൾ പ്രതിഷേധം ഉയർത്തിതുടങ്ങി. 'ഹിന്ദു' എന്ന പേർഷ്യൻ പദത്തിന്റെ അർഥം കള്ളൻ എന്നാണെന്നു കരുണാനിധി വ്യാഖ്യാനിക്കുകയുണ്ടായി. ഇതിനെതിരെ പ്രതിഷേധം ഉയർത്തിയതുകൊണ്ടോ പ്രക്ഷോഭം കൂടിയതുകൊണ്ടോ ഒരു കാര്യവും ഇല്ല. 'വിശ്വഹിന്ദു പരിഷത്ത് എന്ന നാമത്തിനോ ആ നാമത്തിലുള്ള സംഘടനയ്ക്കോ ഒരു പ്രസക്തിയും നൽകാൻ പാടില്ലാത്ത ഒരവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. വാരാണാസിയിൽ നിന്നു പ്രസിദ്ധീകരിച്ച ഹിന്ദു വിശ്വാസ വിജ്ഞാനകോശത്തിൽ തീരെ അടിസ്ഥാനരഹിതമായ ഒരു കാര്യം അച്ചടിച്ചുവരാൻ സാധ്യതയില്ല. വിശ്വഹിന്ദു പരിഷത്തിന്റെ ആധികാരിക വക്താക്കൾക്കോ ഹിന്ദുത്വവാദികൾക്കോ മറുപടി നൽകാൻ നിവൃത്തിയില്ലാത്ത പരുവത്തിലാകുന്ന ചില പരമാർഥങ്ങൾ കൂടിയുണ്ടെന്ന് അറിയേണ്ടിയിരിക്കുന്നു. വാരാണാസിയിലെ ഹിന്ദു വിശ്വവിജ്ഞാനകോശത്തിൽഇതു പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ആര്യസമാജ സ്ഥാപകനും വൈദിക സംസ്കാര വേദിയുമായ പണ്ഡിറ്റ് ദയാനന്ദ സരസ്വതി ഇപ്രകാരം ഘോഷിച്ചിട്ടുണ്ടെന്നും ഈ പദം ദുരർഥദ്യോതകമായിരിക്കയാൽ പരിവർജ്യമാണെന്ന് നിർദേശിച്ചിട്ടുണ്ടെന്നും ഉള്ളതാണത്. അതിനപ്പുറവും കടന്ന് ഈ പേര് മുസ്‌ലിംകളാണ് ശത്രുത കാരണം ദുഷ്ടാർഥം അടക്കിക്കൊണ്ട് ആര്യന്മാർക്ക് നൽകിയതെന്നുകൂടി സ്വാമി എഴുതുകയുണ്ടായി. സ്വാമികളുടെ സ്വന്തം വാചകങ്ങൾ തന്നെ ഉദ്ധരിക്കാം. 'മുസൽമാനോനെ അദാവത് സെ ആര്യോൻ കാ നാം ഹിന്ദു രഖാ ഹൈ. ഇസ്കെ മാനോ ഹൈ ദുഷ്ട്, നീച്, കപടീ, ജഹ്‌ലീ ഔർഗുലാം. ഇസ്സെയെ നാം ഭ്രഷ്ട് ഹെ' (മുസ്‌ലിംകൾ ശത്രുത കാരണം ആര്യന്മാർക്ക് ഹിന്ദു എന്ന പേരുനൽകി. ഇതിന്റെ അർഥം ദുഷ്ടൻ, നീചൻ, കപടൻ, അറിവ് കെട്ടവൻ, അടിമ എന്നിങ്ങനെയാണ്. അതുകൊണ്ട്, ഈ നാമം ഭ്രഷ്ട് ആകുന്നു)

സ്വാമിജിയുടെ പ്രസിദ്ധമായ 'സത്യാർഥ പ്രകാശ്'ലാണ് ഇപ്രകാരം എഴുതിയിട്ടുള്ളത്. എന്നാൽ ഇന്ന് 'സത്യാർഥ പ്രകാശ്' എടുത്തു നോക്കിയാൽ അതുകാണുകയില്ല. 1875 ൽ ബനാറസ് സ്റ്റാർ പ്രസ്സിൽ നിന്നു അച്ചടിച്ചിറക്കിയ ഒന്നാംപതിപ്പിൽ ഇതു കാണാവുന്നതാണ്. സ്വാമിജിയുടെ ഈ പ്രസ്താവനയെ പുസ്തകം അച്ചടിച്ചു പുറത്തായ ഉടനെ മുസ്‌ലിം പക്ഷത്ത്നിന്ന് ശക്തിമത്തായ ആക്ഷേപ ഖണ്ഡനങ്ങൾ ഉയർന്നപ്പോൾ അതു നീക്കിക്കളയാൻ നിർബന്ധിതമായി. സുപ്രസിദ്ധമായ 'വക്കീൽ' പത്രത്തിലാണ് ആദ്യത്തെ ഖണ്ഡന ലേഖനം പ്രത്യക്ഷപ്പെട്ടത്. പിന്നീടുള്ള പതിപ്പുകളിൽ അതു ചേർത്തില്ലെങ്കിലും പ്രസ്താവന പിൻവലിക്കുകയോ തെറ്റു തിരുത്തുകയോ ചെയ്തില്ല. വാചകം പുസ്തകത്തിൽ നിന്നു നീക്കിയെങ്കിലും വാദം ഉപേക്ഷിച്ചില്ല. ആര്യ സമാജികൾ ഈ ആശയത്തെ ആധികാരികമായിത്തന്നെകരുതിപ്പോരുകയും 'ഹിന്ദു' എന്ന പ്രയോഗത്തിനെതിരായ തങ്ങളുടെ ആക്ഷേപത്തിൽ ഉറച്ചിരിക്കയുമാണ് ചെയ്തു പോന്നത്. ഹിന്ദു എന്ന പേർഷ്യൻ പദത്തിന് കള്ളൻ എന്നതിന് പുറമെ കൊള്ളക്കാരൻ, അടിമ ജോലിക്കാരൻ, ക്രൂരൻ എന്നിങ്ങനെയും അർഥങ്ങളുണ്ടെന്ന് കരുണാനിധി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതു ഹിന്ദു ക്കളെ അവഹേളിക്കാൻ വേണ്ടി മറ്റുള്ളവർ പ്രചരിപ്പിക്കുന്നആക്ഷേപമല്ല. സ്വാമിദയാനന്ദ സരസ്വതിയെ പോലുള്ള ഒരു യോഗിവര്യൻ പറഞ്ഞതാകയാൽ അതിന്റെ ആധികാരികതയെ ചോദ്യം ചെയ്യാൻ ആര്യ പണ്ഡിതന്മാർ ആരും മുന്നോട്ടു വന്നില്ല. അക്കാലത്തെ പ്രസിദ്ധ ക്രൈസ്തവ പണ്ഡിതനായ റവ. തോമസ് ഹോവ മുസ്‌ലിംകൾക്കെതിരായി സ്വാമിജിപുറപ്പെടുവിച്ച ഈ ആക്ഷേപത്തെ ശക്തിയുക്തം ഖണ്ഡിക്കുകയുണ്ടായിട്ടുണ്ട്. പേർഷ്യൻ ഭാഷയിൽ ദുരർഥങ്ങൾ ഉണ്ടെങ്കിൽ അതു തികച്ചും സ്വാഭാവികമാണെന്നും മുസ്‌ലിംകൾ ഇക്കാര്യത്തിൽ കുറ്റക്കാരല്ലെന്നും അദ്ദേഹം വാദിച്ചു. ഒരു ഭാഷയിൽ ദുരർഥമുള്ള ഒരു ശബ്ദത്തിന് മറ്റൊരു ഭാഷയിൽ നല്ല അർഥങ്ങളുണ്ടാകാമെന്ന് അദ്ദേഹം ഉദാഹരണങ്ങൾ നിരത്തിക്കൊണ്ട് തെളിയിച്ചു. ശ്രീദയാനന്ദൻ മുസ്‌ലിംകളെപ്പറ്റി ഇത്തരം ഒരാക്ഷേപം പുറപ്പെടുവിച്ചു എന്നതാണ് ഒരു പ്രശ്നം. ഈ ആക്ഷേപം ശരിയാണോ വസ്തുതാധിഷ്ഠിതമാണോ എന്നതു മറ്റൊരു പ്രശ്നമാണ്. അടിസ്ഥാനരഹിതങ്ങളും അർഥശൂന്യങ്ങളുമായ

അനേകം ആക്ഷേപങ്ങൾ സ്വാമികൾ തന്റെ ഗ്രന്ഥങ്ങളിൽ ഇസ്‌ലാമിനെപ്പറ്റി എഴുതിപ്പിടിപ്പിച്ചതിൽ ഒന്നുമാത്രമാണ് ഇത്. അത്തരം ചില ആക്ഷേപങ്ങൾ അവ അന്തസ്സാരശൂന്യങ്ങളാണെന്നു കണ്ടുപിൽക്കാലത്ത് ശിഷ്യന്മാർ മാറ്റിക്കളയുകയുണ്ടായി. മറ്റു മതങ്ങളെപ്പറ്റിയും സമുദായങ്ങളെപറ്റിയും മതാചാര്യന്മാരെപ്പറ്റിയും ദയാനന്ദ സ്വാമികൾപുറപ്പെടുവിച്ച അടിസ്ഥാനരഹിതങ്ങളായ ആക്ഷേപങ്ങളെപ്പറ്റിഗാന്ധിജി തന്നെ വിമർശിച്ചിരുന്നുവല്ലോ. 'സത്യാർഥപ്രകാശ'ത്തിന്റെ മലയാള തർജമ (വിവർത്തകന്റെ പേർ ഗ്രന്ഥത്തിൽ ചേർത്തിട്ടില്ലെങ്കിലും തലശ്ശേരിയിലെ അഡ്വ. ടി. നാരായണ നമ്പ്യാരാണ് അതു വിവർത്തനം ചെയ്തതെന്ന് ഞാൻ എവിടെയോ വായിച്ചിട്ടുണ്ട്. ലേഖകൻ) തയ്യാറാക്കിയപ്പോൾ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ അവ അസംബന്ധങ്ങളാണെന്നു കാണുകയാൽ നീക്കിക്കളഞ്ഞിട്ടുണ്ട് എന്നതു പ്രസ്താവ്യമാണ്. ചില പേജുകൾ തന്നെ വിട്ടുകളഞ്ഞു. ഏതായാലും ഇത്തരം ആരോപണങ്ങളാണ് മഹർഷിയായി കൊണ്ടാടപ്പെട്ട ഈ മതപരിഷ്ക്കർത്താവിന്റെ തൂലികയിൽനിന്ന് നിർഗളിച്ചത്. ഇത്തരം കാര്യങ്ങൾ എടുത്തു കാട്ടിയാണ് ആര്യസമാജികളും ഹിന്ദുത്വവാദികളും ഇസ്‌ലാമിനെയും ഖുർആനെയും നബി തിരുമേനി(സ) യെയും ആക്ഷേപിക്കാൻ മുതിരുന്നത്. മുസ്‌ലിംകൾ ദുഷ്ടാർഥം അടക്കിക്കൊണ്ട് ആര്യാക്കൾക്ക് ഹിന്ദു എന്ന പേർ നകിയതാണെന്ന ആക്ഷേപം പ്രഥമ ശ്രവണത്തിൽ തന്നെ പുച്ഛരിച്ചു തള്ളേണ്ടതാണ്. മുസ്‌ലിംകൾ ഇന്ത്യയിൽ വരുന്നതിനും എന്നല്ല, ഇസ്‌ലാം അറേബ്യയിൽ ആവിർഭവിക്കുന്നതിനും നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഹിന്ദു എന്ന പേർ പ്രചാരത്തിലുണ്ടായിരുന്നു. അറേബ്യയിലെ അതിപുരാതന കവിതകളിൽ ഹിന്ദു എന്ന പേർ കാണപ്പെടുന്നു. ഇന്ത്യയിൽ ഉണ്ടാക്കപ്പെട്ട മികച്ചവാളിന് 'മുഹദ' എന്ന വാക്ക് പണ്ടേ പ്രയോഗിച്ചുപോന്നിരുന്നു. ഹിന്ദിയിൽ ഉണ്ടാക്കപ്പെട്ടത് എന്നർഥമുള്ള ഈ വാക്ക് മുന്തിയ വാളിനുള്ള പര്യായമാണ്. 'ഹിന്ദു' എന്ന വാക്കിനു ദുഷ്ടാർഥമുള്ളതിനാൽ അതു വർജിക്കപ്പെടേണ്ടതാണെന്ന നിലപാട് സ്വീകരിച്ച ആര്യസമാജികൾ ഇന്ത്യയിലങ്ങോളമിങ്ങോളം ഈ ആശയത്തെ പ്രചരിപ്പിച്ചു. മുപ്പതുകളിൽ ആര്യസമാജക്കാർ ഇതു സംബന്ധിച്ചു ലഘുലേഖകൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കി പ്രചരിപ്പിച്ചിരുന്നു.

തങ്ങളുടെ മതം ഹിന്ദുമതം ആണെന്നു പറയരുതെന്നു കാണിച്ചു ആര്യസമാജം നോട്ടീസുകളിറക്കി. അവയിൽ ചില പ്രതികൾ എന്റെ പക്കൽ ഉണ്ടായിരുന്നു. ഹിന്ദു എന്ന ശബ്ദത്തിന് ദുഷ്ടാർഥമാണുള്ളതെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ലേഖനങ്ങൾ 'ഓർഗനൈസറി'ൽ പ്രസിദ്ധം ചെയ്തിരുന്നു. ഞാൻ സൂക്ഷിച്ചുപോന്ന ചില ലക്കങ്ങൾ ചിതലെടുത്തു പോയി. ആര്യസമാജ മിഷണറി ആയിരുന്ന സാധു ശിവപ്രസാദ് കണ്ണൂർ കേന്ദ്രമാക്കി പ്രവർത്തിച്ചുപോന്ന കാലത്ത് നിരവധി ഈഴവരെ ആര്യസമാജത്തിൽചേർക്കുകയുണ്ടായി. ഹിന്ദു ശബ്ദവിരക്തിയും ആര്യനായ താൽപര്യവും മൂലം അന്ന് കണ്ണൂരിലെ ഒരു ഈഴവ നേതാവായിരുന്ന ശ്രീ. പി. കെ. ബാപ്പു 'ആര്യബന്ധു പി. കെ. ബാപ്പു' എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി. ഈഴവന് ആര്യൻ ആകാൻ കഴിയില്ല. അതിനാൽ ആര്യബന്ധു എന്നതു കൊണ്ട് തൃപ്തിപ്പെട്ടു. 1941 ലെ കാനേഷുമാരി കാലത്ത് കണ്ണൂർ ആര്യസമാജം അച്ചടിച്ചിറക്കിയ ഒരു നോട്ടീസിൽ സർക്കാർ 'കൊറി'ക്കുള്ള മറുപടിയിൽ ഹിന്ദു എന്നതിന് പകരം ആര്യൻ എന്ന് ചേർപ്പിക്കണമെന്ന നിർദേശം പുറപ്പെടുവിച്ചിരുന്നു. ചുരുക്കത്തിൽ അക്കാലത്ത് ഹിന്ദു നാമത്തോടു അനിഷ്ടവും ആര്യനാമത്തോട് താൽപര്യവും ആയിരുന്നു. ഇപ്പോൾ ഹിന്ദുനാമ പ്രഭാവം ഉയർത്തുന്ന ആര്യ സഭ്യതയിൽ അഭിമാനം കൊള്ളണമെന്നതായിരുന്നു മുപ്പതുകളിലുള്ള ആഹ്വാനം. ഇപ്പോൾ ഹിന്ദു സംസ്ക്കാരത്തിൽ അഭിമാനം കൊള്ളണമെന്നാണ് സുദർശൻജിയുടെ ഉത്തരവ്. കൂട്ടത്തിൽ മന്ത്രി ഒ. രാജഗോപാലനും ശ്രീ. പരമേശ്വർജിയും 'ഹിന്ദു' എന്ന ആശയത്തിന്റെ മഹത്വം ഉദ്ഘോഷിക്കുന്നു. ഇന്ത്യയിലുള്ളവരെല്ലാം ഹിന്ദുക്കളായി അറിയപ്പെടണമത്രെ.

സ്വാമി ചിന്മയാനന്ദൻ, മുൻ മൈസൂർ മഹാരാജാവ് ജയ ചാമരാജ വാഡിയാർ, കുലപതി ഡോ. കെ. എം. മുൻഷി, സർ. സിപി. രാമസ്വാമി അയ്യർഎന്നീ സമുന്നതന്മാർ ചേർന്നാണ് 1966 ൽ 'വിശ്വഹിന്ദു പരിഷത്തിനു രൂപം നൽകിയത്. ഏറെ തലപുകഞ്ഞു ചിന്തിച്ചു കൊണ്ടായിരിക്കണം ഈ നാമം സ്വീകരിച്ചത്. സത്യം പറഞ്ഞാൽ, വിശ്വഹിന്ദു പരിഷത്ത് എന്ന നാമധേയം അപ്രസക്തവും അടിയുറപ്പില്ലാത്തതുമാണ്. ഇന്ത്യയിലെ മതം ആര്യ ധർമമാണെന്നും അപ്പേരിലാണ് അറിയപ്പെടേണ്ടതെന്നും ഒരു പ്രബല വിഭാഗം പറയുന്നു. ആര്യധർമം ആര്യാവർത്തത്തിലെ മതമാണ്. എന്നാൽ, ആര്യാതിർത്തിപ്പുറത്ത് അതിനു വേരില്ല. കടൽ കടന്നുള്ള ഒരു ഇടപാടുമില്ല. അതൊക്കെ പാപങ്ങളിൽപെടുന്നു. പിന്നെങ്ങനെ വിശ്വദർശനം? ഹിന്ദു എന്ന നാമത്തെ ശുദ്ധി ചെയ്തെടുത്തു എന്നാണ് പറയപ്പെടുത്. 'മ്ലേച്ഛ'രായ മുസ്‌ലിംകളെ 'ശുദ്ധി' ചെയ്തെടുക്കുന്നതു പോലെ. ഏതായാലും മുസ്‌ലിംകളിൽ ഈ നാമം അടിച്ചേൽപ്പിക്കേണ്ടതില്ല. ദുഷ്ടാർഥകമായ ഒരു നാമം അവർ എന്തിനു സ്വീകരിക്കണം? ആദ്യം അടിസ്ഥാനരഹിതവും പ്രകോപനപരവുമായ ആക്ഷേപം പുറപ്പെടുവിച്ചതിന് ആര്യസമാജം ലോകത്തോട് പരസ്യമായി മാപ്പു പറഞ്ഞുകൊണ്ട് അതു പിൻവലിക്കട്ടെ. അതാണ് മര്യാദ.

ഹിന്ദു എന്ന ശബ്ദത്തിന് ദുരർഥമുണ്ടെന്ന് മുസ്‌ലിംകൾ ആരും പറഞ്ഞിട്ടില്ല. മറിച്ച് ജ്യേഷ്ഠ സമുദായം എന്ന നിലയിൽ ഹൈന്ദവ സമുദായത്തോടു വളരെ സ്നേഹത്തിലും ബഹുമാനത്തിലുമാണ് മുസ്‌ലിംകൾ വർത്തിച്ചിട്ടുള്ളത്. എന്തുപേരാണ് സ്വീകരിക്കേണ്ട

തെന്ന് ഒരു സമുദായത്തിലെ അംഗങ്ങൾ തന്നെയാണ് തീരുമാനിക്കേണ്ടത്. ആർക്കും ഒരു സമുദായത്തിന്റെ മേൽ അവർക്കിഷ്ടമില്ലാത്ത പേർ അടിച്ചേൽപ്പിക്കാനാവില്ല. ഹിന്ദു എന്ന പേർ സിന്ധു എന്ന ശബ്ദത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണെന്ന നെഹ്റുവിന്റെ കാഴ്ചപ്പാടാണ് ശരി. നെഹ്റു 'ഡിസ്ക്കവറി ഓഫ് ഇന്ത്യ'യിൽ അതു വ്യക്തമാക്കിയിട്ടുണ്ട്. നമുക്കൊക്കെ അതു അംഗീകരിക്കാം. അപ്പോൾ ഒരു കുഴപ്പവും ഇല്ല. ഹിന്ദുമതത്തിന് ആര്യധർമം എന്നാണ് പറയേണ്ടതെന്നു വരുത്തി തീർക്കാൻ മുസ്ലിംകളെ കടാന്നാക്രമിക്കേണ്ട കാര്യമുണ്ടോ? ആ കുത്തിനുള്ള ശിക്ഷയെന്നോണം ദയാനന്ദ മതത്തെ വിശ്വഹിന്ദുപരിഷത്തിന്റെ ശിൽപികൾ തള്ളിപ്പറഞ്ഞിരിക്കുന്നു. നെഹ്റു ഇപ്രകാരം പറയുന്നു:

ഹിന്ദു എന്ന ശബ്ദം നമ്മുടെ പുരാതന സാഹിത്യത്തിലെവിടെയും കാണപ്പെടുന്നില്ല. ക്രിസ്ത്വാബ്ദം എട്ടാം നൂറ്റാണ്ടിലെ ഒരു താന്ത്രിക ഗ്രന്ഥത്തിലാണ് അതു ആദ്യമായി പരാമർശിക്കപ്പെട്ടുകാണുന്നത്. അവിടെ ഹിന്ദു എന്നതും ഒരു ജന വിഭാഗം ആണ്. ഒരു പ്രത്യേക മതത്തിന്റെ അനുയായികൾ എന്നല്ല അർഥം. ഈ ശബ്ദം വളരെ പുരാതനമാണെന്നതു വ്യക്തമാണ്. 'അവസ്ത'യിലും (സെന്ത് അവസ്ത) പഴയ പേർഷ്യനിലും ആ പദം കാണപ്പെടുന്നുണ്ട്. അക്കാലത്തും പിന്നീടു ഒരായിരം കൊല്ലം വരെയും പശ്ചിമേഷ്യയിലും മദ്ധ്യേഷ്യയിലും ഇന്ത്യക്ക് 'ഇൻഡസ്' നദിയ്ക്കപ്പുറം വസിക്കുന്നവർക്ക് ഈ പേര് പറയപ്പെട്ടിരുന്നു. ഇൻഡസിനുള്ള പ്രാചീനവും അർവ്വാചീനവുമായ പേരായ സിന്ധുവിൽനിന്നാണ് ഈ ശബ്ദം ഉരുത്തിരിഞ്ഞതെന്നു വ്യക്തമാണ്. സിന്ധുവിൽനിന്ന് ഹിന്ദു, ഹിന്ദുസ്താൻ എന്നീ ശബ്ദങ്ങൾ ഉടലെടുത്തു. അതുപോലെ തന്നെ ഇൻഡസ് എന്നും ഇന്ത്യ എന്നും പേരുകൾ ഉണ്ടായി. ഏഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച പ്രസിദ്ധ ചൈനീസ് തീർഥാടകനായിരുന്ന ഇത്ൽസിംഗ്(I-tsing) തന്റെ യാത്രാ വിവരണത്തിൽവടക്കൻ ട്രൈബുകൾ അതായത് മദ്ധ്യേഷ്യക്കാർ ഇന്ത്യയെ ഹിന്ദു എന്നു വിളിച്ചിരുന്നു എന്നു പറഞ്ഞിട്ടുണ്ട്. ഇതുപക്ഷേ പൊതുവെ പറഞ്ഞുവന്ന പേരല്ല എന്നു പറയുന്നു. ഇന്ത്യക്ക് കുലീന ദേശം അഥവാ ആര്യദേശം എന്ന പേരാണ് ഏറ്റവും യോജിച്ചത് എന്നും അദ്ദേഹം തുടർന്നു പറഞ്ഞിട്ടുണ്ട്. ഒരു പ്രത്യേക മതത്തെപ്പറ്റി ഹിന്ദു എന്ന നാമം വളരെ പിൽക്കാലത്താണ് ഉപയോഗിക്കപ്പെട്ടുവന്നത്. (ഇന്ത്യയെ കണ്ടെത്തൽ പേജ് 62)

---

പേജ് 11 ൽ നിന്നും തുടർച്ച

ത്തിനെ പരിചയപ്പെടുത്തൽ നടന്നു കഴിഞ്ഞു. നവംബർ 11-ന് മസ്ജിദിന്റെ നിർമാണം പൂർത്തിയായ വിവരം വിളംബരം ചെയ്തുകൊണ്ട്. "ശാന്തിയും സ്നേഹവും മുസ്ലിംകളുടെ വിശ്വാസത്തിന്റെ ഭാഗം" ''ജപ്പാൻ അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദിന്റേയും കമ്മ്യൂണിറ്റി സെന്ററിന്റേയും നിർമാണം ഐജിപ്രേഫേക്ചറിലെ തശോശിമാ നഗരത്തിൽ പൂർത്തിയായി" തുടങ്ങിയ വാർത്തകൾ മറ്റു വലിയ പത്രങ്ങളും പ്രസിദ്ധീകരിച്ചു. ലോക്കൽ സർക്കാരിന്റെ പ്രദേശത്താണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നത്. ചെറുതും വലുതുമായ 5 മിനാരമുള്ളതാണ് ഈ മസ്ജിദ്. 'അഞ്ഞൂറിനടുത്ത് ആളുകൾക്ക് നമസ്കരിക്കാൻ സൗകര്യമുണ്ട്. വീണ്ടും എഴുതി: 'ശാന്തിയുടേയും സ്നേഹത്തിന്റേയും പ്രചാരണവും, തങ്ങളുടെ സമൂഹവുമായിട്ടുള്ള കൂട്ടുകെട്ടുകളും വർധിപ്പിച്ചുകൊണ്ട് പരിപാടികൾ സംഘടിപ്പിക്കുകയെന്നത് അഹ്മദിയ്യാജമാഅത്തിന്റെ വൈശിഷ്ട്യ ചിഹ്നമാണ്. ജപ്പാനിൽ അധികവും പാകിസ്താനികളും 15 മറ്റു ജനവിഭാഗങ്ങളുമുൾപ്പെടെ ഈ ജമാഅത്തിന്റെ ഇരുന്നൂറിനോടടുത്ത് അംഗങ്ങൾ വസിക്കുന്നു. സന്നദ്ധപ്രവർത്തനങ്ങളിലും മുൻപന്തിയിൽ നില്ക്കുന്ന ജമാഅത്താണിത്. ഇക്കൂട്ടർ ക്യൂബെയിൽ ഉണ്ടായ ഭൂകമ്പത്തിലും സുനാമിയിലും വടക്കൻ ജപ്പാനിലുണ്ടായ ഭൂകമ്പങ്ങൾക്കുപുറമെ ഈ വർഷമുണ്ടായ വെള്ളപ്പൊക്കത്തിനുശേഷവും ദുരന്തബാധിതർക്ക് ഭക്ഷണം തുടങ്ങിയവ വിതരണം ചെയ്തുകൊണ്ട് സേവനങ്ങളിൽ പങ്കെടുത്തു. ശാന്തിയും സമാധാനവും പ്രചരിപ്പിക്കുന്ന ഇസ്ലാമിന്റെ പ്രതിനിധികൾ എന്ന സ്വാധീനമാണ് അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് ജനങ്ങളിൽ നിലനില്ക്കുന്നത്. സൃഷ്ടിസേവനവും ചെയ്തുവരുന്നു.' ഇത് നിലനിറുത്തേണ്ടതും ഈ സ്വാധീനം വളർത്തേണ്ടതും ഇവിടെ വസിക്കുന്ന എല്ലാ അഹ്മദികളുടേയും ജോലിയാണ്. അല്ലാഹു എല്ലാവർക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ. ഇസ്ലാം സ്നേഹത്തിന്റേയും സമാധാനത്തിന്റേയും മതമാണെന്ന യാഥാർഥ്യം എല്ലാ അഹ്മദികളും പ്രചരിപ്പിക്കുന്നവരാകട്ടെ; ഇതിന്റെ ചിഹ്നങ്ങളാണ് നമ്മുടെ മസ്ജിദുകൾ. ഈ ജനതയിൽ ഇസ്ലാമിന്റെ യഥാർഥ സന്ദേശം പ്രചരിപ്പിക്കുന്നതിനുള്ള വഴികൾ വിശാലമായിക്കൊണ്ടു പോകുമാറാകട്ടെ. തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുന്നവരും മുഹ്സിനെ ഇൻസാനിയ്യത്ത് ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി (സ)യുടെ സ്ഥാനത്തെ മനസ്സിലാക്കുന്നവരുമായ ഭാഗ്യവാന്മാരിൽ അണിചേരാൻ ഈ ജനതയ്ക്കും സാധിക്കുമാറാകട്ടെ.

വിവർത്തനം:
-മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ



# അമീറുൽ മുഅ്മിനീന്റെ വിശുദ്ധ സവിധത്തിൽ

മൗലവി കെ. ഖമറുദ്ദീൻ

**കഴിഞ്ഞ ആഗസ്തിൽ ലണ്ടനിൽ വെച്ച് നടന്ന അഹ്മദിയ്യാ ജമാഅത്തിന്റെ യു. കെ. അന്തർ ദേശീയ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത ലേഖകൻ ലണ്ടനിലെ തന്റെ അനുഭവങ്ങൾ വിവരിക്കുന്നു**

**ആ**ഗോള അഹ്മദിയ്യാ ജമാഅത്തിന്റെ വാർഷിക സമ്മേളനം ഇക്കഴിഞ്ഞ ആഗസ്ത് 21, 22, 23 തീയതികളിൽ ഇംഗ്ലണ്ടിന്റെ തലസ്ഥാനമായ ലണ്ടനിൽ വെച്ച് വിജയകരമായി നടത്തപ്പെടുകയുണ്ടായി. (അൽഹംദു ലില്ലാഹ്). ഹുസൂർ തിരുമനസ്സിന്റെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമാവുന്ന ഈ സമ്മേളനം ആഗോള ബൈഅത്തിനാലും ജമാഅത്തിന്റെ പുരോഗതിയുടെ വാർഷിക റിപ്പോർട്ടും നേട്ടങ്ങളും കൊണ്ട് ലോക ശ്രദ്ധ പിടിച്ചു പറ്റുന്നു.

ഖാദിയാൻ ഉമൂറെ ഖാരിജ ഓഫീസിൽ നിന്നും 'താങ്കൾ ഉടനെ പാസ് പോർട്ടും ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഖാദിയാനിൽ എത്തിച്ചേരുക'എന്ന നിർദേശം ലഭിച്ചതിന് ശേഷം ഞാൻ ഖാദിയാനിൽ പോയി. ഞങ്ങൾ 14 പേരാണ് ഇന്ത്യയിലേക്ക് നിന്ന് ലണ്ടനിലെ ജൽസയിൽ ക്ഷണിക്കപ്പെട്ടവർ. ബ്രിട്ടീഷ് എംബസ്സിയിൽ അവരുടെ രാജ്യത്ത് പോവാനായി അപേക്ഷ കൊടുക്കുമ്പോൾ ഒരുപാട് നിബന്ധനകൾക്ക് വിധേയമാണ്. കർശനമായ ഇന്റർവ്യൂ അഭിമുഖീകരിക്കേണ്ടി വരികയും ചെയ്യും. അഹ്മദിയ്യാ ജമാഅത്തിന്റെ സത്യസന്ധതയിലും സമാധാന വാഞ്ഛയിലും പരിപൂർണ ബോദ്ധ്യമുള്ള ബ്രിട്ടീഷ് ഗവൺമെന്റ് അവർക്ക് കുടുതൽ പരിശോധനകളും ചോദ്യം ചെയ്യലുമില്ലാതെയാണ് വിസ ലഭ്യമാക്കുന്നത്.

ജൽസയിൽ പങ്കെടുക്കാൻ പോവുന്ന എല്ലാവരോടും മൂന്നേ മൂന്ന് ചോദ്യം. പാസ്പോർട്ട് നിങ്ങളുടേതാണോ? യു കെ യിൽ എന്തിന് പോകുന്നു? ജൽസയിൽ പങ്കെടുത്ത് എന്ന് തിരിച്ചു വരും? ഈ ചോദ്യോത്തരങ്ങൾക്ക് ശേഷം ഇന്റർവ്യൂ കഴിഞ്ഞു. അഹ്മദികളല്ലാത്തവരെ വളരെ കർശനമായ ഇന്റർവ്യൂവിന് വിധേയമാക്കുന്നത് കാണാമായിരുന്നു. യൂറോപ്പിൽ എല്ലാ രാജ്യങ്ങളിലെയും എയർ പോർട്ടുകളിലും അഹ്മദികളോടുള്ള പെരുമാറ്റം വളരെ സൗഹാർദപരമാണ്. ഇത് അഹ്മദിയ്യത്തിന്റെ അംഗീകാരമായി കാണാവുന്നതാണ്.

ഞങ്ങളുടെ വിസ ലഭിച്ചുവെന്ന മെസ്സേജ് വന്നു. ഞങ്ങൾ ആഗസ്റ്റ് 19 ന് ഡൽഹിയിൽ നിന്ന് ലണ്ടനിലേക്ക് പുറപ്പെട്ടു. എയർപോർട്ടിൽ ഞങ്ങളെ വരവേൽക്കാൻ ജമാഅത്തംഗങ്ങൾ കാത്തിരിപ്പുണ്ടായിരുന്നു. ഞങ്ങളെയും കൊണ്ട് കാറുകൾ ലണ്ടൻ നഗരത്തിലൂടെ നീങ്ങി. ഏകദേശം ഒരു മണിക്കൂറിനകം ഞങ്ങളുടെ വാഹനം മസ്ജിദ് ഓഫീസിലെത്തി. മസ്ജിദ് ഫസലിന്റെ തൊട്ട് ചേർന്നാണ് സയ്യിദ്നാ ഹദ്റത്ത് അമീറുൽ മുഅ് മിനീന്റെ അനുഗൃഹീതമായ ഭവനവും ഓഫീസും. ഇതിന് എതിർ വശത്ത് ചേർന്ന് കിടക്കുന്ന വിവിധ ബിൽഡിങ്ങിൽ ഒന്നിലേക്ക് ഞങ്ങളെ കൊണ്ട് പോയി. ജനാബ് ഫാതിഹ് അഹ്മദ് സാഹിബിന്റെ ഓഫീസാണിത്. ഇദ്ദേഹം ഖലീഫത്തുൽ മസീഹിന്റെ മകളുടെ ഭർത്താവാണ്. അദ്ദേഹം ഹുസൂർ തിരുമനസ്സിന്റെ മകളുടെ ഭർത്താവും ഇൻ ചാർജ്ജ് ഇന്ത്യാ ഡസ്ക് എന്നറിയപ്പെടുന്ന വകീൽ സാഹിബ് തഅ്മീൽ വതൻഫീസാണ്. അദ്ദേഹത്തെ മുലാക്കാത്ത് ചെയ്തു. അദ്ദേഹം ഞങ്ങൾക്കുള്ള താമസ സ്ഥലവും മറ്റും നിർദേശിക്കുകയും ഞങ്ങൾക്കുള്ള സ്റ്റേജ് കാർഡ്, രജിസ്ട്രേഷൻ കാർഡ്, ഭക്ഷണ ഹാളിലേക്കുള്ള കാർഡ്, ഹുസൂർ തിരുമനസ്സിന്റെ കൂടെയുള്ള ദഅ്വത്തിലേക്ക് ചില പ്രമുഖ വ്യക്തികളുടെ ക്ഷണക്കത്ത് കൂടാതെ ഒരു മാസം ലണ്ടനിൽ കഴിയാനും മറ്റുമുള്ള ചിലവിലേക്കുള്ള ഹുസൂർ തിരുമനസ്സിൽ നിന്നുള്ള ഒരു തുക എന്നിവയടങ്ങിയ ചില കവറുകൾ ഞങ്ങൾക്ക് നൽകി. ഖിലാഫത്തിന്റെ കൂടെ പ്രവർത്തിക്കുന്ന ചില സുകൃതവാന്മാരായ അവരുടെ പ്രവർത്തന രീതി നമ്മെ വല്ലാതെ ചിന്തിപ്പിക്കുന്നതാണ്. ഞങ്ങളെല്ലാവരും ഞങ്ങളുടെ താമസ സ്ഥലത്തേക്ക് നീങ്ങി.

### ഹദീഖത്തുൽ മഹ്ദി

21-ാം തീയതി ജുമഅ ദിവസം ഞാൻ താമസിക്കുന്ന സ്ഥലത്ത് നിന്നും (മസ്ജിദുൽ ഫുത്തൂഹിന്നടുത്താണ് ഞങ്ങളുടെ താമസ സ്ഥലം) 69 കിലോമീറ്റർ അകലെയാണ് ഹദീഖത്തുൽ മഹ്ദി എന്ന സമ്മേളന നഗർ. മുസ്ലിം ടെലിവിഷൻ അഹ്മദിയ്യായിൽ കാണുന്നത് പോലെ വിശാലമായ ഒരു ഏരിയയാണ് ഹദീഖത്തുൽ മഹ്ദി. തികച്ചും ശാന്ത സുന്ദരമായ പ്ര ദേശം. നൂറുക്കണക്കിന് വാഹനങ്ങൾക്കുള്ള പാർക്കിങ്ങ് സ്ഥലവും പതിനായിരക്കണക്കിന് ആളുകൾ ഉൾക്കൊള്ളുന്ന സമ്മേളന നഗരിയും ഉൾപ്പെടുന്ന സ്ഥലമാണ് ഹദീഖത്തുൽ മഹ്ദി. ഇത് ജമാഅത്തിന്റെ സ്ഥലമാണ്. ഈ ഭുപ്രദേശം ഏകദേശം 210 ഏക്കറാണ്. ഇതിന് കുറച്ചപ്പുറത്ത് ഇസ്ലാമാബാദ് എന്ന 33 ഏക്കർ സ്ഥലം ജമാഅത്തിനുണ്ട്. ഇവിടെയാണ് ഖലീഫത്തുൽ മസീഹ് നാലാമൻ അന്ത്യവിശ്രമം കൊള്ളുന്നത്.

### പ്രഥമ ജുമുഅ

വന്ദ്യ ഇമാമിന്റെ തൊട്ടടുത്ത് നിന്നുകൊണ്ട് സ്റ്റേജിൽ തന്നെ ജുമാനമസ്കരിക്കാനുള്ള ഭാഗ്യം ലഭിച്ചു. കോടിക്കണക്കിന് അഹ്മദി മുസ്ലിംകളുടെ ആത്മീയ നേതാവിന്റെ കൂടെ നിന്ന് ജുമാ നമസ്ക്കരിക്കാനുള്ള ഭാഗ്യം ലഭിച്ചതിന് അല്ലാഹുവിനെ സ്തുതിച്ചു പോയി. ജുമുആക്ക് ശേഷം ഭക്ഷണഹാളിലേക്ക് നീങ്ങി. വ്യത്യസ്തമായ വിശാലമായ ഹാളുകൾ! ഇഷ്ടമുള്ള ഏത് ഭക്ഷണവും നമുക്ക് തിരഞ്ഞെടുക്കാം. ഭക്ഷണ ഹാളിൽ സേവന നിരതരായവരുടെ ആത്മാർഥത, സൗമ്യമായ പെരുമാറ്റം, എന്നിവ ശ്രദ്ധേയമായിരുന്നു. ഭക്ഷണ ഹാളിൽ ഓടി നടന്ന് ഭക്ഷണം വിളമ്പുന്ന ഒരാളെ പരിചയപ്പെട്ടു. ഞാൻ ഞെട്ടി പോയി. ആ മഹാ മനുഷ്യൻ മസീഹ് മഊദ് (അ) ന്റെ കുടുംബത്തിലെ അംഗമായ ഹദ്റത്ത് മിർസാ ഡോ. മുനവ്വർ അഹ്മദ് സാഹിബിന്റെ മകൻ ഹദ്റത്ത് മിർസാ മുബശ്ശിർ അഹ്മദ് സാഹിബാണ്. അപ്രകാരം മറ്റൊരാളും കൂടി ഓടി നടന്ന് ഡിസ്പ്പോസിബിൾ ഗ്ലാസ്സുകളും പ്ലേറ്റുകളും എടുത്തു മാറ്റുന്നുണ്ടായിരുന്നു. ഉന്നതസ്ഥാനിയായ അദ്ദേഹത്തെ എനിക്ക് ജനാബ് മൗലവി എം. അബൂബക്കർ സാഹിബ് പരിചയപ്പെടുത്തിതന്നു. അദ്ദേഹം ഹദ്റത്ത് സാഹിബ് സാദാ മിർസാ ഫസൽ അഹ്മദ് സാഹിബ് ആണ്. അതായത് ഹുസൂർ തിരുമനസ്സിന്റെ സഹോദരിയുടെ പുത്രൻ. ഇങ്ങനെ പോകുന്നു ഖിലാഫത്തിനായി സേവനം ചെയ്യുന്നവരുടെ നിലവാരം. അവർ എത്ര സേവനം ചെയ്താലും തളരുന്നില്ല. ക്ഷീണിക്കുന്നില്ല സ്വഭാവത്തിലോ പെരുമാറ്റത്തിലോ അസംതൃപ്തിയുടെ കണിക പോലുമില്ല!!

അടുക്കും ചിട്ടയോടും കൂടിയ വ്യവസ്ഥാപിതമായ പ്രവർത്തനമാണ് എവിടെയും. ജൽസാ ദിനങ്ങൾ വളരെ പെട്ടെന്ന് കടന്ന് പോയി. തൊട്ടടുത്ത ദിനം ആ അനുഗൃഹീത നിമിഷം വന്നെത്തി. എനിക്ക് ഹുസൂർ തിരുമനസ്സുമായുള്ള മുലാഖാത്തിനുള്ള അവസരം ലഭിച്ചു.

### ഹൃദയസ്പൃക്കായ മുലാഖാത്ത്

മുലാഖാത്തിനുള്ള ഒരുക്കത്തോടെ ഞാൻ ഹുസൂർ തിരുമനസ്സിന്റെ ഓഫീസിനടുത്ത് എത്തിച്ചേർന്നു. എന്റെ മനസ്സ് ഇളകി മറിയുന്നുണ്ടായിരുന്നു. ഞാൻ എന്തൊക്കെ പറയും? എന്നോട് എന്തൊക്കെ ചോദിക്കും? മറുപടി പറയാൻ തപ്പിതടയുമോ? എന്റെ ജോലി സംബന്ധമായ ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരം പറയാൻ ഞാൻ കുറിച്ച് വെച്ചു. വഖഫെ ജദീദിന്റെ ഇന്ത്യാ ബജറ്റ്, കേരളത്തിലെ അംഗ സംഖ്യ, ഏറ്റവും കൂടുതൽ ചന്ദ കൊടുക്കു



ലേഖകൻ ഹുസൂർ തിരുമനസ്സിനൊപ്പം

ന്നവരുടെ പേരുകൾ...... ഈ ചിന്തകളിലൂടെ കടന്നു പോകുന്ന എന്റെ കാതുകളിൽ സെക്രട്ടറി സാഹിബിന്റെ ശബ്ദമെത്തി: മൗലവി ഖമറുദ്ദീൻ സാഹിബ്.

മുലാഖാത്തിനായി ഞാൻ ഹുസൂർ തിരുമനസ്സിന്റെ ഓഫീസിലേക്ക് സലാം ചൊല്ലിക്കൊണ്ട് കടന്ന് ചെന്നു. എന്റെ പ്രിയങ്കരനായ ഇമാം എണീറ്റ് നിന്നു കൊണ്ട് എന്റെ കൈകളിൽ പിടിച്ചു. അവിടുന്ന് ചോദിച്ചു: എന്തൊക്കെയുണ്ട് മൗലവി ഖമറുദ്ദീൻ സാഹിബ്? കേരളത്തിൽ എല്ലാവരും സുഖത്തിലാണോ? കേരളത്തിൽ എല്ലാവരോടും എന്റെ സലാം പറയണം. എത്ര വർഷമായി ജമാഅത്തിന് സേവനം ചെയ്യുന്നു?. ഹുസൂർ 27 വർഷമായി, ഞാൻ പറഞ്ഞു. 'എങ്കിൽ പെൻഷൻ ആകാനായല്ലോ?' ഞാൻ പറഞ്ഞു, എനിക്ക് 47 വയസ്സേ ആയുള്ളൂ. എങ്കിൽ ഇനിയും കുറേ നാൾ ബാക്കിയുണ്ട്. അടുത്ത ചോദ്യം. എത്ര മക്കളുണ്ട്? ഞാൻ പറഞ്ഞു: മൂന്ന്. മക്കളിൽ ഒരാൾ വഖ്ഫെ നൗവിൽ അംഗമാണ്. അവൻ മെഡിസിന് പഠിക്കുന്നു. ഭാര്യയും മക്കളും പ്രിയ ഹുസൂറിന് സലാം പറഞ്ഞിരിക്കുന്നു. ഹുസ്സൂർ പറഞ്ഞു മക്കളോട് നന്നായി പഠിക്കാനും ദുആ ചെയ്യാനും പറയണം. മൂന്ന് പേർക്ക് ഓരോ പേനയും എനിക്ക് മോതിരവും പെർഫ്യൂമും പ്രിയ ഹുസൂർ തന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂന്ന് മുലാഖാത്തുകളാണ് എനിക്ക് ലഭിച്ചത്. അതിലൊരു ചോദ്യം ഇങ്ങനെയായിരുന്നു. ജൽസ എങ്ങനെയുണ്ടായിരുന്നു.? ഞാൻ പറഞ്ഞു, ഹുസൂർ, വളരെ ഉഷാറായിരുന്നു. അല്ല, പോസിറ്റീവും നെഗറ്റീവും പറയുക. ഹുസൂർ പറഞ്ഞു. സത്യത്തിൽ ഹുസൂറിന്റെ മുഖത്തേക്ക് നോക്കി നിൽക്കാൻ പോലും കഴിയില്ല. ചോദ്യങ്ങൾക്കുള്ള ഉത്തരം പറയാൻ തപ്പിതടയും. ആ വൈകാരിക നിമിഷം എപ്പോഴും ഓർക്കുമ്പോൾ ഹൃദയ ത്തിനും ശരീരത്തിനും അനന്ദാനുഭൂതി അനുഭവപ്പെടുകയാണ്. ഹുസൂർ തിരുമനസ്സിന്റെ മുലാഖാത്ത് കിട്ടുമ്പോൾ സലാം പറയാനും ദുആക്കും ഏൽപ്പിച്ച 6 പേരുടെ ലിസ്റ്റ് എന്റെ പോക്കറ്റിൽ നിന്നെടുത്ത് ഞാൻ വായിച്ചു കേൾപ്പിക്കുകയും ചെയ്തു.

### കേരളത്തോടുള്ള സ്നേഹം

കേരളം എന്ന് അറിഞ്ഞാൽ എല്ലാവർക്കും വലിയ ആകാംക്ഷയും സ്നേഹവും ബഹുമാനവുമാണ്. കേരളത്തിൽ വലിയ വലിയ പ്രവർത്തനങ്ങൾ നടക്കുന്നതായി ഒരുപാട് അഹ്മദികൾ ധരിച്ചുവെച്ചിരിക്കുന്നു. ഹുസൂർ സന്ദർശനം നടത്തിയ സ്ഥലം എന്ന നിലക്ക് വലിയ പരിഗണനയാണ് എല്ലാവരും നൽകുന്നത്. ഒരിക്കൽ ഒരാൾ പറഞ്ഞു: നിങ്ങൾ കേരളക്കാർ ഖിലാഫത്തിനെ വല്ലാതെ സ്നേഹിക്കുന്നവരാണ്. നിങ്ങൾ ധന ത്യാഗത്തിലും വളരെ മുന്നിലാണ്. ഇത് കേട്ടപ്പോൾ എന്റെ ജാഗ്രത അൽപ്പം ഉയർന്നു. ഞാൻ ചോദിച്ചു ധന ത്യാഗത്തിൽ കേരളം മുന്നിലാണെന്ന് താങ്കൾ എങ്ങനെ മനസ്സിലാക്കി.? അദ്ദേഹം പറഞ്ഞു: ഖുത്ബകളിലൂടെ മനസ്സിലാക്കിയതാണ്. ഇന്ത്യൻ ജമാഅത്തുകളിൽ കേരളം എന്നും മുന്നിലായിരിക്കും. ഈ സമയത്ത് കേരള ജമാഅത്തുകൾക്ക് കൂടുതൽ ഇസ്തിഖ്ഫാർ ചെയ്യാനും പുരോഗ തിയുടെ പടവുകൾ ഓടിക്കയറാനും ചെയ്യുമാറാകട്ടെ എന്ന് പ്രാർഥിക്കുന്നു.

ജനാബ് മൗലവി അബൂബക്കർ സാഹിബ് മുലാഖാത്തിന് പോവുമ്പോൾ കൊടിയത്തൂർ പള്ളിയുടെ മനോഹരമായ ഒരു ഫോട്ടൊ കയ്യിൽ കരുതിയിരുന്നു. അദ്ദേഹം ഫോട്ടോ കാണിച്ചു കൊണ്ട് പറഞ്ഞു: ഹുസൂർ ഇത് എന്റെ ഗ്രാമത്തിലെ പള്ളിയാണ്. ഹുസൂർ തിരുമനസ്സ് ഫോട്ടോ നോക്കിക്കൊണ്ട് പറഞ്ഞു: എനിക്കറിയാം കേരളക്കാർ മനോ ഹരമായ പള്ളികൾ നിർമിക്കുന്നവരാണ്. ഇതിനപ്പുറം ദീനി സേവന രംഗത്ത് മുന്നേറാൻ നമുക്ക് എന്ത്പ്രോത്സാഹനമാണ് വേണ്ടത്? ഹുസൂർ തിരുമനസ്സിന്റെ നിർദേശ പ്രകാരം ഞങ്ങൾക്ക് യു കെ യുടെ വിവിധ ഭാഗങ്ങൾ നിലകൊള്ളുന്ന ജമാഅത്തുകളും ടൂറിസ്റ്റ് സ്ഥലങ്ങളും സന്ദർശിക്കാൻ ജമാഅത്ത് ഏർപ്പാട് ചെയ്തിരുന്നു. 4 ദിവസത്തെ യാത്രയിൽ യു കെ യിലെ വിവിധ സ്ഥലങ്ങൾ കണ്ടു.

### ഓക്സ്ഫോർഡ് യൂണിവേഴ് സിറ്റിയിലേക്ക്

31. 8. 20015 ന് കാലത്ത് ഞങ്ങളെല്ലാവരും മസ്ജിദ് ഫസലിൽ നിന്ന് ദുആയോടു കൂടി യാത്ര തുടങ്ങി. ബഹുമാന്യ യു കെ നായിബ് അമീർ സാഹിബ് യു കെ യിലെ മൂന്ന് ഖാദിം സഹോദരങ്ങളെ ഞങ്ങൾക്ക് സേവനത്തിനായി നിശ്ചയിച്ചിരുന്നു. ആദ്യം ഞങ്ങളുടെ വാഹനം എത്തിയത് യൂറോപ്പിലെ പ്രശസ്തമായ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി യിലാണ്. സാധാരണ ക്ലാസ് നടക്കുന്ന സമയത്ത് ടൂറിസ്റ്റുകൾക്ക് പ്രവേശനം അനുവദിക്കാറില്ല. മഹാഭാഗ്യമാണെ

ന്ന് പറയാം ഞങ്ങൾക്ക് പ്രവേശനം ലഭിച്ചു. ലോക പ്രശസ്തരായ ധരാളം പേർ ഇവിടെ പഠിച്ച വിവരം വായന ക്കാർക്ക് അറിയാമല്ലോ. ഐൻസ് റ്റീൻ, ബിൽക്ലിന്റൺ പാകിസ്താ നിലെ പ്രമുഖരായ 25 ഓളം മന്ത്രിമാർ കൂടാതെ നമ്മുടെ പ്രിയങ്കരനായ ഖലീഫത്തുൽ മസീ ഹ് സാലിസും റാബിയും ഈ യൂണിവേഴ്സിറ്റി കളിൽ പഠിച്ചിട്ടുണ്ട്. 11 ബില്ല്യൻ പുസ്തകങ്ങളുടെ ഒരു മഹാശേഖര മുണ്ട് ഇവിടെ.

### ബിർമിങ്ങ്ഹാം ജമാഅത്ത്

ചില പ്രധാന സ്ഥലങ്ങൾ സന്ദർ ശിച്ചതിന് ശേഷം ഞങ്ങൾ ലണ്ടനിൽ നിന്നും 130 മൈൽ അകലെയുള്ള ബിർമിങ്ങ് ഹാം ജമാഅത്തിൽ എത്തിച്ചേർന്നു. രാത്രിയിൽ ഇവിടെ യാണ് താമസം. ബിർമിങ്ങ്ഹാം ജമാഅത്തിന് കീഴിൽ 5 ഹൽഖ കളുണ്ട്. അമീർ ഡോ. അഷറഫ് സാഹിബ് അരമണിക്കൂർ കൊണ്ട് മൊത്തത്തിൽ ജമാഅത്തിനെ പരിചയപ്പെടുത്തി. മൊത്തം 1200 മെംബർമാർ ഇവിടെ അഹ്മദി കളായുണ്ട്. 2 ഏക്കറിൽ വിശാലമായ ഈ പള്ളി ടൗണിന്റെ ഹൃദയ ഭാഗത്ത് തന്നെയാണ്. 10 വർഷങ്ങൾ ക്ക് മുമ്പാണ് ഈ സ്ഥാപനം ജമാ അത്ത് അംഗങ്ങൾ വിലക്ക് വാങ്ങി യത്. ഞങ്ങൾ 80 പേർക്ക് കിട ക്കാനും മറ്റും ഇതിൽ സൗകര്യമു ണ്ടായിരുന്നു. ഡൈനിങ്ങ് ഹാൾ, കിച്ചൺ, ഗസ്റ്റ് റൂം, വിവിധ ഓഫീസുകൾ പാർക്കിങ്ങ് സൗകര്യം അങ്ങനെ തുടങ്ങി എല്ലാ സൗകര്യ ങ്ങളും ഈ സ്ഥാപനത്തിലുണ്ട്.

### മാഞ്ചസ്റ്റർ ജമാഅത്ത്

ഇടക്കുള്ള കാഴ്ച്ചകൾ കണ്ട ശേഷം മാഞ്ചസ്റ്റർ ജമാഅത്തിൽ ഞങ്ങൾ എത്തിച്ചേർന്നു. ദാറുൽ അമാൻ എന്നാണ് പള്ളിയുടെ പേര്. മാഞ്ചസ്റ്റർ ജമാഅത്തിന് കീഴിൽ 10 ഹൽഖകൾ ഉണ്ട്. 1996 ലാണ് മാഞ്ചസ്റ്റർ ജമാഅത്ത് സ്ഥാപി തമായത്. ആ കാലത്ത് 4 കുടുംബം മാത്രമായിരുന്നു അവിടെ ഉണ്ടായി രുന്നത്. അല്ലാഹുവിന്റെ അനുഗ്ര ഹത്താൽ ഇപ്പോൾ 1000 ത്തോളം അംഗങ്ങൾ മാഞ്ചസ്റ്റർ ജമാഅ ത്തിൽ മാത്രമുണ്ട്. മറ്റ് ഹൽഖകൾ കൂടി ചേർന്നാൽ 1500 ഓളം വരുമെന്ന് അമീർ ജമാഅത്ത് ജനാബ് നാസിർ അഹ്മദ് സാഹിബ് പറഞ്ഞു. വിശാലമായ നമസ്ക്കാര ഹാളുകളും ഗസ്റ്റ് റൂമുകളും കിച്ചൺ റൂമുകളും ഡയനിങ്ങ് ഹാളും തുടങ്ങിയ വിവിധ ഓഫീസു കളും ഉണ്ട്. മാഞ്ചസ്റ്റർ ടൗണിൽ ഒരു ഏക്കർ സ്ഥലത്താണ് ഈ പള്ളി സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ പൊറോട്ട പോലെയുള്ള രാത്രി ഭക്ഷണം ഞങ്ങൾക്ക് ലഭിച്ചപ്പോൾ ഞാൻ അനുവാദം ചോദിച്ച് അടുക്കളയിൽ ചെന്ന് നോക്കി. കാരണം എനിക്കും പൊറോട്ട ഉണ്ടാക്കാനറിയാം. എങ്കിൽ അവരെ യൊക്കെ ഒന്ന് സഹായിക്കാമെന്ന് എനിക്കും തോന്നി. അടുക്കളയിലെ ജോലിക്കാരനെ ഒന്ന് പരിചയപ്പെട്ടു. മാഞ്ചസ്റ്ററിൽ ഒരു പോലീസ് ഓഫീസറാണ് ആ മാന്യവ്യക്തി. വസിം അഹ്മദ് എന്നാണ് അദ്ദേഹ ത്തിന്റെ പേര്. ദീർഘദൂര യാത്ര കഴിഞ്ഞ് അൽപ്പം ക്ഷീണം അനുഭ വപ്പെടുന്നുണ്ട്. ഉറങ്ങാനുള്ള സമയ മായി. എന്റെ തൊട്ടടുത്ത് കിടക്കുന്ന സുഹൃത്തിനോട് ഞാൻ തമാശ യായി പറഞ്ഞു: പ്ലീസ് കൂർക്കം വലിക്കരുത്, എനിക്കുറങ്ങണം. അദ്ദേഹത്തിന്റെ മറുപടി: ഞാൻ കൂർക്കം വലിക്കുന്നതിന് മുമ്പ് താങ്കൾ ഉറങ്ങിയാൽ മതി! എനിക്ക് ആ തമാശക്കാരനെ വല്ലാതെ ഇഷ്ടപെട്ടു. അദ്ദേഹത്തെ ഒന്ന് പരിചയപ്പെടാൻ ഞാൻ വെറുതെ ചോദിച്ചു. താങ്കൾ എന്ത് ചെയ്യുന്നു? ഞാൻ ആഫ്രിക്കയിൽ ഒരു ജമാഅ ത്തിലെ അമീറാണ്. ഞാനൊന്ന് ഞെട്ടി. ഞാൻ ഒരമീറിനോട് ഇങ്ങനെ പറഞ്ഞുവല്ലോ? വീണ്ടും ഞാൻ ചോദിച്ചു: താങ്കളുടെ ജമാഅത്തിൽ എത്ര അംഗങ്ങളുണ്ട്? ആ ആദര ണീയ വ്യക്തിയുടെ മറുപടി: ഏക ദേശം ഒരു ലക്ഷം കാണും!! ഞാന ദ്ദേഹത്തോട് ക്ഷമാപണം നടത്തി. അങ്ങനെയുള്ള ഉന്നതരോട് ഇത്തര ത്തിലുള്ള തമാശകൾ പറയാൻ പാടില്ലായിരുന്നു. അദ്ദേഹം പറഞ്ഞു: താങ്കളുടെ ആ തമാശയാണ് നമ്മളെ പരിചയപ്പെടുത്തിയത്. സ്നേഹ ബന്ധങ്ങളിലാക്കിയതും (ഇൻശാ അല്ലാഹ്) നാളെ കാലത്ത് നമുക്ക് നന്നായി വീണ്ടും പരിചയപ്പെടാം.

ബ്ലാക്ക്പൂൾ എന്ന ടൂറിസ്റ്റ് സ്ഥലവും വിന്റർ മീർ തടാകത്തിലെ ബോട്ട് യാത്രയും വിവരിക്കാനുണ്ട്. ഞാനതിലേക്കൊന്നും പോകാതെ ജമാഅത്തുകളിലേക്ക് തന്നെ തിരിച്ചു വരികയാണ്.

### ഗ്ലാസ്ഗോ ജമാഅത്ത്

പകൽ മുഴുവനും പറവകളെ പോലെ ചുറ്റിക്കറങ്ങി രാത്രി ഏഴുമ ണിക്ക് ഗ്ലാസ്ഗോ ജമാഅത്ത് മസ് ജിദ് ബൈത്തുറഹ്മയിൽ ഞങ്ങൾ എത്തി ചേർന്നു. ലണ്ടൻ മസ്ജിദ് ഫുത്തുഹിൽ നിന്നും 600 കിലോ മീറ്റർ അകലെയാണ് ഗ്ലാസ്ഗോ ജമാഅത്ത്. ഗ്ലാസ്ഗോയിൽ നിന്ന് 210 കിലോമീറ്റർ അകലെയാണ് മാഞ്ച സ്റ്റർ ജമാഅത്ത്. 1945 ൽ ഹദ്റത്ത് മുസ്ലിഹ് മഊദി (റ) ന്റെ കാലത്ത് തന്നെ ഗ്ലാസ് ഗോയിൽ ജമാ അത്തു ണ്ടായിരുന്നു വത്രേ. 1985 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി (റഹ്) യുടെ കാലത്താണ് ഇന്നത്തെ ഗ്ലാസ് ഗോ മിഷൻ ഹൗസ് നിർമിച്ചിരി ക്കുന്നത്. ഇപ്പോൾ 375 അംഗങ്ങ ളുണ്ട്. ജനാബ് ഓർച്ചാഡ് ബശീർ അഹ്മദ് സാഹിബ് ദീർഘകാലം ഇവിടെ മിഷണറിയായി പ്രവർത്തി ച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മകനെ ഞങ്ങൾ പരിചയപ്പെട്ടു.

വെളുത്ത് സുമുഖനായ മനു ഷ്യൻ ! മനോഹരമായ താടിയും സൽവാർക്കമ്മീസും ആ യൂറോ പ്യൻ കുടും ബത്തെ പ്രത്യക്ഷത്തിൽ തന്നെ മാറ്റി മറിച്ചിരിക്കുന്നു. ഞാന ദ്ദേഹത്തോട് പറഞ്ഞു: അങ്ങയുടെ പിതാവ് 1956 കാലഘട്ടത്തിൽ ഞങ്ങ ളുടെ ഗ്രാമത്തിൽ വന്നിരുന്നു. അന്ന് ഞാൻ ജനിച്ചിട്ടില്ല. ഇന്നും ആഗ്രാമ ത്തിൽ വാഹന സൗകര്യം കുറ വാണ്. ഞാൻ ഇത്രയും ഓർമപ്പെടു ത്തി അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കി. ധാരധാരയായി കണ്ണുനീർ വരുന്നുണ്ടായിരുന്നു. തനിക്കും തന്റെ മക്കൾക്കും പിതാവിന്റെ പാത പിന്തുടരാൻ ഭാഗ്യമുണ്ടാവാൻ എന്നോടദ്ദേഹം ദുആ ചെയ്യണമെന്ന്

പറഞ്ഞു. ഓർച്ചാഡ് ബശീർ അഹ്മദ് സാഹിബ് ബ്രിട്ടീഷ് സൈന്യത്തിൽ ഇന്ത്യയിൽ ജോലി ചെയ്യുമ്പോഴായിരുന്നു അഹ്മദിയ്യത്തിന്റെ സന്ദേശം അദ്ദേഹത്തിന് ലഭിക്കുന്നത്. ഖിലാഫത്ത് ലഹള അടിച്ചമർത്താൻ വന്ന അദ്ദേഹത്തിന് യഥാർഥ ഖിലാഫത്ത് ലഭിക്കുകയുണ്ടായി.

**ഹാർട്ടിൽപൂൾ മോസ്ക്**

മസ്ജിദ് നാസിർ എന്നാണ് പേര്. 2005 ൽ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആണ് ഉദ്ഘാടനം ചെയ്തത്. ഗ്ലാസ്ഗോയിൽ നിന്ന് ഏകദേശം 200 കിലോ മീറ്റർ അകലെ ഹാൾട്ടിൽ പൂൾ മസ്ജിദിൽ നിന്ന് ലണ്ടൻ ബൈത്തുൽ ഫുത്തൂഹ് മസ്ജിദിലേക്ക് 300 കിലോ മീറ്റർ ദൂരമുണ്ട്. ഈ ജമാഅത്തിൽ 40 ൽ പരം ഇംഗ്ലീഷുകാരടക്കം മൊത്തം 160 അംഗങ്ങളുണ്ട്. ഇവിടെ മറ്റു മുസ്ലിംങ്ങൾ തീരെ കുറവാണ്.

**ബ്രാഡ്ഫോർഡ് ജമാഅത്ത്**

ഇംഗ്ലണ്ടിൽ ഏറ്റവും മനോഹരമായ സ്ഥലമാണിത്. ഇംഗ്ലണ്ടിന്റെ ഹാർട്ട് എന്നാണ് ഇവിടം അറിയപ്പെടുന്നത്. 1978 ൽ ഖലീഫത്തുൽ മസീഹ് സാലിസിന്റെ കാലഘട്ടത്തിലാണ് ഇവിടെ ജമാഅത്ത് സ്ഥാപിതമായത്. ഈ സ്ഥലത്ത് ഏറ്റവും ഉയർന്ന പ്രദേശത്ത് ഒരേക്കർ സ്ഥലത്താണ് ജമാഅത്ത് പള്ളിനിർമിച്ചിരിക്കുന്നത്. പള്ളിയുടെ പേര് മസ്ജിദ് ഹാദി എന്നാണ്. പള്ളിയുടെ മുറ്റത്ത് നിന്ന് നിന്ന് താഴേക്ക് നോക്കിയാൽ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ച്ചയാണ് കാണുക. ഏകദേശം 650 മെംബർമാർ ഈ ജമാഅത്തിലുണ്ട്.

മറ്റ് ഹൽഖകൾ കൂടിയാൽ ആയിരത്തിൽ പരം മെംബർമാരുണ്ടത്രെ. അക്കാലത്ത് 3500 പൗണ്ടിനാണ് ഈ സ്ഥലം ജമാഅത്ത് വിലക്ക് വാങ്ങിയത് (35 ലക്ഷം രൂപ). ഇവിടെ നിന്നും ലണ്ടൻ മസ്ജിദ് ഫുത്തൂഹിലേക്ക് 230 മൈൽ ദൂരമുണ്ട്.

**ഷെഫീൽഡ് ജമാഅത്ത്**

ഷെഫീൽഡിലെ നമ്മുടെ പള്ളിയുടെ പേര് ബൈത്തുൽ ആഫിയത്ത് എന്നാണ്. ബൈത്തുൽ ആഫിയത്തിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിൽ 4 ഹൽഖകൾ കൂടിയുണ്ട്. ബൈത്തുൽ ആഫിയത്തിൽ ജമാഅത്തിൽ 275 അംഗങ്ങളാണുള്ളത്. 2006 ൽ ഓക്ഷൻ സെയിലിലാണ് ഒരു സ്ഥാപനത്തോടെ ജമാഅത്ത് അത് വാങ്ങിയത്. പിന്നീട് അത് പള്ളിയായി രൂപപ്പെടുത്തുകയായിരുന്നു. ഇവിടെ നിന്ന് ലണ്ടൻ മസ്ജിദ് ഫുത്തൂഹിലേക്ക് 170 മൈൽ ദൂരമുണ്ട്. ഞങ്ങളുടെ യാത്ര തുടങ്ങി 4-ാമത്തെ ദിവസമാണ്. ഉച്ച ഭക്ഷണവും അൽപ്പം വിശ്രമവും ഇവിടെയാണ്. യാത്രാ അമീർ സാഹിബ് പറഞ്ഞു. ഇനിയും നമുക്ക് ഒരു ജമാഅത്ത് കൂടി കാണാനുണ്ട്. അവിടേക്ക് 4 മണിക്കൂർ യാത്ര ചെയ്യാനുണ്ട്. എങ്കിലേ രാത്രയിൽ ലണ്ടനിൽ എത്തിച്ചേരുകയുള്ളൂ. വിശ്രമം ഒഴിവാക്കാമെന്ന് വെച്ചു. ഞങ്ങൾ യാത്ര തുടർന്നു. ഏകദേശം 1400 കിലേ മീറ്റർ യാത്രചെയ്തു. ഒരു ചെറിയ ബ്ളോക്കിൽപ്പെട്ടു. അതു കൊണ്ട് അവസാനമായി കാണാൻ ഉദ്ദേശിച്ച ജമാഅത്ത് ഞങ്ങൾ ഒഴിവാക്കി. എന്നാൽ ജമാഅത്തിലെ അംഗങ്ങൾ ഞങ്ങളെ ഒഴിവാക്കിയില്ല. ഞങ്ങളുടെ യാത്രാവഴിയിൽ അവർ ഞങ്ങൾക്കായി തയ്യാറാക്കിയ രാത്രി ഭക്ഷണവുമായിവന്നു. ഒരു പാതയോരത്ത് ഞങ്ങൾ പരസ്പരം കണ്ടു മുലാഖാത്ത് ചെയ്തു. യാത്ര തുടർന്നു നാലാമത്തെ ദിവസം രാത്രി 9 മണിയോടെ ലണ്ടൻ പട്ടണത്തിൽ ഞങ്ങൾ തിരിച്ചു വന്നു. ഇതിനിടയിൽ പുറത്ത് നിന്ന് ഒരു ചായ പോലും ഞങ്ങൾക്ക് കുടിക്കേണ്ടി വന്നില്ല. എല്ലാം ജമാഅത്ത് ഒരുക്കി വെച്ചിരുന്നു. ഭക്ഷണത്തേക്കാൾ മനസ്സ് നിറച്ചത് ജമാഅത്തംഗങ്ങളുടെ ഉത്കൃഷ്ട സ്വഭാവവും പെരുമാറ്റവുമാണ്. അതുപോലെ നമുക്കും കഴിയുമാറാകട്ടെ.

ഞങ്ങൾ താമസ സ്ഥലത്തേക്ക് നീങ്ങി. സ്വന്തം സുഖസൗകര്യങ്ങളിൽ മുഴുകിയിരിക്കുന്ന ലോകനേതാക്കൾക്കിടയിൽ തന്റെ അതിഥികളായെത്തുന്ന എളിയവരായ ഞങ്ങളെ പോലെയുള്ളവരുടെ സുഖ സൗകര്യങ്ങൾ സദാ സമയവും ശ്രദ്ധിച്ചു കൊണ്ടിരിക്കുന്ന ഒരു മഹാ നേതാവിനെ ഒരു മാസക്കാലം അനുഭവിച്ചറിഞ്ഞപ്പോൾ കാരുണ്യത്തിന്റെ പ്രവാചകനായ ഹദ്റത്ത് മുഹമ്മദ് നബി (സ) യുടെയും ആ മഹാത് മാവിന്റെ പ്രതിപുരുഷൻ ഹദ്റത്ത് മസീഹ് മഊദി(അ)ന്റെയും പരിശുദ്ധ മാതൃകകളുടെ ജീവിക്കുന്ന മാതൃകകളാണ് ഇവിടെ നമുക്ക് അനുഭവപ്പെട്ടതെന്ന് ബോദ്ധ്യമായി. യു. കെ. ജൽസാ സാലാനയുടെ തിളക്കമുള്ള മായാത്ത ആ ഓർമകളുമായി നാട്ടിലേക്ക് മടങ്ങുമ്പോൾ എന്റെ ഹൃദയം നന്ദി സൂചകമായി റബ്ബിനോടുള്ള കൃതജ്ഞതയിൽ അലയടിക്കുകയായിരുന്നു.

കണ്ണൂരിൽ നടന്ന സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സത്യദൂതൻ ശതാബ്ദി പതിപ്പ് പ്രസിദ്ധീകരിച്ചതിനാൽ ഈ ലക്കം സത്യദൂതൻ നവംബർ - ഡിസംബർ മാസത്തെ ഒരുമിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. ശതാബ്ദി പതിപ്പ് ആവശ്യമുള്ളവർ മാനേജറിനെ ബന്ധപ്പെടുക

മാനേജർ

കുറിപ്പുകൾ

# തുർകി റഷ്യാ സംഘർഷം

മുസാഫിർ



മോസ്കോയിൽ തുർക്കി എമ്പസിക്കു നേരെ പ്രതിഷേധിക്കുന്ന റഷ്യക്കാർ

**2015** നവംബർ 24-ാം തീയതി തുർക്കി അതിർത്തിയിലേക്ക് അതിക്രമിച്ചു കയറിയ റഷ്യൻ ബോംബർ വിമാനത്തെ തുർക്കി എയർഫോഴ്സിലെ എഫ് 16 ഫൈറ്റർ വിമാനം വെടി വെച്ചിടുകയുണ്ടായി. പശ്ചിമേഷ്യ യുമായി ബന്ധപ്പെട്ട സംഘർഷ ത്തിന്റെ ഈ പുതിയ സംഭവികാസം ഒരു നിർണായകമായ വഴിത്തി രിവായി ചൂണ്ടിക്കാട്ടപ്പെടുന്നു. ഏക ദേശം 2 കിലോ മീറ്റർ തുർക്കി അതിർത്തിയിലേക്ക് 17 സെക്കന്റ് റഷ്യൻ ഫൈറ്റർ വിമാനം അതിർത്തി ലംഘിച്ചു പറന്നതായി തുർക്കി ആരോപിച്ചു. റഷ്യൻ വിമാനത്തിന്റെ ദിശ മാറിയപ്പോൾ തന്നെ 5 മിനുട്ടിനുള്ളിൽ 10 തവണ റഷ്യൻ വിമാനത്തെ തുർക്കി അറിയിച്ചിരുന്നു. എന്നിട്ടും തങ്ങളുടെ അതിർത്തിയിലേക്ക് കയറിയ വിമാനത്തെ സുരക്ഷാകാരണങ്ങളാണ് വെടിവെച്ചിടേണ്ടി വന്നത് എന്ന തുർക്കിയുടെ വിശദീകരണം റഷ്യയെ തൃപ്തിപ്പെടുത്തിയിട്ടില്ല. റഷ്യ ഇതിന് മുമ്പും തങ്ങളുടെ അതിർത്തി ലംഘിച്ചിട്ടുണ്ട് എന്നും തുർക്കി ആരോപിക്കുന്നു. റഷ്യ ഇത് നിഷേധിക്കുകയും വിമാനം തുർക്കി അതിർത്തിയിൽ നിന്നും 1 കിലോ മീറ്റർ അകലെ സിറിയക്കുള്ളിൽ തന്നെയാണെന്നും അവിടെയാണ് റഷ്യൻ വിമാനത്തിന്റെ അവശിഷ്ടങ്ങൾ ഉള്ളതെന്നും റഷ്യൻ പ്രതിരോധ മന്ത്രി വിശദീകരിച്ചു. റഷ്യൻ വിമാനത്തിലുണ്ടായിരുന്ന പയലറ്റും വെപ്പൺ ഓഫീസറും പാരച്യൂട്ട് ഉപയോഗിച്ച് രക്ഷപ്പെട്ടെങ്കിലും രക്ഷപെട്ടവരിൽ ഒരാളെയും രക്ഷാപ്ര വർത്തന ത്തിന് എത്തിയ മറ്റൊരു വൈമാനികനെയും തുർക്കി റിബലുകൾ വെടി വെച്ചു കൊല്ലുകയുണ്ടായി. അത്യന്തം പ്രക്ഷുബ്ധവും അതിസങ്കീർണവുമായ സിറിയൻ ആഭ്യന്തര യുദ്ധപശ്ചാത്തലത്തിൽ പരസ്പരം യുദ്ധം പ്രഖ്യാപിക്കാത്ത രണ്ടു രാജ്യങ്ങൾ പെട്ടെന്ന് ഒരു നിമിഷത്തെ അതിർത്തി ലംഘനത്തിന്റെ പേരിൽ ഇത്തരമൊരു സാഹചര്യത്തിലേക്ക് വലിച്ചിഴക്കപ്പെട്ടു എന്നത് ദുരൂഹവും ആശങ്കാജനകവുമാണ്.

മറ്റൊരു മുഖ്യപ്രശ്നം 1950 മുതൽ അമേരിക്കൻ നേതൃത്വത്തിലുള്ള നാറ്റോ സൈനിക സംഖ്യത്തിലെ അംഗരാജ്യമാണ് തുർക്കി. 1949 ൽ ആരംഭിച്ച കാലം മുതൽ ഇന്ന് വരെ നാറ്റോ സഖ്യത്തിൽ പെട്ട ഒരു രാജ്യവും റഷ്യയുടെയോ അമേരിക്കയുടെയോ വിമാനങ്ങളെ പരസ്പരം ഈവിധം ആക്രമിച്ചിട്ടില്ല. നാറ്റോ സഖ്യരാജ്യത്തിൽപ്പെട്ട ഏതെങ്കിലും ഒരു രാജ്യത്തെ സഖ്യത്തിൽപ്പെടാത്ത മറ്റൊരു രാജ്യം ആക്രമിച്ചാൽ നാറ്റോ സഖ്യം ഒന്നിച്ച് നിന്ന് ആക്രമി രാജ്യത്തെ പ്രതിരോധിക്കുക എന്നതാണ് ഈ രാജ്യങ്ങൾക്കിടയിലെ പ്രധാന കരാർ. ശീതയുദ്ധ കാലത്ത് റഷ്യയുടെ നേതൃത്വത്തിലുള്ള ചേരിയെ പ്രതിരോധിക്കാനാണ് നാറ്റോ സഖ്യം രൂപം കൊണ്ടത്. ഇറാഖിൽ രൂപം കൊണ്ട ഐ.എസ്. ഭീകരരെ ഉന്മൂലനം ചെയ്യുക എന്ന ഒരേ ലക്ഷ്യത്തിനായി യുദ്ധം ചെയ്യുന്നവരാണ് തുർക്കിയും റഷ്യയും. അങ്ങനെയെങ്കിൽ വിമാനം വെടിവെച്ചതിന് ശേഷം ഉടൻ റഷ്യയെ നേരിട്ട് സമീപിച്ച് ഖേദ പ്രകടനം നടത്തുന്നതിന് പകരം നാറ്റോ സൈനിക സഖ്യത്തെ സമീപിച്ചതിൽ പുട്ടിൻ നീരസം പ്രകടിപ്പിക്കുകയുണ്ടായി. പിന്നിൽ നിന്നുള്ള കുത്താണിതെന്നാണ് പുട്ടിൻ പറ

ഞ്ഞത്. തീ കൊണ്ട് കളിക്കരുതെന്ന് തുർക്കി പ്രസിഡന്റ് റീകപ്പ് തയ്യബ് ഉർദുഖാൻ തിരിച്ചടിക്കുകയും ചെയ്തു. ഈ സംഭവത്തിന് ശേഷം റഷ്യയും തുർക്കിയും തമ്മിലുള്ള നയതന്ത്ര ബന്ധം വിച്ഛേദിക്കുക യുണ്ടായി. പ്രസ്താവനാ യുദ്ധം തുടരുകയാണ്. തുർക്കിക്കെതിരെ റഷ്യ സമഗ്രമായ ഒരു ഉപരോധം നടത്താനുള്ള നീക്കത്തിലാണ്. സൈനികമായി തിരിച്ചടിക്കില്ല എന്ന് പുട്ടിൻ പ്രസ്താ വിച്ചിട്ടുണ്ട്. തുർക്കി ഖിലാഫത്തിന്റെ കാലം മുതൽ റഷ്യൻ സാമ്രാജ്യവുമായി തുർക്കി പരസ്പരം നിവധി യുദ്ധങ്ങൾ നടത്തിയിട്ടുണ്ട്. ചരിത്രപരമായി രണ്ടു ശത്രു രാജ്യങ്ങളായിട്ടാണ് ഇവർ അറിയപ്പെടുന്നത്.

സിറിയൻ യുദ്ധരംഗംത്ത് ഒരു ഡസനോളം രാജ്യങ്ങൾ നേരിട്ട് പങ്കെടുക്കുകയും പല രാജ്യങ്ങളും സ്പോൺസർ ചെയ്ത ജിഹാദി ഗ്രൂപ്പുകൾ തീവ്രമായ കൊടും യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടി രിക്കുകയുമാണ്. സിറിയയിലെ ശിയാ വിശ്വാസിയായ ബശ്ശാറുൽ അസദിന്റെ ഭരണകൂടത്തിനെതിരെ സുന്നി ഭീകരവാദി സംഘടനയായ ഐ എസ് റിബലുകളെ പിന്തുണ ക്കുന്ന നയമാണ് സഊദി അറേബ്യ യും തുർക്കിയും അമേരിക്കയും സ്വീകരിച്ചിരുന്നത്. റഷ്യയാകട്ടെ ബശ്ശാറിനെ താങ്ങി നിർത്തുന്ന ചേരിയിലുമാണ്. ഇസ്ലാമിന്റെ പേരിൽ ഐ. എസ്. നടത്തുന്ന സ്തോഭജനകമായ കൊടും ഭീകരത യും മനുഷ്യക്കുരിതികളും പരസ്യ പ്പെടുത്തി ലോകത്തെ കിടിലം കൊള്ളിച്ചു കൊണ്ടുള്ള ഐ. എസ്. ന്റെ മുന്നേറ്റം മുസ്ലിം ലോകമടക്കം ലോകാഭിപ്രായം ഒന്നടങ്കം ഐ എസിന് എതിരായി മാറിയിരിക്കു കയാണ്. തുടക്കം മുതൽ ഐ. എസിനെ അനുകൂലിച്ചവരാണ് തുർക്കിയും സഊദിയും. ഇപ്പോൾ ഐ. എസിനെ എതിർക്കാതിരി ക്കാൻ അവർക്ക് നിർവാഹമില്ലാതെ യായി. അങ്ങനെ യാണ് ഐ. എസ്. നെതിരെ പ്രസ്താവനയുമായി തുർക്കി സഊദിയുമെ ല്ലാം രംഗത്ത് വരുന്നത്. ഒക്ടോബർ 31-ാം തീയതി റഷ്യൻ യാത്രക്കാർ കയറിയ ഈജിപ്ഷ്യൻ വിമാനം മിസൈൽ വെച്ച് തകർത്ത് 217 യാത്രക്കാർ കൊല്ലപ്പെട്ടതും സപ്തംബർ 13 ന് പ്യാരീസിൽ 130 പേർ മരിച്ച ബോംബ് സ്ഫോടനത്തിന്റെയും ഉത്തര വാദിത്വം ഐ. എസ്. ഏറ്റെടുത്ത ശേഷം യു. എൻ. അനുമ തിയോടെ ഐ. എസ്. നെ ഉന്മൂല നാശം വരുത്താൻ ഫ്രാൻസും അമേ രിക്കയും റഷ്യയും കൈകോർത്തു കൊണ്ട് യുദ്ധം ചെയ്യാനൊരു ങ്ങുകയാണ്. അതിനിടെയാണ് തുർക്കി അതിർത്തി ലംഘിച്ചതിന്റെ പേരിൽ റഷ്യൻ വിമാനത്തെ വെടി വെച്ചിട്ട സംഭവമുണ്ടായത്. തുർക്കി അധികൃതർ ഐ. എസ്. ന് എണ്ണ വിൽപ്പന നടത്തുന്നതിന് സൗകര്യം ചെയ്തു കൊടുക്കുന്നു എന്ന ആരോപണം റഷ്യൻ പ്രസിഡണ്ട് വ്‌ളാദ്മീർ പുട്ടിൻ ഉയർത്തിയിരി ക്കുകയാണ്. തുർക്കിയുടെ ഭീകര വിരുദ്ധ സൈന്യം ഐ. എസി.ന് പകരം അവരോടൊപ്പം യുദ്ധം ചെയ്യുന്ന കുർദുകളെയാണ് ലക്ഷ്യം വെച്ചാണ് ബോംബാക്രമണം നട ത്താനാണ് താൽപര്യം കാണിക്കു ന്നത് എന്നും പറയപ്പെടുന്നു.

ഇവിടെ മുഖ്യമായും നാം മന സ്സിലാക്കേണ്ടത് സിറിയൻ പ്രദേശം വിവിധ താൽപര്യങ്ങളുള്ള വൻശ ക്തികൾ തങ്ങളുടെ ശക്തി പരീക്ഷ ണങ്ങൾക്കും ഗൂഢപദ്ധതികൾക്കും വേദിയാക്കിയിരിക്കുകയാണ്. റഷ്യൻ വിമാനം തുർക്കി വെടിവെ ച്ചിട്ടത് പോലെ ഏതെങ്കിലും ഒരു നിസ്സാര പ്രശ്നത്തിന്റെ പേരി ലോ അല്ലെങ്കിൽ പുറം ലോകമറി യാത്ത നിഗൂഢ താൽപര്യങ്ങളുടെ പേരിലോ രഹസ്യ പദ്ധതികളുടെ പേ രിലോ ചിത്രം പെട്ടെന്ന് ഭയാനകമായ യുദ്ധത്തിലേക്കും ആഗോള വ്യാപ്തി തിയുള്ള മഹാസംഘർഷങ്ങളിലേ ക്കും വഴിമാറിയേക്കാം എന്നാണ് ഈ ചാഞ്ചട്ടങ്ങൾ നൽകുന്ന സൂചന. അല്ലാഹു അത്തരം ഒരു വിപത്തിൽ നിന്നും ലോകത്തെ രക്ഷിക്കട്ടെ.

ഐ. എസ്. ന്റെ രൂപീകരണവും അവരുടെ ഹീനകൃത്യങ്ങളും അവ സാനമായി ആരുടെ നേട്ടത്തിലും കോട്ടത്തിലുമാണ് എത്തിചേരുക എന്ന കണക്കെടുപ്പ് നോക്കുമ്പോൾ, ഇത് മുസ്ലിംകളുടെ നേട്ടത്തേക്കാൾ അവരുടെ വൻ നഷ്ടങ്ങൾക്കാണ് വഴി വെച്ചിട്ടുള്ളത്. വൻശക്തികളുടെ അടിമത്വത്തിലേക്ക് മുസ്ലിം രാജ്യ ങ്ങളെ നയിക്കുന്ന ഒരു പ്രതിഭാസ മാണതെന്ന് നമുക്ക് കാണാം. അൽ ഖായിദയുടെ രംഗപ്രവേശനവും അരങ്ങേറ്റവും കഴിഞ്ഞതിന് ശേഷ മുള്ള ആഗോള മുസ്ലിം ബാക്കി പത്രം അതാണ് സൂചിപ്പിക്കുന്നത്.

പക്ഷേ കുഴപ്പങ്ങളുടെയെല്ലാം നാരായവേര് മുസ്ലിംകളിലെ ജിഹാദിനുള്ള വമ്പിച്ച സ്വീകാര്യ തയാണ്. അതുകൊണ്ട് എവിടെനി ന്നാണെങ്കിലും ജിഹാദ് വിളികേട്ടാൽ ആ ദിക്കിലേക്ക് ഓടിയടുക്കുകയും അല്ലെങ്കിൽ അതിനോട് അനുഭാവം പ്രകടിപ്പിക്കുകയും ചെയ്യും വിധം ജിഹാദിന്റെ സ്വാധീനം മുസ്ലിം കളിൽ പ്രകടമാണ്. മുസ്ലിം സമൂഹ ത്തിന്റെ ഈ ഒരു മനഃശ്ശാസ്ത്രം ആർക്ക് വേണമെങ്കിലും ചൂഷണം ചെയ്യാം. ഏതെങ്കിലും ബാഹ്യശക്തി കൾക്ക് പോലും ഒരു ഭീകര മുല്ലയെ സ്വാധീനിച്ച് ഒരു ജിഹാദി സംഘം രൂപീകരിക്കാൻ മുസ്ലിം സമൂഹ ത്തിൽ എളുപ്പമാണ്. സമ്പത്തും മാധ്യമ പ്രചാരണവും ആയുധ ശക്തിയിയും കൈയ്യിലുള്ള ആർ ക്കും ഇത് എളുപ്പമാണ്. അതുകൊ ണ്ട് ആധുനിക കാലത്ത് സായുധ ജിഹാദ് ഇസ്ലാം മതത്തിന്ന് എല്ലാ അർഥത്തിലും വിരുദ്ധമാണ് എന്ന ആശയം ആത്മാർഥമായി മുസ്ലിം കൾ സ്വന്തം മതസമൂഹത്തിലും അന്താരാഷ്ട്ര സമൂഹത്തിലും പ്രച രിപ്പിച്ച് ഇസ്ലാമിന്റെ സമാധാന ത്തിനോടുള്ള അഗാധമായ പ്രതിബ ദ്ധത ലോകത്തിന് മനസ്സിലാക്കി കൊടുക്കണം. ജിഹാദും മുസ്ലിം വിഭാഗീയതയും ഉണ്ടാക്കുന്ന വിടവിലൂടെ ബാഹ്യശക്തികൾക്ക് മുസ്ലിം സമൂഹത്തിൽ നുഴഞ്ഞു കയറാൻ എളുപ്പമാണ് എന്ന വസ്തു ത ഉണർത്തിക്കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

# കേരള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ശതാബ്ദി സംസ്ഥാന സമ്മേളനം വിജയകരമായി സമാപിച്ചു

കണ്ണൂർ: 2015 നവംബർ 22-ാം തീയതി കണ്ണൂരിൽ (ടൗൺ സ്ക്വയർ) വച്ച് നടന്ന നൂറാം വർഷ സംസ്ഥാന സമ്മേളനം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നാസിർ ബൈത്തുൽ മാൽ (ഖർച്ച്) ശുഐബ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തതോടെ ആരംഭിച്ചു. ഉദ്ഘാടന സമ്മേളനത്തിന്റെ ആരംഭത്തിൽ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മസ്റൂർ അഹ്മദ് (അയ്യദഹു..) ന്റെ സന്ദേശം ശുഐബ് അഹ്മദ് സാഹിബ് വായിച്ചു. അതിന്റെ തർജമ പാലക്കാട് അമീർ എച്ച്. സുലൈമാൻ സാഹിബ് വായിച്ചു കേൾപ്പിച്ചു.

വാഗ്ദത്ത മഹ്ദി മസീഹിനെ ഏകനായാണ് അല്ലാഹു നിയോഗിച്ചത്. ഞാൻ നിനക്ക് വലിയ ഒരു സംഘത്തെ നൽകും എന്ന വെളിപാടും സുവിശേഷ വാഗ്ദാനവും നൽകി. അല്ലാഹുവിന്റെ ആ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് കേരളത്തിലെ ഈ ശതാബ്ദി സമ്മേളനം എന്ന് ഉദ്ഘാടകൻ പറഞ്ഞു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലോകമെങ്ങും പുരോഗതിയുടെ പാതയിലാണെന്നും സന്താനങ്ങളുടേയും കുടുംബത്തിന്റെയും തഖ്‌വയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൊണ്ട് അല്ലാഹു നൽകുന്ന ഈ വിജയം സാർഥകമാക്കണമെന്ന് അദ്ദേഹം അഹ്വാനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ കോഴിക്കോട് ജില്ലാ അമീർ കെ. എം. അഹ്മദ് കോയ അദ്ധ്യക്ഷം വഹിച്ചു. ദൈവാസ്തിക്യം വിശുദ്ധ ഖുർആനിക ശാസ്ത്ര സത്യങ്ങളുടെ വെളിച്ചത്തിൽ - ഇ. എച്ച്. നജീബ്, നമസ്കാരത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും- മൗലവി മുഹമ്മദ് സലിം, വാഗ്ദത്ത മസീഹി (അ)ന് റസൂൽ തിരുമേനി(സ)യോടുണ്ടായിരുന്ന സ്നേഹം-മൗലവി മുഹമ്മദ് ഇസ്മായിൽ എന്നിവർ പ്രസംഗിച്ചു.

രണ്ടാമത്തെ സെഷനിൽ പുതുതായി ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച ചിലരുടെ അനുഭവങ്ങൾ വിവരിച്ചു. മലപ്പുറം അമീർ ടി. കെ. അമീറലി സാഹിബ് അദ്ധ്യക്ഷം വഹിച്ചു.

വൈകുന്നേരം നടന്ന സമാപന പൊതു സമ്മേളനം ശുഐബ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ അമീർ യു. മൻസൂർ അഹ്മദ് സാഹിബ് അദ്ധ്യക്ഷം വഹിച്ചു. കേരള അഹ്മദിയ്യാ ചരിത്രം ഹ്രസ്വമായി അദ്ദേഹം വിവരിക്കുകയുണ്ടായി. തുടർന്ന് ഇസ്‌ലാമും സമകാലിക മുസ്‌ലിം ലോകവും- എ. എം. സലിം, റസൂൽ തിരുമേനി(സ)യുടെ ശത്രുക്കളോടുള്ള പെരുമാറ്റം-മൗലവി നാസിർ അഹ്മദ്, അഹ്മദിയ്യത്ത് ലോകത്തിന് എന്ത് നൽകി-സുൽത്താൻ നസീർ എന്നിവർ പ്രസംഗിച്ചു. 7.00 മണിക്ക് ദുആയോടെ യോഗം അവസാനിച്ചു.

# മാത്തോട്ടം ജമാഅത്തിന് തിളക്കമാർന്ന നേട്ടം




മാത്തോട്ടം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മജ്‌ലിസ് അൻസാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ ലജ്ന ഇമായില്ല മജ്‌ലിസ് നാസിറാത്തുൽ അഹ്മദിയ്യ എന്നീ പോഷക സംഘടനകൾ ഇക്ക ഴിഞ്ഞ പ്രവർത്തന വർഷത്തിൽ അഖിലേന്ത്യാ തലത്തിൽ തിളക്കമാർന്ന നേട്ടം കൈവരിക്കുകയുണ്ടായി.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായും മജ്‌ലിസ് നാസിറാത്തുൽ അഹ്മദിയ്യായും അഖിലേന്ത്യാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഖാദിയാൻ, ഹൈദ്രാബാദ് എന്നീ മജ്‌ലിസുകൾക്ക് യഥാക്രമം രണ്ടും മൂന്നും സ്ഥാനമാണ് ലഭിച്ചത്.

അഖിലേന്ത്യാ തലത്തിൽ ലജ്നാ ഇമായില്ലാഹ് രണ്ടാം സ്ഥാനത്തിനും മജ്‌ലിസ് അൻസാറുല്ലാഹ് നാലാം സ്ഥാനത്തിനും അർഹരായി. മജ്‌ലിസ് അൻസാറുല്ലാഹ് മാത്തോട്ടം കേരളത്തിൽ ഒന്നാം സ്ഥാനത്തെത്തി. മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാക്ക് അഖിലേന്ത്യാതലത്തിൽ പന്ത്രണ്ടാം സ്ഥാനമാണ് ലഭിച്ചത്.

ഒന്നാം സമ്മാനമായ അഹ്മദിയ്യാ പതാകയും ഹുസൂറിൽ നിന്നുള്ള സർട്ടിഫിക്കറ്റും ഖാദിയാനിൽ വച്ച് ഖാഇദ് എം. ജലീൽ അഹ്മദ് സാഹിബും തദവസരത്തിൽ സന്നിഹിതരായിരുന്ന പ്രവർത്തക സമിതിയംഗങ്ങളും ചേർന്ന് നാസിർ അഅ്‌ലാ ജനാബ് മൗലാനാ ഇനാം സാഹിബ് ഗോരിയിൽ നിന്നും ഏറ്റുവാങ്ങി.

## അനുസ്മരണം



### എം. അബ്ദുൽ വാഹിദ്

മാത്തോട്ടം ജമാഅത്ത് അംഗവും ആദ്യകാല അഹ്മദികളിൽ പെട്ട മർഹൂം ജനാബ് മാടാക്കര അബൂബക്കർ സാഹിബിന്റെ മകനുമായ ജനാബ് എം. അബ്ദുൽ വാഹിദ് സാഹിബ് ഇക്കഴിഞ്ഞ ഒക്ടോബർ 14ന് നിര്യാതനായി. ഇന്നാലില്ലാഹി...

പരേതന് 62 വയസ്സായിരുന്നു. ഭാര്യ റസിയ. മക്കൾ: ഷംലക്ക് ബാബു, ഷർലീന, ജാമാതാവ് ഷാനവാസ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.

-ബി. എം. ശൗക്കത്തലി





കേരള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് കണ്ണൂരിൽ നടന്ന സംസ്ഥാന സമ്മേളനം കേന്ദ്ര പ്രതിനിധി ശുഐബ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ഷാഹുൽ ഹമീദ്, മൗലവിനാസിർ അഹ്മദ്, വസിം അഹ്മദ്, ഇ. എച്ച്. നജീബ്, മൗലവി മുഹമ്മദ് സലിം, മൗലാനാ മുഹമ്മദ് ഉമർ, നാസിമുദ്ദീൻ, യു. മൻസൂർ അഹ്മദ്, ഷെരീഫ് അഹ്മദ്, കെ. എം. അഹ്മദ് കോയ, എച്ച്. സുലൈമാൻ, അമീറലി എന്നിവർ വേദിയിൽ



മജ്‌ലിസ് അൻസാറുല്ലാഹ് പാലക്കാട് തൃശൂർ ജില്ലകളുടെ ആഭിമുഖ്യത്തിൽ കുളു, മണാലി, റോത്തങ്ങ് പാസ് എന്നിവിടങ്ങളിൽ നടത്തിയ വിനോദയാത്രയിൽ പങ്കെടുത്തവർ

## അനുസ്മരണം

### എൻ. അബ്ദുറശീദ്



മാത്തോട്ടം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അംഗവും കണ്ണൂർ സ്വദേശിയുമായ ജനാബ് എൻ. അബ്ദുറശീദ് സാഹിബ് (67) ഇക്കഴിഞ്ഞ സെപ്റ്റംബർ 22ന് വഫാത്തായി. ഇന്നാലില്ലാഹി..

സത്യദൂതൻ മുൻ പത്രാധിപരായിരുന്ന മർഹൂം എൻ. അബ്ദുറഹിം സാഹിബിന്റെ സഹോദരനായിരുന്നു. ഭാര്യ നസീറ റശീദ്. മക്കൾ: സഈൻ ബുശ്റ, നിശാൻ റശീദ്, സൈആൻ ഫർഹ, മരുമക്കൾ: അബ്ദുശാഫി, ശിയാസ് എൻ. എൽ, ശഫീഖ് അഹ്മദ് കെ. പി.

അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.

-ബി. എം.ശൗക്കത്തലി



**Published on 7 December 2015**

Vol: 87 Issue. **11**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
**The Sathyadoothan Monthly**


## വായിക്കുക, വരിക്കാരാവുക!



# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ



# സത്യദൂതൻ ശതാബ്ദി പതിപ്പ് പുറത്തിറങ്ങി

കേരള അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് നൂറാം വർഷത്തിൽ പ്രസിദ്ധീകരിച്ച
സത്യദൂതൻ പ്രത്യേക പതിപ്പ് സംസ്ഥാനശതാബ്ദി
സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

വില 200 രൂപ
ഏതാനും
കോപ്പികൾ മാത്രം

കോപ്പികൾക്ക് ബന്ധപ്പെടുക
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക

**1800 425 2020** Toll Free (9 am to 9 pm)